



# വെളിപ്പാടു പുസ്തക വ്യാഖ്യാനം

## രഹസ്യങ്ങളുടെ ചുരുളഴിയുന്നു

റവ. നൈനാൻ മാത്തുള്ള

**വെളിപ്പാടു പുസ്തക വ്യാഖ്യാനം**

(Velippadu Pusthaka Vyakhyanam)

Language : Malayalam

Author
**Rev. Ninan Mathullah**

Copyright ©2020 by Ninan Mathullah

email: bibleversecoms@aol.com

First Edition - 2020

Cover Design: Saji Clarion (sajiclarion@gmail.com)

ISBN
978 - 0 - 9843045 - 8 - 5

All Rights Reserved. No part of this book may be reproduced transmitted in any form for commercial purposes without permission in writing from the publisher except for brief quotations in printed reviews.

Published by: B V Publishing, Inc., Houston, Texas 77477. USA.
Website: www.bvpublishing.org

To order book visit www.bvpublishing.org

Printed and bound by: Cochin Printech Pvt. Ltd.

സമർപ്പണം

## വഴിയും സത്യവും ജീവനുമായവന്...

# ഉള്ളടക്കം


നന്ദിയും കടപ്പാടും 5
ആമുഖം 6
അവതാരിക 9
അഭിപ്രായം 12
പ്രവചനങ്ങളുടെ ചരിത്രപശ്ചാത്തലം 21
വായനക്കുമുമ്പ് 28
1. വെളിപ്പാടിന്റെ ആമുഖം 41
2. സഭകൾക്കുള്ള ദൂത് 1 61
3. സഭകൾക്കുള്ള ദൂത് 2 73
4. സ്വർഗ്ഗം തുറക്കുന്നു 85
5. മുദ്രയിട്ട പുസ്തകം 92
6. ഏഴു മുദ്രകൾ 99
7. ഭാവിയിലേക്ക് ഒരു എത്തിനോട്ടം 107
8. ഏഴുകാഹളങ്ങൾ 117
9. ഏഴുകാഹളങ്ങൾ 2 119
10. തുറന്ന ചെറുപുസ്തകം 121
11. രണ്ടു പ്രവാചകന്മാർ 125
12. സൂര്യനെ അണിഞ്ഞൊരു സ്ത്രീ 135
13. മൃഗം അഥവാ അന്തിക്രിസ്തു 146
14. സഭയുടെ ഉൽപ്രാപണം 177
15. ഒരു ഇടവേള 187
16. ഏഴു പൊൻകലശങ്ങൾ 190
17. മഹതിയാം ബാബിലോൺ 198
18. ഒരു വിലാപഗാനം 209
19. കല്ല്യാണ സദ്യ, വെള്ളക്കുതിര, ഹർമ്മഗെദോൻ യുദ്ധം 212
20. ആയിരമാണ്ടു വാഴ്ചയും വെള്ളസിംഹാസനവും 218
21. പുതിയ ആകാശവും പുതിയ ഭൂമിയും 226
22. ഉപസംഹാരം 236
അനുബന്ധം - വിവിധ മതങ്ങളും രക്ഷയും 247
ബിബ്ലിയോഗ്രഫി 256

## നന്ദിയും കടപ്പാടും

ഈ പുസ്തകം എഴുതുന്നതിനായുള്ള വിളിയും തിരഞ്ഞെടുപ്പും കൂടാതെ, പ്രചോദനവും, മനസ്സിനെ മഥിച്ച്, ഇതിന്റെ പൂർത്തീകരണത്തിലേക്ക് നടത്തിയ, എന്റെ രക്ഷകനും, സത്യവെളിച്ചവുമായ യേശുക്രിസ്തുവിന്....

ഈ പുസ്തകം പഠിച്ച് അതിമനോഹരമായ അവതാരിക എഴുതി ഇതിനെ മോടിപിടിപ്പിച്ച രണ്ടു മതവിഷയങ്ങളിൽ ഡോക്ടറൽ ബിരുദധാരിയും, പത്രപ്രവർത്തനത്തിൽ ബിരുദാനന്തരബിരുദവുമുള്ള റവ. ഡോ. മാർസലിൻ മൊറെയ്സ് അച്ചന് ...

മനോഹരങ്ങളായ അഭിപ്രായങ്ങൾ എഴുതി തന്ന സഹോ. ജെ. സി. ദേവിനും, റവ. ഡോ. എബ്രഹാം തോട്ടത്തിൽ അച്ചനും, റവ. മത്തായി തെക്കേടത്ത് അച്ചനും ...

നാട്ടിൽ ഇതിന്റെ പ്രസിദ്ധീകരണത്തിന് വേണ്ട സഹായം ചെയ്തു തന്ന ക്രൈസ്തവചിന്തയുടെ എഡിറ്റർ കെ. എൻ. റസ്സലിന് ...

കലാപരമായും വിഷയത്തെ പ്രതിഫലിപ്പിച്ചും കവർ ഡിസൈൻ, ലേ-ഔട്ട്, ടൈപ്പ്സെറ്റിംഗ് എന്നിവ ചെയ്ത സജി ക്ലാരിയോണിന് ....

ഈ പുസ്തകത്തിന്റെ അച്ചടി മനോഹരമായി ചെയ്തു തന്ന കൊച്ചിൻ പ്രിൻടെകിന് ...

ഒരു വാക്കുകൊണ്ടോ, സഹകരണം കൊണ്ടോ ഈ ഉദ്യമത്തിന് പ്രചോദനം നൽകിയ എന്റെ എല്ലാ അഭ്യുദയകാംക്ഷികൾക്കും, ഇതിന്റെ പ്രസിദ്ധീകരണത്തിലുടനീളം പ്രാർത്ഥനയിൽ വിഷയം വഹിച്ച പാസ്റ്റർമാർക്കും, യുണൈറ്റഡ് ക്രിസ്ത്യൻ ചർച്ചിലെ വിശ്വാസികൾക്കും, എന്റെ സഹോദരി സഹോദരന്മാർക്കും കുടുംബാംഗങ്ങൾക്കും ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരും നന്ദി...

# ആമുഖം

ബൈബിളിന്റെ ഏകദേശം മൂന്നിലൊന്ന് ചരിത്രവും മൂന്നിലൊന്ന് നിർദ്ദേശങ്ങളും മൂന്നിലൊന്ന് പ്രവചനങ്ങളുമാണെന്നു പറയാം. ഇതിൽ ചരിത്രവും നിർദ്ദേശങ്ങളും മനസ്സിലാക്കുന്നതിന് താരതമ്യേന വിഷമമില്ല എങ്കിലും പ്രവചനങ്ങൾ മനസ്സിലാക്കുന്നതിന് ചരിത്രബോധം അത്യന്താപേക്ഷിതമാണ്; കാരണം പ്രവചനങ്ങൾ ചരിത്രത്തെ സംബന്ധിച്ചുള്ളതായാലും അതു ചരിത്രത്തിലാണ് നിറവേറിയത് എന്നതിനാലും തന്നെ.

ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ള ചരിത്രവിഷയങ്ങൾ ഇന്ന് അറിയപ്പെടുന്ന ലോകചരിത്രവുമായി ബന്ധപ്പെടുത്തി പഠിക്കാമെങ്കിലും അത് ഭാഗികമായ ചരിത്രബോധമേ നൽകുന്നുള്ളൂ. കാരണം ഇന്ന് ചരിത്രം എന്ന പേരിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ ചില തല്പരകക്ഷികൾ എഴുതി പ്രചരിപ്പിച്ചിട്ടുള്ളതാണ്. യുദ്ധത്തിൽ ജയിച്ച വിഭാഗത്തിനാണ് ചരിത്രം എഴുതാനുള്ള അവകാശം ലഭിക്കുന്നത്. തോറ്റ വിഭാഗത്തിന്റെ പുസ്തകങ്ങൾ നശിപ്പിക്കപ്പെടുകയും അവരുടെ ചരിത്രം എഴുതാനുള്ള അവകാശം എടുത്തുകളയുകയും ചെയ്യുന്നു. തോറ്റ വിഭാഗം തങ്ങളുടേതായ ചരിത്രം ഐതിഹ്യങ്ങളായോ മിത്തായോ പാരമ്പര്യങ്ങളായോ പ്രചരിപ്പിക്കുന്നു. അതുകൊണ്ട് ശരിയായ ചരിത്രബോധം ലഭിക്കണമെങ്കിൽ പാരമ്പര്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ഇന്ന് പലരും പാരമ്പര്യവിശ്വാസങ്ങൾക്ക് കല്ലിൽ കൊത്തിയ തെളിവുകളാണ് ആവശ്യപ്പെടുന്നത്. ഇരുണ്ട ഒരു മുറിയിൽ അവിടെ ഇല്ലാത്തതായ ഒരു കറുത്ത പൂച്ചയെ കുരുടനായ ഒരു വ്യക്തി അന്വേഷിക്കുന്നതുപോലെയാണ് അത്.

പ്രവചനങ്ങൾ ഭാവി ചരിത്രത്തിൽ നിറവേറേണ്ടതാകയാൽ ബൈബിളിൽ പ്രതിപാദിക്കുന്ന ചരിത്രത്തിൽ നിന്നു മാത്രം പ്രവചനങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കയില്ല. പ്രവചനങ്ങൾ അഥവാ പ്രവചനങ്ങളുടെ വ്യാഖ്യാനങ്ങൾ പലപ്പോഴും തെറ്റിപ്പോകുന്നത് ചരിത്രബോധം ഇല്ലാത്തതിനാലാണ്. ചരിത്രകാരന്മാർക്ക് ബൈബിൾ പ്രവചനങ്ങൾ അറിയില്ല എന്നതിനാലും ബൈബിൾ പണ്ഡിതന്മാർക്ക് വിവിധ ജാതികളുടെ പാരമ്പര്യവും ചരിത്രവും വിശദമായി അറിയില്ല എന്നതിനാലും മിക്കവാറും പ്രവചനങ്ങൾ ബൈബിൾ പണ്ഡിതന്മാർ തെറ്റായാണ് വ്യാഖ്യാ

നിച്ചിട്ടുള്ളത്. മിക്കവാറും ബൈബിൾ സെമിനാരികളിൽ ലോക ചരിത്രം ഒരു വിഷയമായി പഠിപ്പിക്കുന്നില്ല എന്നതാണ് കാരണം. അതുകൂടാതെ ചരിത്രപരമായ പല വിഷയങ്ങളുടേയും വിശ ദവിവരങ്ങൾ വെളിപ്പെടുത്തുന്നതിൽ ബൈബിൾ പലപ്പോഴും നിശബ്ദത പാലിക്കുന്നു.

ആദ്യകാലത്ത് എഴുതാനുള്ള സാമഗ്രികളും ഭാഷയിലെ ലിപി കളും ലഭ്യമായിരുന്നില്ല. അതുകാരണം പല ജനതകളും അ വരുടെ ചരിത്രം പാരമ്പര്യങ്ങളായി തലമുറ തലമുറയായി വാ മൊഴിയായി കൈമാറുകയായിരുന്നു. വർഷങ്ങൾ കഴിയുമ്പോൾ ഓർമ്മ നശിക്കുകയും ഭാവനയും അതിശയോക്തിയും പാരമ്പ ര്യവിശ്വാസങ്ങളിൽ കടന്നു കൂടുകയും ചെയ്യും. ഇങ്ങിനെയുള്ള എഴുത്തുകളെ നാം "മിതോളജി " എന്നോ "ഇതിഹാസ"മെന്നോ വിളിക്കുന്നു. ചരിത്രം അതിൽ ഉറങ്ങിക്കിടക്കുന്നുണ്ടെങ്കിലും അ തിലെ കഥാപാത്രങ്ങൾ പലതും ഭാവനയാകാം. ഉദാഹരണമായി രാമായണത്തിനും മഹാഭാരതത്തിനും BC 2000-നും BC 1500-നും ഇടക്കു നടന്ന സംഭവങ്ങളുമായി അതിനു ബന്ധമുണ്ടെങ്കിലും BC 500-നുശേഷമാണ് അവ എഴുതപ്പെട്ടത് എന്ന് കരുതുന്നു. തലമുറകൾ കൈമാറിയപ്പോൾ ചരിത്രമല്ലാത്ത പലതും അതിൽ കടന്നു കൂടി എന്നത് പരമാർത്ഥമാണ്.

വെളിപ്പാടു പുസ്തകത്തിലേയും ഡാനിയേൽ പ്രവചനത്തിലേയും പല പ്രവചനങ്ങളും മനസ്സിലാക്കുന്നതിൽ ബൈബിളിന്റെ ചരി ത്ര പശ്ചാത്തലം അറിഞ്ഞിരിക്കേണ്ടത് അത്യന്താപേഷിതമാണ്. അതുകൊണ്ട് ചരിത്ര പശ്ചാത്തലത്തിലേക്ക് കടന്നതിനുശേഷം വെളിപ്പാടിന്റെ വ്യാഖ്യാനത്തിലേക്ക് കടക്കുന്നതായിരിക്കുമല്ലോ ഉചിതം? വായനക്കാരെ പുരാതന ലോക ചരിത്രത്തിലേക്ക് ഒന്നു എത്തിനോക്കാൻ ക്ഷണിക്കുന്നു. നമുക്ക് സത്യം അന്വേഷിച്ച് ഒരുമിച്ച് യാത്ര ചെയ്യാം. അടുത്ത രണ്ട് അദ്ധ്യായങ്ങൾ ചരിത്ര പരമായ വിഷയങ്ങളാണ്. ചില വിഷയങ്ങൾ തുടക്കത്തിൽ വിശ ദീകരിച്ചിട്ടില്ലാത്തതിനാൽ വായനക്കാർക്ക് സംശയങ്ങൾ ഉണ്ടാ കാമെങ്കിലും പിന്നീട് അത് വിശദീകരിക്കുന്നുണ്ട്. പുസ്തകം വായിച്ചു കഴിയുമ്പോഴേക്കും അത് വ്യക്തമായിരിക്കും.

ഹൂസ്റ്റൻ **നൈനാൻ മാത്തുള്ള**

02-15-2020

# അവതാരിക

ഒരു പുസ്തകത്തിന്റെ അവതാരിക എഴുതുന്ന ആളുടെ, അവതാരകന്റെ, ദൗത്യം ആ പുസ്തകത്തെ അതിന്റെ ഗുണനിലവാരത്തേയും ന്യൂനതകളേയും ചൂണ്ടിക്കാണിച്ച് അവതരിപ്പിക്കുക എന്നതാണ്. അവതാരകന് ഗ്രന്ഥകാരന്റെ അഭിപ്രായങ്ങളോട് യോജിപ്പും വിയോജിപ്പും ഉണ്ടാകാം. അതു പറഞ്ഞ് കൊണ്ടു തന്നെയാണ് പുസ്തകം അനുവാചകന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്.

റവ. നൈനാൻ മാത്തുള്ളയുടെ ''വെളിപ്പാടു പുസ്തക വ്യാഖ്യാനം – രഹസ്യങ്ങളുടെ ചുരുളഴിയുന്നു'' എന്ന കൃതിയ്ക്ക് അവതാരിക എഴുതാൻ ഏല്പിച്ചപ്പോൾ വളരെ സുക്ഷ്മതയോടും ഗൗരവത്തോടും കൂടിയാണ് അതിന് തുനിയുന്നത്. ''ഉപാസന'' എന്ന തന്റെ കൃതിയ്ക്കും അവതാരിക എഴുതാൻ എനിക്കു തന്നെയാണ് അവസരം ലഭിച്ചത്. അന്ന് അത് ഒരു വെല്ലുവിളിയായിരുന്നു. ഇന്ന് അന്നത്തേക്കാൾ ശ്രമകരമാണ് ഈ ദൗത്യം; കാരണം പലതാണ്. ഒന്ന്, വിശുദ്ധഗ്രന്ഥത്തിലെ വെളിപ്പാടു പുസ്തകവ്യാഖ്യാനം വളരെ ശ്രമകരമായ ദൗത്യമാണ്; അധികമാരും അതിന് മുതിരാറില്ല. എഴുതാനെന്നല്ല വായിക്കാൻ പോലും ഒട്ടുമിക്ക പേരും ശ്രമിക്കാറില്ല; ധൈര്യപ്പെടാറില്ല എന്നു പറയുന്നതായിരിക്കും ഏറെ ശരി. രണ്ട്, വിശുദ്ധഗ്രന്ഥ പണ്ഡിതന്മാർ പോലും വിരളമായേ ഈ ഗ്രന്ഥത്തിന് വ്യാഖ്യാനമെഴുതാനുള്ള സാഹസികതയ്ക്ക് ഒരുങ്ങാറുള്ളൂ. മൂന്ന്, ഏറെ വായനയും പഠനവും കഴിഞ്ഞിട്ടാണ് വ്യാഖ്യാതാക്കൾ അതിന് തുനിയാറുള്ളത്. നാല്, ഏറെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി മാത്രമേ വ്യാഖ്യാനമെഴുതുന്നതിന് ആരും സന്നദ്ധരാകുകയുള്ളൂ.

വെളിപ്പാട് പുസ്തകവ്യാഖ്യാനം അത്ര കണ്ടു ശ്രമകരമായിരിക്കെ അതിന് അവതാരിക എഴുതേണ്ടതും അതുപോലെ സൂക്ഷ്മതയോടുകൂടി വേണം. പ്രത്യേകിച്ച്, മാത്തുള്ളയുടെ ശൈലി

സ്വതന്ത്രവും, വിശാലവീക്ഷണത്തോടുകൂടിയതുമാകുമ്പോൾ, തികച്ചും യാഥാസ്ഥിതിക വീക്ഷണമുള്ള അനുവാചകരുടെ മുമ്പിൽ ഈ ഗ്രന്ഥത്തെ അവതരിപ്പിക്കുന്നതിലെ സാഹസികത കുറച്ചൊന്നുമല്ല. അതുകൊണ്ടു തന്നെയാണ് ഈ ഗ്രന്ഥത്തിന് അഭിപ്രായം എഴുതാൻ പോലും ചിലരൊക്കെ വിസമ്മതിച്ചതും.

വെളിപ്പാടു പുസ്തകത്തിന്റെ ഉള്ളടക്കം, തന്റെ ജീവിച്ചിരുന്ന അവസാനത്തെ അപ്പൊസ്തലനായ യോഹന്നാന് യേശുക്രിസ്തു അന്നത്തെ സഭകളുടെ അവസ്ഥകളും തന്റെ സഭയെ സ്വീകരിക്കാൻ താൻ മദ്ധ്യാകാശത്തിൽ വെളിപ്പെടാൻ പോകുന്നതും, എതിർക്രിസ്തുവിന്റെ മഹാപീഢനവും, തന്റെ മഹത്വപ്രത്യക്ഷതയും, ആയിരാമാണ്ടു വാഴ്ചയും, സാത്താന്യശക്തിയുടെ പരാജയവും, നിത്യതയും അടങ്ങുന്ന നിഗൂഢവും ത്രസിപ്പിക്കുന്നതും ആശ്ചര്യപരതന്ത്രവുമായ കാര്യങ്ങൾ അടങ്ങുന്നതുമാണ്.

തികച്ചും വ്യത്യസ്തമായ ആഖ്യാനശൈലിയാണ് മാത്തുള്ള ഈ വെളിപ്പാടു പുസ്തക വ്യാഖ്യാനത്തിന് ആവിഷ്ക്കരിച്ചിരിക്കുന്നത്. വിശുദ്ധഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ മൂന്നായി തിരിച്ചിട്ട് – ''ചരിത്രം, നിർദ്ദേശങ്ങൾ, പ്രവചനങ്ങൾ'' – വിശുദ്ധഗ്രന്ഥത്തിലെ സംഭവങ്ങൾ പഠിക്കുന്നതിനും പ്രവചനങ്ങൾ ഗ്രഹിക്കുന്നതിനും ആ കാലഘട്ടത്തിലെ ആനുകാലിക ലോകചരിത്രം കൂടി പരതിനോക്കുന്നു. അതിൽ നിന്ന് തനിക്കുണ്ടാകുന്ന 'വെളിപ്പാടു'കളുടെ അടിസ്ഥാനത്തിലാണ് വെളിപ്പാടു പുസ്തക വ്യാഖ്യാനം നടത്തിയിരിക്കുന്നത്. തന്റെ നിഗമനത്തിൽ വെളിപ്പാടു പുസ്തക വ്യാഖ്യാനം വസ്തുനിഷ്ഠമാകണമെങ്കിൽ ''നഷ്ടപ്പെട്ടുപോയ'' 10 യിസ്രായേൽ ഗോത്രങ്ങളെയും അബ്രഹാമിന് കെതുറയിൽ ജനിച്ച പുത്രന്മാരെയും കൂടിപാർക്കാൻ അബ്രഹാം ''കിഴക്കോട്ട്'' അയച്ചവരുടെ സന്താന പരമ്പരകളെയും ഉൾപ്പെടുത്തണം.

വെളിപ്പാട് പുസ്തകം യുഗാന്ത്യസംഭവങ്ങളുടേയും നിത്യതയുടേയും ചുരുളഴിക്കുന്നതാകയാൽ, ജാതികളുടെ പിതാവായ എബ്രായനായ അബ്രഹാമിന്റെ എല്ലാ മക്കളേയും – ജാതിമതങ്ങളുൾപ്പെടെ– കണക്കിലെടുക്കേണ്ടതായുണ്ട്. നോഹയുടെ നാലാം തലമുറക്കാരനായ ഏബ്ബറിന്റെ സന്താനപരമ്പരകളാണ് എബ്രായർ. അവരിൽ യഹൂദന്മാരെക്കൂടാതെ അബ്രഹാമിന് മറ്റു

ഭാര്യമാരിൽ ഉളവായ മക്കളുടെ തലമുറകളും അശ്ശൂർ സാമ്രാജ്യത്തിലെങ്ങും ചിതറിക്കപ്പെട്ട മറ്റു 10 ഗോത്രക്കാരും ഏബ്രറിന്റെ സന്തതി പരമ്പരകളും മിശ്രിതങ്ങളും ഉൾപ്പെടും. ഇവരിലെല്ലാം പ്രകാശം എത്തിക്കേണ്ടതിന് യിസ്രായേലിനെ, (ചിതറിക്കപ്പെട്ട 10 ഗോത്രങ്ങളെ) ദൈവം ഉപയോഗിച്ചു.

യിസ്രായേൽ ഗോത്രങ്ങളിൽ നിന്ന് മുദ്രയിടപ്പെട്ടവർ 144000 പേരാണ്. ഇവരെക്കൂടാതെ എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം (വെളി. 7:9) രക്ഷ അവകാശമാക്കുന്നു. ഇപ്രകാരമുള്ള ചിന്താധാരയിലൂടെ വെളിപ്പാട് പുസ്തകത്തിന്റെ വ്യാഖ്യാനം നടത്തുക കൊണ്ട് ഇതുവരെ അനുവാചകർക്ക് പരിചയമില്ലാത്ത പലതും ഈ വ്യാഖ്യാന പുസ്തകത്തിൽ കണ്ടുവെന്നു വരാം. അവ, ചിലരെ ആശങ്കയുടെ മുൾമുനയിൽ നിർത്താം; മറ്റു ചിലരെ ജിജ്ഞാസയുടെ കൊടുമുടിയിൽ കയറ്റാം; വേറെ ചിലരെ സംശയങ്ങളുടെ ആഴക്കയത്തിലേക്ക് മുക്കിത്താഴ്ത്താം.

യേശുക്രിസ്തു ത്രിയേകദൈവത്തിന്റെ രണ്ടാം ആളത്വമായ പുത്രൻ തമ്പുരാനെന്നും, ക്രിസ്തുവിലൂടെ അല്ലാതെ മാനവരാശിക്ക് നിത്യരക്ഷയില്ലെന്നും, ക്രിസ്തുവാണ് വഴിയും സത്യവും ജീവനും എന്നും ആവർത്തിച്ച് മാത്തുള്ള ഈ ഗ്രന്ഥത്തിൽ പറയുന്നുണ്ട്. എങ്കിലും ക്രിസ്തുവിന് മുമ്പും പിമ്പുമുള്ള മാനവരാശിയെക്കുറിച്ചും സ്രഷ്ടാവായ ദൈവത്തിന് കരുതലുണ്ടെന്നും അവരെക്കൂടി നിത്യതയിൽ ചേർക്കാനുള്ള തന്റെ പദ്ധതിക്ക് മനുഷ്യരാരും അതിർവരമ്പുകൾ നിശ്ചയിക്കരുതെന്നും മാത്തുള്ള പറഞ്ഞു വെയ്ക്കുന്നു.

വെളിപ്പാടു പുസ്തക വ്യാഖ്യാനം, ദാനിയേൽ പ്രവചനഗ്രന്ഥത്തിലെ സ്വപ്നവ്യാഖ്യാത്തെക്കൂടാതെ നടത്തുക സാദ്ധ്യമല്ലല്ലോ. ദാനിയേൽ കണ്ട നാലാമത്തെ മൃഗത്തിന്റെ 10 കൊമ്പുകളും – സാമ്രാജ്യങ്ങൾ – അവകളുടെ സ്ഥാനത്ത് പിന്നെ കണ്ട മൂന്ന് കൊമ്പുകളും, പിന്നീട് മൂന്നു കൊമ്പുകളെ വേരോടെ പിഴുതെറിഞ്ഞിട്ട് മറ്റൊരു ചെറിയ കൊമ്പ് പ്രത്യക്ഷപ്പെട്ടതും മാത്തുള്ള വ്യാഖ്യാനിക്കുന്നത് തികച്ചും വ്യത്യസ്തരീതിയിലാണ്. ചെറിയ കൊമ്പ് ബ്രിട്ടീഷ് സാമ്രാജ്യമായും, അതിനെ തുടർന്നിങ്ങോട്ട് അമേരിക്ക വരെയും എത്തി നിൽക്കുന്നു, ആ വ്യാഖ്യാനത്തിന്റെ

അലയടികൾ. വെളിപ്പാട് പുസ്തകത്തിലെ മഹതിയാം ബാബിലോൺ റോമാ നഗരമല്ല അമേരിക്കയുടെ തലസ്ഥാനനഗരമായ വാഷിംഗ്ടൺ ഡി.സി ആണ് എന്നുകൂടി മാത്തുള്ള പറഞ്ഞുവെയ്ക്കുമ്പോൾ അനുവാചകന് ശ്വാസം അടക്കിപ്പിടിച്ചിരുന്ന് വായിക്കാനേ കഴിയൂ.

ഒരു ആത്മീയന്റെ ആത്മീയ യാത്രയിലെ ഇരുണ്ട ഇടനാഴികളിലൂടെ യാത്ര ചെയ്ത് അവസാനം എത്തിച്ചേരുന്ന ആത്മീയ നിർവൃതിയെ, തന്റെ പ്രേമഭാജനത്തെ തടഞ്ഞു വെച്ചിരിക്കുന്ന ദുഷ്ടന്മാരുടെ കയ്യിൽ നിന്ന് പ്രാണത്യാഗത്തിലൂടെ നേടിയെടുത്ത്, ഇനി ഒരിക്കലും പിരിയാത്ത, ആത്മീയ നിർവൃതിയടയുന്ന രംഗമാണ് നിത്യതയിലെ ആരാധനയിലൂടെ മാത്തുള്ള വർണ്ണിച്ച് പുസ്തകം അടക്കുന്നത്.

അനുവാചകർക്ക് ഇന്നുവരെയും പരിചയമില്ലാത്ത ശക്തിയെയാണ് എതിർക്രിസ്തുവായും മാത്തുള്ള അവതരിപ്പിച്ചിരിക്കുന്നത്. കാണാനുള്ള പൂരം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ എന്നു പറഞ്ഞുകൊണ്ടും, മാത്തുള്ളയുടെ വിശ്വാസങ്ങൾക്കും അഭിപ്രായങ്ങൾക്കും പൂർണ്ണമായും '' ആമേൻ'' പറയാതെയും, തികച്ചും പത്രപ്രവർത്തന വിദ്യാഭ്യാസവും പ്രവൃത്തി പരിചയവും മുറുകെ പിടിച്ചുകൊണ്ടും ഒരു എളിയ കർതൃദാസൻ എന്ന നിലയിലും അനുവാചകരുടെ മുമ്പിൽ വെളിപ്പാട് പുസ്തകത്തിന്റെ ഈ വ്യാഖ്യാനഗ്രന്ഥത്തെ പ്രാർത്ഥനയോടെ അവതരിപ്പിച്ചു കൊള്ളുന്നു. അനേകരുടെ തുടർന്നുള്ള അന്വേഷണ പഠനങ്ങൾക്കും വിശകലനത്തിനും ഈ ഗ്രന്ഥം മുഖാന്തിരമാകുമെന്നും പ്രതീക്ഷിക്കുന്നു.

**ഡോ. മാർസലിൻ ജെ. മൊറയ്സ്**

ഡാളസ്
യു. എസ്. എ.

E-Mail: moraismarceline@gmail.com
Phone: 1-469-559-1280

02-15-2020

## അഭിപ്രായം

റവ. നൈനാൻ മാത്തുള്ളയുടെ ''വെളിപ്പാടു പുസ്തക വ്യാഖ്യാനം-രഹസ്യങ്ങളുടെ ചുരുളഴിയുന്നു'' എന്ന പുസ്തകം വായിച്ചു. ദൈവശ്വാസീയ തിരുവെഴുത്തായ ബൈബിളിലെ അവസാനത്തെ ഗ്രന്ഥമാണ് വെളിപ്പാടു പുസ്തകം. ബൈബിൾ അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട്, ഭാവികാല സംഭവങ്ങളെ സംബന്ധിച്ച് ഒരു പ്രത്യേക പഠനം തന്നെ നിലവിലുണ്ട് ദൈവശാസ്ത്രത്തിൽ. ''ഭാവികാലശാസ്ത്രം''(എസ്കറ്റോളജി), തിയോളജിയിലെ ശ്രദ്ധേയമായ ഒരു ഡിപ്പാർട്ട്മെന്റാണത്. ഉല്പത്തി പുസ്തകം എല്ലാറ്റിന്റെയും ഉൽപത്തി ചരിത്രമാണ് കൈകാര്യം ചെയ്യുന്നത് എങ്കിൽ വെളിപ്പാടു പുസ്തകം അവയുടെ അവസാനം എന്താണ് എന്നു ചിന്തിക്കുകയാണ്. എസ്കറ്റോളജിയിലേക്കുള്ള പ്രവേശന കവാടമായി വെളിപ്പാടു പുസ്തകത്തെ പരിഗണിക്കാം.

''നാളെ'' എന്താണ് എങ്ങനെയാണ് എന്നതിനെപ്പറ്റി മനുഷ്യന് ജിജ്ഞാസയുണ്ട്, ഉൽക്കണ്ഠയുണ്ട്. ശാസ്ത്രജ്ഞന്മാർ ''ഫ്യൂച്ചറോളജി''യെക്കുറിച്ച് ചിന്തിക്കുന്നു. അവർ അവിടെ ഒരു തരം അനിശ്ചിതാവസ്ഥയും അസ്വസ്ഥതയും ആണ് കാണുന്നത്-പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും വഴിയില്ലാത്തതു പോലെ. എന്നാൽ സൃഷ്ടാവിനു മാത്രമേ സൃഷ്ടിയുടെ ഭാവിയെക്കുറിച്ച് വ്യക്തമായ പദ്ധതിയുള്ളൂ. അതാണ് ബൈബിളിലെ എസ്കറ്റോളജിയുടെ വിഷയം. അവിടെ കാർമേഘങ്ങൾക്കിടയിൽ പ്രത്യാശയുടെ വെള്ളി രേഖകൾ തെളിയുന്നതു കാണാം. വ്യക്തിയുടെ, വിശ്വാസിയുടെ, സഭയുടെ, രാഷ്ട്രത്തിന്റെ, ലോകത്തിന്റെ, പ്രപഞ്ചത്തിന്റെ ഭാവി എന്താണ്? അതെല്ലാം എസ്കറ്റോളജി പഠന വിധേയമാക്കുന്നു.

''തുടക്കത്തിൽ'' തന്നെ ''ഒടുക്കത്തെ''ക്കുറിച്ച് ബോദ്ധ്യമുണ്ട് സൃഷ്ടാവായ ദൈവത്തിന്. ആ ദൈവീക പദ്ധതിക്ക് തടയിടുവാൻ ആർക്കുമാവില്ല. ഇവിടെ ''വിധി'' എന്ന് ഒന്നില്ല. എല്ലാം ''ദൈവഹിത''മാണ്. ഇവിടെ പ്രകടമാകുന്ന ഒരോ ചലനങ്ങളുടെയും പുറകിൽ ദൈവഹിതവും ദൈവോദ്ദേശവും ദൈവീക നിയമവും വ്യക്തമായി മനസ്സിലാക്കാനാകും. ദൈവീക പദ്ധതിയിൽ ''യാദൃശ്ചരികം'' എന്ന ഒന്നില്ല. ഭൂതകാല നിത്യത മുതൽ ഭാവികാല നിത്യത വരെ, അനന്തത തൊട്ട് അനന്തത വരെ, ഇന്നലെ മുതൽ നാളെ വരെയുള്ള ഓരോ ചലനവും ദൈവീക പദ്ധതിയിൽ ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ സർവ്വജ്ഞാനവും സർവ്വശക്തിയും ആസൂത്രണ വൈഭവവും ഈ പദ്ധതിക്ക് ആധാരമാണ്. ''തുടക്ക''ത്തിൽ തന്നെ ഒടുക്കവും കാണുവാൻ കഴിയുന്ന കണ്ണാണ് സൃഷ്ടാവായ ദൈവത്തിനുള്ളത്. ബൈബിളിനെ സംബന്ധിച്ചിടത്തോളം ''നാളെ'' സംഭവമാകാൻ ഇരിക്കുന്ന കാര്യങ്ങൾ ''ഇന്നലെ'' രേഖപ്പെടുത്തിവച്ചിരിക്കുന്നു എന്നു ചുരുക്കം. അതിൽ പലതും സംഭവമായതിന്, ചരിത്രത്തിൽ യാഥാർത്ഥ്യമായതിന് ഇന്നു ജീവിച്ചിരിക്കുന്ന നാം സാക്ഷ്യം വഹിക്കുന്നു.

എസ്കറ്റോളജിയുടെ സുപ്രധാന പ്രവേശന കവാടം ബൈബിളിലെ വെളിപ്പാടു പുസ്തകമാണെന്ന് മുൻപ് എഴുതിയിട്ടുണ്ടല്ലോ. ''ഇനി സംഭവിപ്പാനിരിക്കുന്നത് ''(വെളിപ്പാട് 1:20), ''ഇവിടെ കയറി വരിക, മേലാൽ സംഭവിപ്പാനുള്ളത് ഞാൻ കാണിച്ചു തരാം'' (4:1) എന്നീ വേദഭാഗങ്ങൾ ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഗ്രീക്കിലെ Eschatas എന്ന പദത്തിൽ നിന്നാണ് Eschatology എന്ന പ്രയോഗമുണ്ടായത്. Eschatos എന്നാൽ ''അവസാനം'' എന്നാണർത്ഥം. വെളിപാടു പുസ്തകത്തിന്റെ പ്രമേയം ക്രിസ്തു കേന്ദ്രീകൃതമാണ്. ഇവിടെ ക്രിസ്തുവിന്റെ മഹത്വം പ്രകീർത്തിക്കപ്പെടുന്നത് കാണാം. എല്ലാ വായനക്കാരേയും ക്രിസ്തുവിന്റെ മാഹാത്മ്യത്തിലേക്കും ആധിപത്യത്തിലേക്കും സ്നേഹ പരിപാലനയിലേക്കും നയിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം

ഗ്രന്ഥകാരൻ റവ. നൈനാൻ മാത്തുള്ള, അമേരിക്കൻ മലയാളികളായ ക്രൈസ്തവ സഭാവിശ്വാസികൾക്കും വേദ പണ്ഡിതന്മാർക്കും ഏറെ പരിചിതനാണ്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ

ആസ്വാദകരാണ് അവരിൽ അധികവും. അവയെ തുടർന്ന് അദ്ദേഹം രചിച്ച് അവതരിപ്പിക്കുന്ന ഈ വ്യാഖ്യാന ഗ്രന്ഥം ഞാൻ വായിച്ചു തീർത്തത് ഏറെ സന്തോഷത്തോടെയാണ്. ഗ്രന്ഥകാരന്റെ പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണ്. അത് ഇവിടെ ഉദ്ധരിക്കുന്നു. ''സ്ഥല പരിമിതി കാരണവും ആവർത്തന വിരസത ഒഴിവാക്കാനുമായി വെളിപ്പാടു പുസ്തകത്തെപ്പറ്റി പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള വിവരങ്ങളും ഭിന്നാഭിപ്രായമില്ലാത്ത വിഷയങ്ങളും ഒഴിവാക്കി ഇതുവരെ വെളിപ്പെടുത്തിയിട്ടില്ലാത്തതും മറ്റു വ്യാഖ്യാനങ്ങളിൽ കാണാൻ സാധിക്കാത്തതുമായ വിവരങ്ങൾക്കാണ് പ്രധാനമായും പുസ്തകത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്. ഈ അറിവിൽ നിന്നുകൊണ്ട് നമുക്ക് വെളിപ്പാടിലെ പ്രവചനങ്ങൾ പരിശോധിക്കാം. പ്രവചനങ്ങൾ മനസ്സിലാക്കുന്നതിന് ദൈവീകമായ കൃപ ആവശ്യമായതുകൊണ്ട് നമുക്ക് പ്രാർത്ഥനയോടു കൂടി വിഷയത്തിലേക്കു കടക്കാം''.

ഗ്രന്ഥകാരന്റെ പ്രസ്താവന ശരിയാണ്. വെളിപ്പാടു പുസ്തകം ആധാരമാക്കി നിരവധി വ്യാഖ്യാന ഗ്രന്ഥങ്ങൾ മലയാള ഭാഷയിൽ തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഞാൻ വായിച്ചിട്ടുള്ള വ്യാഖ്യാന ഗ്രന്ഥങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ് റവ. നൈനാൻ മാത്തുള്ളയുടെ ഈ കൃതി. അദ്ദേഹത്തിന്റെ വ്യാഖ്യാന ശൈലിയും സമീപനവും നിരീക്ഷണവും തികച്ചും മൗലികമാണ്, ആകർഷകവുമാണ്. ഗവേഷണാത്മകമായ ഈ ശൈലിക്ക് വിഷയത്തിന്റെ ഉള്ള് കണ്ടെത്തുവാൻ സാമർത്ഥ്യമുണ്ട്. എന്നെ ആകർഷിച്ച രണ്ടു വസ്തുതകൾ ഇവിടെ എടുത്തുപറയാം.

1. പ്രവചനം നിവൃത്തിയാകുന്നത് എവിടെ, എങ്ങനെയെന്ന് തിരിച്ചറിയണമെന്നുണ്ടെങ്കിൽ അതിന് ആധികാരികവും സമഗ്രവുമായ ലോകചരിത്ര പഠനം ആവശ്യമാണ്. ലോകചരിത്രത്തിലാണ് ബൈബിൾ പ്രവചനങ്ങൾ നിറവേറിക്കൊണ്ടിരിക്കുന്നത്. ഗ്രന്ഥകാരന് ബൈബിൾ വിജ്ഞാനീയത്തോടൊപ്പം ലോകചരിത്ര ജ്ഞാനവും ആർജ്ജിക്കുവാൻ കഴിഞ്ഞു എന്നത് ഒരു നേട്ടമാണ്. വ്യാഖ്യാനത്തിനു മുൻപ് ചേർത്തു കാണുന്ന രണ്ട് അദ്ധ്യായങ്ങൾ, പ്രവചനങ്ങളുടെ ചരിത്ര പശ്ചാത്തലം, വായനയ്ക്കു മുൻപ് എന്നിവ പ്രത്യേകം ശ്രദ്ധേയമാണ്. നോഹയുടെ

മൂന്നു മക്കളായ ശേം, ഹാം,യാഫേത്ത് എന്നിവരുടെ സന്തതി പരമ്പരകളെക്കൊണ്ടാണ് ഈ ഭൂമി നിറഞ്ഞു നിൽക്കുന്നത് എന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. അവർ എവിടെ, എങ്ങനെ എന്നീ ചോദ്യങ്ങൾക്ക് മറുപടി നൽകുവാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. ബൈബിൾ സംഭവങ്ങളും ലോകചരിത്രവും തമ്മിൽ സമന്വയിപ്പിക്കുന്നതിനുള്ള ഗ്രന്ഥകാരന്റെ പരിശ്രമം പ്രത്യേകം ശ്ലാഘനീയമാണ്.

2. ആസ്യയിലെ ഏഴു സഭകളെക്കുറിച്ച് വെളിപ്പാടു പുസ്തകം വ്യക്തമായ ധാരണ നൽകുന്നുണ്ട്. ഇതു സംബന്ധിച്ച് ഏറെ ആധികാരികമായ വിവരണങ്ങളാണ് ഗ്രന്ഥകാരൻ ഈ കൃതിയിൽ വിവരിച്ചിരിക്കുന്നത്. ഇങ്ങനെ വേദ പഠിതാക്കൾക്കും വേദാദ്ധ്യാപകർക്കും വിശ്വാസ സമൂഹത്തിനും ഏറെ പ്രയോജനം ചെയ്യുന്ന, അവരുടെ ഭാവി ശുഭകരമാണ് എന്ന സന്ദേശം കൈമാറുന്ന മഹത്തായ ഒരു ഗ്രന്ഥമാണ് ഇത് എന്നു രേഖപ്പെടുത്തുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. ഗ്രന്ഥത്തിന്റെ സമാപന പേജുകളിൽ അദ്ദേഹം എഴുതിയ ഒരു കുറിപ്പ്, ഇതദ്ദേഹത്തിന്റെ ആത്മാവിൽ തൊട്ടെഴുതുന്ന, വ്യക്തിപരമായ സാക്ഷ്യം കൂടെയാണ്. ‘‘അതേ കർത്താവിന്റെ വരവു വളരെ സമീപമായിരിക്കുന്നു. ലോകസംഭവങ്ങൾ അതാണ് വിളിച്ചറിയിക്കുന്നത്. ഇനിയും അധികം സമയം ശേഷിച്ചിട്ടില്ല. കൃത്യമായ സമയവും നാഴികയും ദൈവം അറിയുന്നു.’’

ഗ്രന്ഥകാരനും ഗ്രന്ഥത്തിനും എല്ലാ നന്മകളും ആശംസിച്ചുകൊണ്ട് ഈ കുറിപ്പ് ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു.

സഹോ. ജെ. സി. ദേവ്
(ഒപ്പ്)

ബഥനി ബുക്സ്
കർതൃശുശ്രൂഷയിൽ,
നെടുങ്ങാടപ്പള്ളി പി.ഒ.
കോട്ടയം - 686545
Mob: 9961700465
06.12.2019

## അഭിപ്രായം

വെളിപ്പാട് പുസ്തകം കർത്താവിന്റെ വരവിനായി ഏവരേയും ഒരുക്കുന്ന പുസ്തകമാണല്ലോ. അത് അന്ത്യന്യായവിധി, കുഞ്ഞാടിന്റെ കല്യാണം, മഹോപദ്രവകാലം, പുതിയ യെരുശലേം, നിത്യത ഇവയിലേക്കു നമ്മെ നയിക്കുന്ന ഉത്കൃഷ്ടമായ പഠനമാണ്. അത് പ്രവചനാത്മാവിൽ നിറഞ്ഞ് യോഹന്നാൻ എഴുതിയിരിക്കുന്ന വെളിപ്പാടുകളാണ്.

ബാർക്ലേ പറഞ്ഞിട്ടുണ്ട്, ''ക്രിസ്തീയ ജീവിതത്തിൽ രണ്ടു വെളിപ്പാടുകളേ ഉള്ളൂ, ഒന്ന് അവനവനെത്തന്നെ കാണുക, രണ്ട് ദൈവത്തെ തിരിച്ചറിയുക'' ഈ രണ്ടു വിധ ദർശനങ്ങൾ പ്രാപിക്കുമ്പോഴാണ് വിശ്വാസജീവിതം ഗാഢവും ദൃഢവുമാകുന്നത്.

ദൈവത്തെക്കുറിച്ച് വെളിപ്പെടുത്തുന്നത് ദൈവമാണ്. മറനീക്കി വെളിപ്പെടുത്തിക്കിട്ടിയ വെളിപ്പാട് പുസ്തകത്തിലെ മർമ്മങ്ങൾ മനുഷ്യർക്ക് മനസ്സിലാകുവാൻ പ്രാപ്തമാക്കിത്തരുകയാണ് റവ. നൈനാൻ മാത്തുള്ള.

ജീവന്റെ വചനം രുചികരവും ജീവദായകവുമായി അനുഭവപ്പെടാൻ വചനം സ്വീകരിക്കുന്നവർക്കും വിളമ്പുന്നവർക്കും ഈ ചെറുഗ്രന്ഥം ഇടയാക്കട്ടെ. എന്റെ സ്നേഹിതൻ തന്റെ തൂലികയിലൂടെ പല ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള വ്യക്തിയാണ്. ഒരു നല്ല ചരിത്രനിപുണനായ നൈനാൻ മാത്തുള്ളയുടെ ഈ ഉദ്യമത്തിന് സർവ്വശക്തനായ ദൈവം അനുഗ്രഹമാരി ചൊരിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

വചനവഴിയുടെ ഉപാസകർക്കെല്ലാം ഈ ഗ്രന്ഥം തീർച്ചയായും വിലപ്പെട്ടതായിരിക്കും. വായനക്കാർക്കും മറ്റുള്ളവർക്കും ഈ ഗ്രന്ഥം തികച്ചും ഉപകരിക്കുന്നതാണ്. ഇത്തരം സർഗ്ഗാത്മക രചനകൾ ഈ ഗ്രന്ഥകാരനിൽ നിന്നും ഇനിയും അനുവാചകർ പ്രതീക്ഷിക്കുന്നു. ആശംസകൾ...

**റവ. ഡോ. എബ്രഹാം തോട്ടത്തിൽ**

(ഒപ്പ്)

## അഭിപ്രായം

പുതിയനിയമസഭയുടെ ആരംഭകാലത്ത് ക്രൈസ്തവർക്ക് വിശിഷ്യാ അപ്പോസ്തലന്മാർക്ക് വളരെയധികം പീഡകൾ സഹിക്കേണ്ടി വന്നു. നമ്മുടെ കർത്താവിന്റെ 12 അപ്പോസ്തലന്മാരിൽ, ക്രിസ്തുവിന്റെ കുരിശുമരണത്തിനുശേഷം, അവശേഷിച്ച 11 പേരിൽ 10 പേരും കഷ്ടതകൾ അനുഭവിച്ച് പീഡകൾ സഹിച്ച്, രക്തസാക്ഷിത്വം വരിച്ചു. എന്നാൽ ക്രിസ്തുവിന്റെ ക്രൂശീകരണസമയത്ത്, കുരിശിൻ ചുവട്ടിൽ, ക്രിസ്തുവിന്റെ പീഡാസഹനത്തിന് സാക്ഷിയായി ഉണ്ടായിരുന്ന ഒരേയൊരു ശിഷ്യനായ യോഹന്നാൻ മാത്രമാണ് സ്വാഭാവിക മരണം വരിച്ച ഏക അപ്പോസ്തലൻ!

ഡൊമിഷ്യൻ ചക്രവർത്തി യോഹന്നാനെ പത്മോസ് എന്ന ഏകാന്തദ്വീപിൽ ഏകാന്തതയുടെ തടവറയിൽ കിടന്ന്, ആരും സഹായമില്ലാതെ, ക്ലേശം അനുഭവിച്ച്, ഏകനായി നരകിച്ച് മരിക്കാൻ വേണ്ടിയായിരുന്നു നാടുകടത്തിയത്. എന്നാൽ സർവ്വശക്തനായ ദൈവത്തിന്റെ പദ്ധതിയിൽ പെട്ടതായിരുന്നു ആ നാടുകടത്തൽ. കാരണം ലോകത്തിന്റെ ഭാവിയെപ്പറ്റിയുള്ളതും സഭയെ സംബന്ധിച്ചുള്ളതുമായ ദൈവിക ദർശനങ്ങൾ ആത്മവിവശതയിലായ യോഹന്നാന് വെളിപ്പാടായി ലഭിച്ചു. അങ്ങനെ ആ വെളിപ്പാട്, സഭയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന വേദപുസ്തകത്തിലുള്ള അമൂല്യമായ പ്രവചന ദാർശനിക ഗ്രന്ഥം ആയി മാറി.

ഈ വെളിപ്പാടു പുസ്തകം നമ്മുടെ പ്രപഞ്ചത്തിലെ നാം അധിവസിക്കുന്ന ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ആകാശം, ഇവയുടെ മാറ്റങ്ങൾ, നശീകരണം, പുതിയ ആകാശം, പുതിയ ഭൂമി എന്നിവയെപ്പറ്റിയുള്ള ഭൗതികതലത്തിലുള്ള മാറ്റങ്ങൾ കൂടാതെ അന്ത്യന്യായവിധി, കർത്താവിന്റെ ഭരണം, പിശാചിനു നൽകുന്ന ദണ്ഡനം ഇവയെപ്പറ്റിയൊക്കെ വളരെ ആഴത്തിൽ പ്രതിപാദിക്കുന്നുണ്ട്. വെളിപ്പാട് പുസ്തകത്തിൽ ഈ ദൃശ്യപ്രപഞ്ചത്തിലെ

ജ്യോതിർഗോളങ്ങൾക്കും, ഭൂമിക്കും ഉണ്ടാകുന്ന നാശങ്ങൾക്കു ശേഷം മനുഷ്യഭാവനയ്ക്കും, ചിന്തകൾക്കും സങ്കൽപ്പങ്ങൾക്കും കടന്നുചെല്ലൻ കഴിയാത്ത നിത്യതയെക്കുറിച്ചുള്ള ദൈവ ആത്മാവിന്റെ വെളിപ്പെടുത്തലുകൾ ഉണ്ട്. ഒപ്പം തന്നെ കർത്താവ് രക്തം കൊടുത്ത് വിലയ്ക്കുവാങ്ങിയ ദൈവസഭയെക്കുറിച്ചു വ്യക്തമായി പരാമർശിക്കുന്നു.

ഇവിടെ പ്രതിപാദിക്കുന്ന ''സഭ'' ഇന്നു കാണുന്ന വിവിധ സഭകളോ, അവയുടെ അംഗങ്ങളോ, സ്വത്തുക്കളോ അല്ല, പ്രത്യുത മാനസാന്തരപ്പെട്ട് രക്ഷയുടെ അനുഭവത്തിലേക്ക് വന്ന, അതിൽ വളരുന്ന രക്ഷിക്കപ്പെട്ട ദൈവമക്കളുടെ സംഘങ്ങൾ ആണ്. ആദിമകാലത്ത് ആ കൂട്ടായ്മ വീട്ടിൽ ആയിരുന്നു. അപ്പൊ. പ്ര. 12:5 വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്ന ഏഴ് സഭകൾ (ദേശീയ നാമത്തിൽ അറിയപ്പെടുന്നവ) ഇന്ന് ലോകത്തിൽ ഉള്ള സഭകളെ പ്രതിനിധീകരിക്കുന്നവയാണ്.

സാധാരണ ബുദ്ധിക്ക് ഗ്രഹിക്കാനോ മനസ്സിലാക്കാനോ വിശകലനം ചെയ്യാനോ ഒരിക്കലും സാധ്യമല്ലാത്ത വെളിപ്പാട് പുസ്തകത്തെക്കുറിച്ച് വ്യാഖ്യാനം എഴുതുക എന്നുള്ളത് വളരെ ശ്രമകരമായ ദൗത്യം ആണ്. വെളിപ്പാട് പുസ്തകം മനസ്സിലാക്കാൻ ബുദ്ധിമുട്ടായതുകാരണം ചില സഭകൾ അത് വായിക്കാൻ പോലും മെനക്കെടാറില്ല. ചില സഭകൾ നിശബ്ദരായിരിക്കുന്നു. ചിലർ ദുർവ്യാഖ്യാനങ്ങൾ എഴുതി.

എന്റെ പ്രിയസുഹൃത്ത് റവ. ശ്രീ. നൈനാൻ മാത്തുള്ള അവർകൾ വെളിപ്പാട് പുസ്തകത്തിന് ഒരു വ്യാഖ്യാനം എഴുതുവാൻ വളരെ ശ്രമകരമായ പഠനം നടത്തി. അത് വളരെ അഭിനന്ദനീയമാണ്. അദ്ദേഹത്തിന്റെ അറിവും ശ്രമവും ഈ പുസ്തകത്തിന്റെ മൂല്യം കൂട്ടുന്നവയാണ്.

വെളിപ്പാട് പുസ്തകം ഒരു ചെറിയ ലേഖനമല്ല, മറിച്ച് അത് മുഴുവൻ ലോകത്തിന്റെയും ഭാവിയെ പ്രതിപാദിക്കുന്നു. മാനവകുലത്തിന് എന്തു സംഭവിക്കും എന്ന് വ്യക്തമാക്കുന്നു. പ്രപഞ്ചനാശം, പതനം (വെളി 20:11) സഭകൾക്കുള്ള മുന്നറിയിപ്പ് (വെളി. 2,3

അദ്ധ്യായങ്ങൾ) ദൈവസഭയുടെ നിത്യതയുടെ വിവരണം (വെളി. 21, 22 അദ്ധ്യായങ്ങൾ) എന്നിവ വ്യക്തമാക്കുന്നു.

എന്റെ പ്രിയസുഹൃത്ത് റവ. ശ്രീ നൈനാൻ മാത്തുള്ള ആനുകാലിക സംഭവങ്ങളുടെയും ചരിത്രത്തിന്റെയും, സമന്വതയിൽ സാധാരണക്കാർക്ക് മനസ്സിലാകത്തക്കവണ്ണം ഇത് പര്യവസാനിപ്പിച്ചിരിക്കുന്നു.

എങ്കിലും ചില വിയോജിപ്പുകൾ തുറന്നെഴുതുകയാണ്. ഒരു ചരിത്രകാരൻ ചരിത്രം എഴുതുമ്പോൾ പല ഘടകങ്ങളും അദ്ദേഹത്തെ സ്വാധീനിക്കും കല, ദേശസാമൂഹിക, രാഷ്ട്രീയ, മതപരമായ സ്വാധീനങ്ങളും ബാധകമാണ്.

യഥാർത്ഥ തെളിവുകളും, രേഖകളും, മിത്തുകളിലെ സത്യങ്ങളും അതിശയോക്തികളും സൂക്ഷ്മമായി പരിശോധിക്കുന്നതിൽ പഴയ കാലത്ത് ചരിത്രകാരന്മാർ പരാജയപ്പെട്ടിരുന്നു. പല ചരിത്രകാരന്മാരും പല രീതിയിൽ ആണ് ലോകചരിത്രം രചിച്ചിട്ടുള്ളത്. ചരിത്രത്തിൽ മറയപ്പെട്ട സത്യങ്ങൾ കടൽത്തീരത്തെ മണലിലെ ഒരു തരി സ്വർണ്ണം പോലെയാണ്. നിറം ചേർത്ത സത്യങ്ങളും, വളച്ചൊടിക്കപ്പെട്ട അർദ്ധസത്യങ്ങളും ധാരാളമുണ്ട്. വെളിപ്പാട് പുസ്തകം വളരെ വ്യത്യസ്ഥമാണ്. പരിശുദ്ധാത്മാവിനാൽ രചിക്കപ്പെട്ട പൂർണ്ണതയിൽ നിന്നും പൂർണ്ണതയിലേക്ക് ഉരുത്തിരിഞ്ഞ ദൈവശ്വാസീയമായ ദർശനമാണിത്. ചരിത്രരചന അപൂർണ്ണനായ മനുഷ്യന്റെ പരിമിതമായ ബുദ്ധിയുടെ, അപൂർണ്ണമായ വ്യാഖ്യാന പരിമിതിയുടെ, വളച്ചൊടിക്കപ്പെട്ട, സ്വയചിന്തകളുടെ, യുക്തിയുടെ വിവരണമായി മാറുന്ന സന്ദർഭങ്ങൾ ഉണ്ട്.

ഒന്നാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന മതങ്ങളെപ്പറ്റിയുള്ള വിവരണത്തോട് വിയോജിപ്പുണ്ട്.

മനുഷ്യസൃഷ്ടിയാണ് മതങ്ങൾ മുഴുവനും. മതം എന്ന വാക്കിന് അഭിപ്രായം എന്നാണ് അർത്ഥം. യേശുക്രിസ്തു മതം സ്ഥാപിച്ചില്ല, ഒരു മതനേതാവുമല്ല. സർവ്വലോകത്തിന്റെയും ദൈവവും രക്ഷകനും ആണ് യേശുക്രിസ്തു.

നാലാം അദ്ധ്യായത്തിൽ വരുമ്പോൾ അത് വായനക്കാർക്ക് തെറ്റിദ്ധാരണയ്ക്ക് കാരണമായിത്തീരാം. ഈ ചിന്ത മതസൗഹാർദ്ദത്തിനു നല്ലതായിരിക്കാം; എന്നാൽ സത്യം അതല്ല. കർത്താവും വിശുദ്ധവചനവും വിഗ്രഹാരാധനയെ പൂർണ്ണമായി തള്ളിക്കളയുന്നു എന്നുള്ളത് പകൽപോലെ വ്യക്തമാണ്.

കർത്താവിന്റെ പ്രിയപ്പെട്ട ദാസന്റെ ഈ ഉദ്യമത്തെ ദൈവം നന്നായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. വായിക്കുന്നവർക്ക് ദൈവാത്മാവിന്റെ സ്പർശം ഉണ്ടാകട്ടെ.

ഒരു പഠനഗ്രന്ഥമായി ഉപയോഗിക്കാൻ ഈ പുസ്തകം തീർച്ചയായും ഉത്തമമാണ്. ഇതുപോലെ അനേകം പുസ്തകങ്ങൾ എഴുതാൻ, പുതിയ ചിന്താരീതികൾ ലഭിക്കുവാൻ പരിശുദ്ധാത്മാവ് ദൈവദാസന് ഇടയാക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് ചുരുക്കുന്നു.

എന്ന് കർത്താവിന്റെ എളിയ ശുശ്രൂഷകൻ

**റവ. മത്തായി തെക്കേടത്ത്**

(ഒപ്പ്)

BIBLE VERSE COMMUNICATIONS BVP

## പ്രവചനങ്ങളുടെ ചരിത്രപശ്ചാത്തലം

ഇന്ന് ഭുമിയിലുള്ള ജനങ്ങളെല്ലാം ബൈബിളിലെ നോഹയുടെ മൂന്നു മക്കളുടെ സന്തതിപരമ്പരകളാണ്. അത് പരിണാമസിദ്ധാന്തം പറയുന്നതുപോലെ പരിണാമം സംഭവിച്ച് ആവിർഭവിച്ചിട്ടുള്ളതല്ല. പരിണാമമായിരുന്നുവെങ്കിൽ ഭൂമിയിൽ ജീവൻ ആവിർഭവിക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ പല സ്ഥലങ്ങളിലും ഉണ്ടായിരുന്നതിനാൽ അവിടെയൊക്കെ മനുഷ്യർ ഉടലെടുക്കണമായിരുന്നു. എന്നാൽ ഇന്ന് ലോകത്തിലുള്ള ജനമെല്ലാം ഒരു അപ്പന്റേയും അമ്മയുടേയും സന്തതിപരമ്പരകളാണെന്ന് ശാസ്ത്രം സമ്മതിക്കുന്നു. ഒരു സ്ഥലത്തു നിന്നും അവർ ഭൂമിയിലെല്ലാം വ്യാപിച്ചതാണ്.

നോഹയുടെ മൂന്നു മക്കളായ ശേം, ഹാം, യാഫെത്ത് എന്നിവരുടെ സന്തതി പരമ്പരകളെക്കൊണ്ടാണ് ഭൂമി നിറഞ്ഞത്. അതിന്റെ വിശദ വിവരങ്ങൾ ഇല്ല എങ്കിലും ഉല്പത്തി പത്താം അദ്ധ്യായത്തിൽ അത് പരാമർശിക്കുന്നുണ്ട്. ലോകചരിത്രം എന്നു പറയുന്നത് അവിടെ പരാമർശിച്ചിരിക്കുന്ന വ്യക്തികളിൽ നിന്ന് ആരംഭിക്കുന്നതാണ്. എന്നാൽ പിന്നീട് ഈ ജനതകളുടെ ചരിത്രം വെളിപ്പെടുത്തുന്നതിൽ ബൈബിൾ നിശബ്ദത പാലിക്കുന്നു. ബൈബിളിലെ പല പ്രവചനങ്ങളും ഈ ജനതകളെപ്പറ്റിയുള്ളതാണ് താനും.

അറിഞ്ഞോ അറിയാതെയോ ബൈബിളിൽ ചരിത്രപരമായ വിശദവിവരങ്ങൾ ഇല്ലാത്തതിനാൽ പ്രവചനങ്ങൾ വ്യക്തമായി വ്യാഖ്യാനിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഉദാഹരണമായി യിരമ്യാ പ്രവാചകൻ മോവാബിനെപ്പറ്റി കൊടുത്തിരിക്കുന്ന പ്രവചനം മനസ്സിലാക്കണമെങ്കിൽ ചരിത്രത്തിൽ മോവാബിന് എന്തു സംഭവിച്ചു? അവർ എവിടെ ആയിരിക്കുന്നു എന്ന് അറിഞ്ഞിരിക്കണം.

മറ്റൊരു ഉദാഹരണമെടുത്താൽ ഉല്പത്തി 25–ാം അദ്ധ്യായത്തിൽ അബ്രഹാം മറ്റൊരു സ്ത്രീയെ (കെതൂറ) ഭാര്യയായി എടുക്കുന്ന വിവരവും ആ ബന്ധത്തിൽ ഉളവായ മക്കളെ അവർ പ്രായപൂർത്തിയായപ്പോൾ കിഴക്കോട്ടയച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് കിഴക്കു ദേശക്കാരെല്ലാം അബ്രഹാമിന് കെതൂറയിൽ ഉളവായ മക്കളുടെ സന്തതിപരമ്പരകളും അവർ എത്തുന്നതിനുമുമ്പ് അവിടെ ഉണ്ടായിരുന്ന ആദിവാസി സമൂഹങ്ങളുമായുള്ള മിശ്രിതങ്ങളുമാണെന്ന് അനുമാനിക്കാം. കൂടാതെ സാഹചര്യത്തെളിവുകളും ലഭ്യമായിട്ടുള്ള ചരിത്രവും പാരമ്പര്യവും അതിലേക്കു വിരൽ ചൂണ്ടുന്നതാണ്.

എന്നാൽ അവർ ഏതൊക്ക രാജ്യങ്ങളിലാണ് കുടിയേറിയതെന്ന് ബൈബിളിലെ ചരിത്രത്തിൽ നിന്നും വ്യക്തമല്ല. അതിന് ബൈബിളിനു പുറത്തുള്ള ലോകചരിത്രത്തെയും പാരമ്പര്യങ്ങളെയും ആശ്രയിക്കേണ്ടി വരുന്നു. ബൈബിളിലെ പ്രവചനങ്ങളും ലോകചരിത്രവും ഇവരെക്കൂടി ഉൾപ്പെടുത്തി ഉള്ളതാണ്. ജാതികളുടെ പിതാവ് എന്ന നിലക്ക് ലോകരാജ്യങ്ങളെല്ലാം അബ്രഹാമിന്റെ സന്തതിപരമ്പരകളും അവരുടെ മിശ്രിതങ്ങളുമാണ്. ഇതിലേക്ക് പിന്നീടു വരുന്നതായിരിക്കും.

മറ്റൊരു ഉദാഹരണമെടുത്താൽ സംഖ്യാപുസ്തകത്തിൽ ബിലയാം ദർശനം കാണുന്നത്, "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും; യിസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും; അതു മോവാബിന്റെ പാർശ്വങ്ങളെയെല്ലാം തകർക്കുകയും തുമുല പുത്രന്മാരെയെല്ലാം സംഹരിക്കുകയും ചെയ്യും" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന *"തുമുലപുത്രന്മാർ"* ആരാണ് ?

പല ഡിക്ഷണറികളും കമന്ററികളും പരിശോധിച്ചതിൽ ശേത്തിന്റെ പുത്രന്മാർ എന്നാണ് കാണുന്നത്. മലയാളം പരിഭാഷയിൽ മാത്രമാണ് തുമുലപുത്രന്മാർ എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത് – കാരണം മലയാളം വേദപുസ്തകം സുറിയാനി വേർഷനിൽ (Version) നിന്നുമാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത്. ഇംഗ്ലീഷ് പരിഭാഷകൾ പരിശോധിച്ചതിൽ രണ്ടു പരിഭാഷകളിൽ മാത്രമാ

ണ് തുമുല എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്; അതും നാമ മായിട്ടല്ല ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ നിന്നും പരിഭാഷയിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട് എന്നുള്ളത് വ്യക്തമാണല്ലോ? തുമുലപുത്രന്മാർ എന്നത് ശേത്തിന്റെ മക്കളാകാൻ വഴിയില്ല. കാരണം ശേത്ത് ആദാമിന്റെ മകനാണ്. നോഹയ്ക്ക് മുമ്പുള്ള ജനങ്ങളെല്ലാം പ്രളയത്തിൽ നശിച്ചു. പിന്നീട് നോഹയുടെ മൂന്നു പുത്രന്മാരുടെ സന്തതി പരമ്പരകളെക്കൊണ്ടാണ് ഭൂമി നിറഞ്ഞത്. തുമുലപുത്രന്മാർ ശേത്തിന്റെ പുത്രന്മാരാണെങ്കിൽ യാക്കോബിൽ നിന്നുയരുന്ന നക്ഷത്രം അഥവാ ചെങ്കോൽ അഥവാ സാമ്രാജ്യം ലോകത്തിലുള്ള ജനങ്ങളെയെല്ലാം സംഹരിക്കും എന്നാണ് മനസ്സിലാക്കേണ്ടത്. അത് യുക്തിക്ക് നിരക്കുന്നതല്ല. അത് ചരിത്രത്തിൽ സംഭവിച്ചിട്ടില്ല; ഇനിയും സംഭവിക്കും എന്ന് ചിന്തിക്കുന്നതിന് അടിസ്ഥാനവുമില്ല. ബൈബിൾ പണ്ഡിതന്മാരിൽ ഭൂരിപക്ഷവും വ്യാഖ്യാനിച്ചിരുന്നത് യാക്കോബിൽ നിന്ന് ഉദിക്കുന്ന നക്ഷത്രം യേശുക്രിസ്തുവാണെന്നാണ്. എന്നാൽ യേശുക്രിസ്തു മോവാബിന്റെ പാർശ്വങ്ങളെ തകർക്കുകയോ തുമുലപുത്രന്മാരെ സംഹരിക്കുകയോ ചെയ്തിട്ടില്ല എന്നു ചൂണ്ടിക്കാണിച്ചാൽ അവർക്ക് മറുപടിയില്ല.

ഇവിടെ പരിഭാഷയിൽ സംഭവിച്ച തെറ്റ് മനഃപൂർവ്വമായിരുന്നു എന്ന് വിശ്വസിക്കുവാൻ മതിയായ കാരണങ്ങളുണ്ട്. എസ്ഥേറിന്റെ പുസ്തകത്തിൽ താനൊരു യഹൂദനാണെന്ന കാര്യം മൊർദ്ദേഖായി മറച്ചു വെച്ചത് ഓർക്കുമല്ലോ? എസ്ഥേർ ഒരു യഹൂദസ്ത്രീയാണെന്ന് വെളിപ്പെടുത്തിയിരുന്നുവെങ്കിൽ രാജ്ഞി സ്ഥാനത്ത് വരുവാനുള്ള സാദ്ധ്യത വിരളമാണ്; കാരണം യഹൂദന്മാർക്ക് എതിരായ ശത്രുക്കൾ രാജധാനിയിലും സാമ്രാജ്യത്തിലും പ്രബലരായിരുന്നു. അവർ തീർച്ചയായും അതിന് എതിരായി കരുക്കൾ നീക്കുമായിരുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്ന് വിഭജിച്ചു ഭരിക്കുക എന്ന തന്ത്രമാണ് ഉപയോഗിച്ചത്. ഇന്ത്യയിലെ നാട്ടുരാജാക്കന്മാരെല്ലാം പൊതുവേ ഒരേ വർഗ്ഗത്തിൽ പെട്ടവരോ അവരുടെ മിശ്രിതങ്ങളോ ആയിരുന്നു. എന്നാൽ അവരുടെ പാരമ്പര്യങ്ങളൊക്കെ, വ്യക്തമായ ചരിത്രരേഖകളുടെ അഭാവത്തിൽ, മിത്തുകളായി ചിത്രീ

കരിച്ച് അവരിലെ സാഹോദര്യം നശിപ്പിച്ച്, അവരെ തമ്മിൽ വിഘടിപ്പിച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചത്. അതേ തന്ത്രം തന്നെയാണ് ബ്രിട്ടൻ ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യമായി വളരുവാൻ ഉപയോഗിച്ചതും.

പുരാതന കാലത്ത് എഴുത്തും വായനയും അറിയാവുന്നവർ ചുരുക്കമായിരുന്നു. യിസ്രായേൽമക്കൾക്ക് പൊതുവേ എഴുത്തും വായനയും വശമായിരുന്നു. അതുകൊണ്ട് പ്രവാസികളായ യഹൂദന്മാരും പ്രവാസികളായ *"10 ഗോത്രക്കാരും"* എല്ലാ രാജ്യങ്ങളിലും രാജസദസ്സുകളിലും അധികാരത്തിന്റെ ഉന്നതശ്രേണികളിലും പലപ്പോഴും വിലസിയിരുന്നു. 10 ഗോത്രക്കാരെക്കുറിച്ച് പിന്നീട് വിവരിക്കുന്നതായിരിക്കും.

റോമാസാമ്രാജ്യത്തിലും അധികാരക്കസേരകളുടെ പിമ്പിലുള്ള അധികാരം (Power behind the throne) അവരായിരുന്നു. അവരിൽ പലരും ചക്രവർത്തിമാരുടെ ഉപദേഷ്ടാക്കന്മാർ ആയിരുന്നു. യെരുശലേം തുർക്കികളുടെ കയ്യിൽ നിന്നും തിരിച്ചു പിടിക്കാനുള്ള പോപ്പിന്റെ ആഹ്വാനവും ഈ ശക്തികളുടെ പ്രേരണയാൽ ആയിരുന്നു. അതിലേക്ക് പിന്നീടു വരുന്നതായിരിക്കും.

ബൈബിളിന്റെ പരിഭാഷയിൽ, ബൈബിളിലെ വിവിധ ജാതികൾ തമ്മിലുള്ള ബന്ധം മറച്ചു വെച്ചത്, ഈ ശക്തികളുടെ ഗൂഢാലോചനയുടെ ഫലമായിട്ടായിരുന്നു എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല; കാരണം അഭ്യസ്തവിദ്യർ എന്ന നിലക്ക് ബൈബിൾ പരിഭാഷയിൽ ഈ ശക്തികൾ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരുന്നു. ഈ വിവരങ്ങൾ രഹസ്യമായി വെച്ചാലും ഒരു ദിവസം ദൈവം അത് വെളിപ്പെടുത്തുമല്ലോ?

ബ്രിട്ടീഷുകാർ അഥവാ ആംഗ്ലോ സാക്സൺസ് (Anglo-Saxons) എന്നത് അസ്സിറിയൻസ് (Assyrians) പിടിച്ചുകൊണ്ടുപോയി മറ്റു രാജ്യങ്ങളിൽ കുടിയിരുത്തിയ *"നഷ്ടപ്പെട്ടുപോയ പത്തു ഗോത്രങ്ങൾ" (Lost 10 tribes)* എന്ന് ചരിത്രത്തിൽ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നവരുടെ സന്തതിപരമ്പരകളാണ്. ഇതിലേക്ക് പിന്നിടു വരുന്നതായിരിക്കും. അവർ മൂന്നു സാമ്രാജ്യങ്ങളെ വീഴ്ത്തിയിട്ട് (Ottoman, Austro-Hungarian, Nepolean) അധികാരത്തിൽ വരുന്നതിന്

(ദാനിയേൽ 7:8) സഹോദരന്മാരായ യൂറോപ്പിലുള്ള പ്രവാസികളുടേയും ലോകമെമ്പാടും ചിതറപ്പെട്ടു കിടക്കുന്ന യഹുദന്മാരുടേയും സഹായവും (ചാരപ്രവർത്തനവും) വിഭജിച്ചു ഭരിക്കുക എന്ന തന്ത്രവും വേണ്ടവിധത്തിൽ ഉപയോഗിച്ചു എന്നു കാണാം. കാച്ചിക്ക രൂപത്തിലുള്ള ഒരു ദ്വീപ്, ഇംഗ്ലണ്ട് ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യമായി വളരുക എന്നത് സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല. എന്നാൽ വിഭജിച്ചു ഭരിക്കുക എന്നതു കൂടാതെ ലോകത്തെമ്പാടുമുള്ള സഹോദരന്മാരായ പ്രവാസികളുടേയും (10 ഗോത്രങ്ങൾ) യഹൂദ പ്രവാസികളുടേയും രഹസ്യമായുള്ള സഹായസഹകരണങ്ങൾ ഒരു പ്രധാന ഘടകമായിരുന്നു. എങ്കിലും പലപ്പോഴും അവർ പുറമെ ബദ്ധശത്രുക്കളായി അഭിനയിച്ചിരുന്നു - മറ്റുള്ളവരുടെ കണ്ണിൽ പൊടിയിടുവാൻ. അതുകൊണ്ട് ആംഗ്ലോ - സാക്സൺസ് മുൻകൈ എടുത്ത് പരിഭാഷപ്പെടുത്തിയ കിംഗ് ജയിംസ് വേർഷൻ (KJV) ബൈബിളിലെ ചരിത്രസത്യങ്ങൾ എത്രമാത്രം വികലമാണ് എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

യഹൂദന്മാർ, ബൈബിൾ മറ്റുള്ളവർ മനസ്സിലാക്കാതിരിക്കുന്നതിനാണ്, ഹിബ്രുഭാഷയിൽ വൗവ്വൽസ് (Vowels) ഇല്ലാതെ തയ്യാറാക്കിയത് എന്ന് പറയപ്പെടുന്നു. ഹിബ്രു ഭാഷയിലായിരുന്നില്ല മോശെ പഞ്ചപുസ്തകങ്ങൾ എഴുതിയത്. ഹിബ്രു കനാന്യരുടെ ഭാഷയായിരുന്നു. ലോകചരിത്രത്തിന് അടിസ്ഥാനമായി മറ്റൊരു ഗ്രന്ഥം ഇല്ലാതിരിക്കെ വർഗ്ഗങ്ങൾ തമ്മിലുള്ള ബന്ധം, അവരുടെ വേരുകളെപ്പറ്റി, പുരാതന ചരിത്രത്തെപ്പറ്റി അറിവുള്ളവർ യഹൂദന്മാരും ബ്രിട്ടീഷുകാരും മാത്രമായി എന്നു വന്നു. അധികാരത്തിൽ വരുന്നതിന് അത് അവർ ശരിക്കും മുതലെടുത്തു. ഇതിനെപ്പറ്റിയാണ് യിരമ്യാ പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നത് *"ശാസ്ത്രിമാരുടെ കള്ളയെഴുത്തുകോൽ അതിനെ വ്യാജമാക്കിത്തീർത്തിരിക്കുന്നു"* എന്നു എഴുതിയിരിക്കുന്നത് (യിരമ്യ. 8:8). ദൈവത്തിൽ നിന്ന് രക്ഷയോടുള്ള ബന്ധത്തിൽ ലഭിച്ച നിർദ്ദേശങ്ങൾക്ക് മാറ്റമൊന്നും വന്നിട്ടില്ല എങ്കിലും ബൈബിളിലെ ചരിത്ര വസ്തുതകൾ വികലമാക്കപ്പെട്ടു എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.

അതുപോലെ തന്നെ *"യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും, യിസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും"* എന്നത് ആരെപ്പറ്റിയാണ്, അത് ചരിത്രത്തിൽ ഉദിച്ച ഏതു സാമ്രാജ്യത്തെപ്പറ്റിയാണ് എന്ന് ഗ്രഹിക്കണമെങ്കിൽ യിസ്രായേലിന് ചരിത്രത്തിൽ എന്തു സംഭവിച്ചു എന്ന് വ്യക്തമായി അറിഞ്ഞിരിക്കേണം. എന്നാൽ അവർ തന്നെ എഴുതിയ ലോകചരിത്രത്തിൽ അവരെ *"Lost ten Tribes"* അഥവാ *"നഷ്ടപ്പെട്ടുപോയ 10 ഗോത്രങ്ങൾ"* എന്ന് നാമകരണം ചെയ്തിട്ട് അവരെപ്പറ്റിയുള്ള ഒരു വിവരവും നൽകുന്നില്ല. ലോകചരിത്രം എഴുതിയ പലർക്കും അത് പകർത്തിയെഴുതിയ പലർക്കും, നിഗൂഢമായ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നതായി സംശയിക്കുന്നതിൽ തെറ്റില്ല.

ശലോമോന്റെ കാലശേഷം വടക്കുള്ള പത്തു ഗോത്രങ്ങൾ യിസ്രായേൽ രാജ്യവും തെക്കുള്ള രണ്ടു ഗോത്രങ്ങൾ യഹൂദരാജ്യമാവുകയും ചെയ്തു. പിന്നീട് അസ്സീറിയൻസ് (ഈ അസ്സീറിയൻസ് ആരായിരുന്നുവെന്നും ബൈബിളിലെ ആരുടെ സന്തതി പരമ്പരകളായിരുന്നുവെന്നും ബൈബിൾ എഴുതിയവർക്കു വ്യക്തമായി അറിയാമായിരുന്നുവെങ്കിലും പിന്നീട് ബൈബിൾ പകർത്തിയെഴുതിയവരും പരിഭാഷപ്പെടുത്തിയവരും അത് മനഃപൂർവ്വം നീക്കം ചെയ്തു എന്നു സംശയിക്കേണ്ടിയിരിക്കുന്നു) യിസ്രായേലിനെ പിടിച്ചുകൊണ്ടുപോയി മറ്റു ഭൂവിഭാഗങ്ങളിൽ അവരെ കുടിയിരുത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നതല്ലാതെ ഭാവിയിൽ അവർക്ക് എന്തു സംഭവിച്ചു എന്ന് ബൈബിളിൽ നിന്നും വ്യക്തമല്ല. അതു മനസ്സിലാക്കുന്നതിന് ബൈബിളിന് പുറത്തുള്ള ലോകചരിത്രമോ പാരമ്പര്യങ്ങളെയോ ആശ്രയിക്കേണ്ടിയിരിക്കുന്നു. വെളിപ്പാടിലെയും ബൈബിളിലെ മറ്റു പ്രവചനങ്ങളെയും മനസ്സിലാക്കുന്നതിന് ഇതാവശ്യമാണ്.

വെളിപ്പാടുപുസ്തകം പ്രവചനമായതിനാൽ പ്രവചനം മനസ്സിലാക്കുന്നതിന് വേണ്ട മുൻകരുതലുകളെപ്പറ്റിയാണ് പറഞ്ഞുവരുന്നത്. പ്രവാചകൻ വിദൂരഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങൾ ദർശനം കാണുമ്പോൾ ആ ദർശനം വിവരിക്കുവാൻ ഭാഷയിൽ വാക്കുകൾ ഇല്ലാതിരിക്കുന്നത് കാരണം ദർശനം പ്രതീകാത്മകമായി ചിത്രീകരിക്കുവാനേ വഴിയുള്ളൂ. ഉദാഹര

ണമായി അമേരിക്ക എന്ന രാജ്യം പ്രവാചകൻ ദർശനത്തിൽ കാണുകയാണെന്നിരിക്കട്ടെ. അമേരിക്ക എന്ന പേരോ, രാജ്യമോ നിലവില്ലാത്തതുകാരണം നക്ഷത്രമെന്നോ, കൊമ്പു എന്നോ, മൃഗം എന്നോ മാത്രമേ രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. മൃഗത്തിന്റെയോ കൊമ്പിന്റെയോ വർണ്ണനയിൽ നിന്നും ചരിത്രമറിയാവുന്നവർക്ക് ഇത് ആരെപ്പറ്റിയാണ് വർണ്ണിച്ചിരിക്കുന്നതെന്ന് പ്രവചനം നിറവേറുമ്പോഴോ അതിനുശേഷമോ മനസ്സിലാക്കാൻ കഴിയും. ചരിത്രമറിഞ്ഞതുകൊണ്ട് മാത്രമായില്ല അത് മനസ്സിലാക്കാനുള്ള ദൈവകൃപയും ആവശ്യമാണ്.

എന്നാൽ ഏതു പ്രവചനത്തിനും ഭാഗികമായ നിവൃത്തിയുണ്ടാകാവുന്നതുകൊണ്ട് ഏതു കാലഘട്ടത്തിലും പ്രവചനം വായിക്കുന്നവർക്ക് അത് പ്രസക്തമായി അനുഭവപ്പെടാം. ഉദാഹരണമായി റോമാസാമ്രാജ്യത്തിൽ സഭ ഉപദ്രവത്തിൽ കൂടി കടന്നുപോയത് വെളിപ്പാടിലെ പ്രവചനമായി പലരും കണ്ടെന്നിരിക്കാം. അന്നു ജീവിച്ചിരുന്നവർക്ക് അതിൽ നിന്ന് ഉത്തേജനവും പ്രതീക്ഷയും ലഭിക്കുവാൻ അതു കാരണമായി. അതുകൊണ്ട് പ്രവചനത്തിന് ഭാവിയിൽ ഒരു യഥാർത്ഥ നിവൃത്തി ഉണ്ടായിക്കൂടെന്നില്ല. വെളിപ്പാടിലെ പ്രവചനങ്ങൾ സഭ റോമാസാമ്രാജ്യത്തിലെ പീഡനങ്ങളിൽക്കൂടി കടന്നുപോയ അനുഭവമായി പലരും കാണുന്നത് അതിന്റെ ഭാഗീകമായ നിവൃത്തിയാണ്.

'വായനയ്ക്കു മുമ്പ്' എന്ന അടുത്ത അദ്ധ്യായവും പുസ്തകത്തിന്റെ ചരിത്രപശ്ചാത്തലം തന്നെയാണ്.

## വായനയ്ക്കുമുമ്പ്

**വെളിപ്പാട് പുസ്തകത്തിന്റെ എഴുത്തുകാരൻ:** യോഹന്നാന്റെ സുവിശേഷവും യോഹന്നാൻ ഒന്നും രണ്ടും മൂന്നും ലേഖനങ്ങളും എഴുതിയ അപ്പോസ്തലനായ യോഹന്നാനാണ് പുസ്തകത്തിന്റെ എഴുത്തുകാരൻ എന്നാണ് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

**എഴുതിയ കാലഘട്ടം:** റോമൻ ചക്രവർത്തിയായ ഡെമിഷ്യന്റെ ഭരണകാലത്ത്. യേശുവും അപ്പോസ്തോലന്മാരും ജീവിച്ചിരുന്നത് റോമാസാമ്രാജ്യ ഭരണകാലത്തായിരുന്നു. അത് ചരിത്രത്തിൽ ഉദിച്ച് അസ്തമിച്ച ദാനിയേൽ ദർശനം കാണുന്ന നാലാമത്തെ സാമ്രാജ്യമായിരുന്നു. ദാനിയേലിന്റെ ദർശനത്തിൽ കാണുന്ന ബിംബത്തിൽ തല ബാബിലോണിയൻ സാമ്രാജ്യവും കൈകളും മാറിടവും അതിനുശേഷം വന്ന പേർഷ്യൻ സാമ്രാജ്യവും തുടയും വയറും ഗ്രീക്കു സാമ്രാജ്യവും കാലുകൾ രണ്ടും റോമൻ സാമ്രാജ്യവും പാദങ്ങൾ കളിമണ്ണും ഇരുമ്പും കലർന്ന നാം ജീവിക്കുന്ന അന്ത്യനാളുകൾ ആയ ജനാധിപത്യയുഗവുമാണ്.

ബാബിലോണിയൻ സാമ്രാജ്യത്തിനുമുമ്പ് ഉണ്ടായിരുന്നത് അസ്സീറിയൻ സാമ്രാജ്യമായിരുന്നു. ഈ അസ്സീറിയൻസാണ് വടക്കുള്ള പത്തു ഗോത്രങ്ങളായ യിസ്രായേലിനെ പിടിച്ച് മറ്റു ഭൂവിഭാഗങ്ങളിൽ കുടിയിരുത്തിയത്. അസ്സിറിയൻ സാമ്രാജ്യത്തിനുമുമ്പ് ഒരു ഒന്നാം ബാബിലോൺ സാമ്രാജ്യം എന്നു വിളിക്കുന്ന ഭരണകൂടവും അതിന്റേതായ ഹമ്മുറാബി എന്ന ഭരണകർത്താവിന്റെ നിയമസംഹിതകളും ഉണ്ടായിരുന്നു എന്ന അഭിപ്രായം ഉണ്ടെങ്കിലും പണ്ഡിതന്മാരുടെ ഇടയിൽ ഏക അഭിപ്രായമില്ല. ഹമ്മുറാബി, ഉല്പത്തി 14:1-ൽ പറയുന്ന അംറാഫേൽ (Amraphel) ആ

ണ് എന്ന് ചിന്തിക്കുന്നവരും ഉണ്ട്. അന്ന് രാജാക്കന്മാർ രാജ്യം ഭരിച്ചിരുന്നു എങ്കിലും അത് സാമ്രാജ്യമായിരുന്നോ എന്നതിൽ സംശയമുണ്ട്. ഇത്രയും എഴുതിയത് ഓരോ സംഭവങ്ങളും ഏതു കാലഘട്ടത്തിലാണ് നടന്നതെന്നും ഇപ്പോൾ നാം ആയിരിക്കുന്ന കാലഘട്ടം ഏതെന്നുമുള്ള വ്യക്തമായ ധാരണ പ്രവചനങ്ങൾ മനസ്സിലാക്കുന്നതിന് അത്യന്താപേഷിതമാണ് എന്നതിനാലാണ്.

ഓരോ സാമ്രാജ്യവും ഉദിച്ച് അസ്തമിച്ചത് വ്യത്യസ്തമായ യുഗങ്ങൾ അഥവാ സംസ്കാരങ്ങളിലാണ്. ദൈവം ഓരോ ജനതയ്ക്കും അതത് കാലത്ത് സാമ്രാജ്യങ്ങൾ അനുവദിക്കുകയും ചരിത്രത്തിൽ ഒരു സാമ്രാജ്യം മറ്റൊരു സാമ്രാജ്യത്തിന് വഴി മാറിക്കൊടുക്കുകയും ചെയ്തു.

മുകളിൽ വിവരിച്ചതിൽ അസ്സിറിയൻ സാമ്രാജ്യം അബ്രഹാമിന് കെതൂറയിൽ ജനിച്ച യാക്ശാന്റെ മകനായ ശെബയുടെ മകനായ അശ്ശൂറിം (Ashurim) സ്ഥാപിച്ചതാണ് (ഉല്പ. 25:3 ) ലഭിച്ചിട്ടുള്ള തെളിവുകൾ അതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അബ്രഹാം തനിക്ക് കെതുറയിൽ ഉളവായ മക്കളെ അവർക്ക് ദാനങ്ങൾ മാത്രം കൊടുത്ത് കിഴക്കേദേശത്തേക്ക് അയച്ചതായി ബൈബിളിൽ കാണുന്നു (ഉല്പ. 25:6). അവർ പ്രബലരായപ്പോൾ യിസ്ഹാക്കിന്റേയും യാക്കോബിന്റേയും സന്തതി പരമ്പരകളോടുള്ള പക കാരണമാവാം വടക്കുള്ള 10 ഗോത്രങ്ങളെ പിടിച്ചുകൊണ്ടുപോയി മറ്റു ഭൂവിഭാഗങ്ങളിൽ കുടിയിരുത്തിയത്.

ഇന്നുള്ള കിഴക്കുദേശക്കാരായ ജപ്പാൻ, കൊറിയ, ചൈനയിലെ ഹാൻ വംശജർ, ഇന്ത്യയിലെ ആര്യവംശജർ, പേർഷ്യ, റക്ഷ്യ, മംഗോളിയ, ടർക്കി, മധ്യേഷ്യയിലെ രാജ്യങ്ങൾ എല്ലാം അബ്രഹാമിന് കെതുറായിൽ ഉളവായ മക്കളുടെ സന്തതി പരമ്പരകളോ അവരുടെ മിശ്രിതങ്ങളോ ആണെന്നുള്ളതിന് ചരിത്രപരമായ വസ്തുതകൾ നിരത്തുവാനുണ്ട്. അവർ കുടിയേറിയിരുന്നതായ പ്രദേശങ്ങളെ ആസിയ (Asia) എന്ന് വിളിച്ചു വരുന്നു. Kan-door-Ha എന്നതിന്റെ ചുരുക്കപ്പേരാണ് കെതൂറ എന്നത്. As-Ka എന്നത് ലോപിച്ചാണ് As-ya എന്നാവുകയും പിന്നീട് Asia എന്ന് വിളിച്ചു വരികയും ചെയ്തതു. As-Ka എന്നതിന്റെ അർത്ഥം Kan ന്റെ അവ

കാശസ്ഥലമെന്നോ Kan -ന്റെ അധീനതയിൽ പെട്ടതോ എന്നാണ് അർത്ഥം. ഈ രാജ്യങ്ങളിൽ പലതും Stan എന്ന Suffix-ലാണ് അറിയപ്പെടുന്നത്. (Hindustan, Pakistan, Uzbekistan, Afganistan Etc) Kan ലോപിച്ചാണ് Stan ആയിരിക്കുന്നത്. ചൈനയിലെ ജനങ്ങളായ ഹാൻ (Han) വംശവും Kan വംശജരാണ്. Kan എന്നത് ഈ രാജ്യങ്ങളിലെല്ലാം സർവ്വസാധാരണമായ പേരും പല ഭരണാധികാരികളുടെ(Genkishkan)പേരുമാണ്. ഇത്രയും എഴുതിയത് ചരിത്രപരമായ അവബോധം പ്രവചനങ്ങൾ മനസ്സിലാക്കുന്നതിന് പിന്നീട് ആവശ്യമായി വരും എന്നതുകൊണ്ടാണ്.

കെതൂറയിലുണ്ടായ മക്കളുടെ വിവിധ വർഗ്ഗങ്ങൾ ഈ പ്രദേശങ്ങളിൽ കുടിയിരിക്കുമ്പോൾ മറ്റു ആദിവാസികൾ അവിടെ ഉണ്ടായിരുന്നു. അതായത്, ബാബേലിൽ വെച്ച് ഭാഷയുടെ കലക്കത്തിൽ ഭൂമിയുടെ വിവിധ ഭാഗങ്ങളിലേക്ക് ചിതറപ്പെട്ടവരാണ് ഇവർ. ഇവർ കൂടുതലും ഹാമിന്റെ സന്തതി പരമ്പരകളായിരുന്നു. കെതൂറയുടെ മക്കൾ ഇവരുമായി ഇടകലരുകയോ ഇവരെ ഓടിച്ചു കളയുകയോ ചെയ്തു. ഇന്ത്യയിൽ കുടിയേറിയ ആര്യന്മാർ അബ്രാമ്യ പാരമ്പര്യം ഉള്ളവരായിരുന്നു. അബ്രഹാമിൽ നിന്നാണ് ബ്രാഹ്മിൻസ് (Brahmins) ആര്യന്മാരുടെ ദേവനായ രാമൻ (Raman) എന്ന പേരുവന്നത്. (അബ്രഹാമിന്റെ ഹിബ്രു നാമമായ അവിരലോപിച്ചാണ് ആര്യ എന്ന നാമം ഉണ്ടായിട്ടുള്ളത്).

ആര്യന്മാർ ആദിവാസികളായ കറുത്ത വർഗ്ഗക്കാരായ ഹാമിന്റെ വംശാവലിയിൽ പെട്ടവരായ ദ്രാവിഡന്മാരെ തെക്കോട്ടു തള്ളുകയും സൗത്ത് ഇന്ത്യ ദ്രാവിഡന്മാരുടെ വാസസ്ഥലമാകുകയും ചെയ്തു. സവർണ്ണരായ ആര്യന്മാർ വീണ്ടും കാലക്രമേണ സൗത്ത് ഇന്ത്യ കയ്യേറുകയും ദ്രാവിഡരായ കറുത്ത വർഗ്ഗക്കാരെ അധീനതയിലാക്കുകയും ചെയ്തു. വർഗ്ഗങ്ങൾ തമ്മിലുള്ള സങ്കരമാണ് ഇന്ന് കാണുന്നത്. ചൈനയിൽ കുടിയിരുന്ന ആര്യന്മാരുടെ സഹോദരന്മാരായ ഹാൻ (Han) വംശജർ ആദിവാസികളായ കറുത്ത വർഗ്ഗക്കാരെ തെക്കോട്ടു തള്ളുകയും അവർ കംമ്പോഡിയ, ബർമ്മ വഴിയായി ആൻഡമാൻ ദ്വീപുകൾ, മലേഷ്യ, പോളിനേഷ്യ വഴിയായി ആസ്ട്രേലിയയിലും വാസമുറപ്പിച്ചു.

സൈബീരിയ, മംഗോളിയ മുതലായ പ്രദേശങ്ങളിൽ കുടിയിരുന്ന കെതൂറയുടെ തലമുറകൾ അവിടെ നിന്നും ബെറിംങ് കടലിടുക്കു വഴി വടക്കേ അമേരിക്കയിലും വാസമുറപ്പിച്ചു. അവരെ മംഗോളിയൻ വംശജർ എന്നു പറയപ്പെടുന്നു. കെതുറയുടെ തലമുറകളായ പുരാതന സംസ്ക്കാരമായ മിറ്റാനി (Mitanni) ഇന്നത്തെ ടർക്കി പ്രദേശങ്ങളിൽ നിന്നും പ്രയാണം ചെയ്തു ഹംഗറിയിലും ,മറ്റൊരു കൂട്ടർ ലിത്തുവാനിയ, ലാറ്റിവ, ഫിൻലാൻഡ്, റക്ഷ്യ പ്രദേശങ്ങളിലും, മറ്റു ചിലർ ഐർലന്റിലും സ്കോട്ട്ലന്റിലും, വേറൊരു കൂട്ടർ വടക്കേ ആഫ്രിക്കയിൽ ലിബിയ പ്രദേശങ്ങളിലും കുടിയിരുന്നു. യൂറോപ്പിൽ കാറ്റലോണിയ, ബാഴ്സിലോണിയ, പോർച്ചുഗൽ പ്രദേശങ്ങളിൽ അവർ താമസമാക്കി. യൂറോപ്പിൽ ബാസ്ക് വംശജരും കാർത്തേജ് കേന്ദ്രമാക്കിയ ഹാനിബാളും കെതുറയുടെ തലമുറയിൽ പെട്ടവനാണ്. പോർച്ചുഗൽകാരനായ ഗാമയുടെ പേര് 'കാ' (ka) യിലാണ് ആരംഭിക്കുന്നത്.

ജോസേഫിയസ് എന്ന ജൂത ചരിത്രകാരൻ എഴുതിയിരിക്കുന്നത് കെതുറയുടെ മകനായ മിദ്യാന്റെ മകനായ 'ഏഫ' (ഉല്പത്തി 25:4) വടക്കേ ആഫ്രിക്ക പ്രദേശങ്ങൾ കീഴടക്കുകയും അദ്ദേഹത്തിന്റെ പേരിൽ നിന്നാണ് ആ ഭൂഖണ്ഡത്തിന് ആഫ്രിക്ക എന്ന് പേരായത് എന്നാണ്. അവിടെ നിന്നും അവർ നോർത്ത് ആഫ്രിക്ക മുഴുവനും വ്യാപിച്ചു. മിദ്യാന്റെ തന്നെ മറ്റൊരു മകനായ 'ഏഫർ' (ഉല്പത്തി 25:4) പേർഷ്യൻ പ്രദേശങ്ങളിൽ നിന്ന് സെമറ്റിക് വംശജരായ ഏലാമൈറ്റിനെ (Elamites) തുരത്തിയിട്ട് അവിടെ വാസമുറപ്പിച്ചു. മിദ്യാന്റെ മക്കൾ തന്നെയാണ് ആഫ്രിക്ക ഭരിച്ചതും പിരമിഡുകൾ നിർമ്മിച്ചതുമായ ഹാപ്പിരു വംശജർ.

വിദേശികൾ തങ്ങളെ ഭരിച്ചിരുന്നു എന്നും, ലോകത്തിലെ അത്ഭുതങ്ങളിലൊന്നായ പിരമിഡുകൾ ഈ വിദേശികൾ നിർമ്മിച്ചതാണെന്നും സമ്മതിക്കാൻ ആഫ്രിക്കക്കാരായ ചരിത്രകാരന്മാർക്ക് അല്പം മടിയുണ്ട്. അതുകൊണ്ട് ഈജിപ്തിന്റെ ചരിത്രത്തിലെ ഈ കാലഘട്ടത്തെ ഇരുണ്ട കാലഘട്ടം എന്നു വിളിച്ചിട്ട് ചരിത്രപരമായ വിശദവിവരങ്ങൾ അവർ വിട്ടുകളഞ്ഞു. യൂറോപ്പിന്റെ ചരിത്രത്തിലും ഇതുപോലെയൊരു ഇരുണ്ട കാലഘട്ടം ഉണ്ട്. ചരിത്രകാരന്മാർ അവർക്ക് എഴുതാൻ ഇഷ്ടമില്ലാത്ത വിഷയങ്ങൾ

വിട്ടുകളയാനുള്ള ഒരു മാർഗ്ഗമാണിത്. ഇന്ത്യയിലും ബ്രിട്ടീഷ് ഭരണം കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടായെന്നോ ലോകത്തിലെ അത്ഭുതങ്ങളിലൊന്നായ താജ്മഹൾ പണി കഴിപ്പിച്ചത് വിദേശ മുസ്ലീം ഭരണാധികാരികളായിരുന്നുവെന്നോ സമ്മതിക്കാൻ പലർക്കും മടിയുണ്ട്. മനുഷ്യനിലെ സ്വാർത്ഥതയും അസൂയയും അത്രമേൽ ശക്തമാണ്. ഇന്ത്യയുടെ ഇപ്പോഴുള്ള GDPയ്ക്ക് അടിസ്ഥാനം ബ്രിട്ടീഷ് ഭരണമാണ്.

ഏഫർ എന്ന പേരിൽ നിന്നുമാണ് അവർ കുടിയിരുന്നതായ പ്രദേശത്തിന് ഫാർ (Far) പ്രോവിൻസ് എന്ന പേരായതും ഫർ എന്ന പേരിൽ നിന്നാണ് പേർഷ്യ ആയതും. ഇന്ത്യയിൽ കുടിയേറിയ ആര്യന്മാർ പേർഷ്യക്കാരുടെ സഹോദരർ എന്ന നിലയിൽ ഏഫറിന്റെ സന്തതി പരമ്പരകളാണ്. ഭാരതം എന്ന പേരും ഏഫറുമായി ബന്ധപ്പെട്ടിരിക്കുന്നു. കെതുറയുടെ തലമുറകളായ ലെറ്റൂഷിം (Lettushim) നിന്നും ലിത്വാനിയ എന്ന പേരുണ്ടായി. ലെയുമ്മിം (Leumim) -ൽ നിന്ന് Umbrians ഉളവായി. അവർ ഇറ്റലിയിലും അവിടെ നിന്നും ബ്രിട്ടീഷ് ദ്വീപുകളിലും വ്യാപിച്ചു. ഇറ്റലിയിലെ എട്രസ്ക്കൻസ് (Etruscans) കെതൂറയുടെ തലമുറകളായിരുന്നു. അവർ ഏഷ്യാമൈനറിലെ ലിഡിയ (Lydia) പ്രദേശങ്ങളിൽ നിന്ന് ട്രോജൻ യുദ്ധത്തിന് ശേഷം ഇറ്റലിയിൽ കുടിയേറിയവരാണ്. Eldaah (ഉല്പത്തി 25:4) -ൽ നിന്നുമാണ് Lydia, ഇല്ലീരിയ നാമങ്ങൾ ഉളവായത് (El-da-ka =Eldaah and El-da-ka =Il-ra-ka=Ilerya= Illeria) . Albanians ഇവരുടെ സന്തതി പരമ്പരകളാണ്.

കെതുറയുടെ മറ്റൊരു മകനായ മെഡാൻ (Medan) ൽ നിന്ന് മേദ്യ-പേർഷ്യ സാമ്രാജ്യത്തിന്റെ സ്ഥാപകരായ മേഡിയൻസ് ഉത്ഭവിച്ചു. ഇന്ത്യയിൽ പഞ്ചാബിൽ കുടിയേറിയ സിഖ് (Sikh) വംശജർ ഇവരുടെ തലമുറകളാണ് എന്ന് ഒരു പാരമ്പര്യം ഉണ്ട്. കെതുറയുടെ മറ്റൊരു മകനായ ഇഷ്ബക്ക് (Ishbak ) സെൻട്രൽ ഏഷ്യയിൽ വ്യാപിച്ചു. അദ്ദേഹത്തിന്റെ പേരിൽ നിന്നാണ് ഉസ്ബെക്കിസ്ഥാൻ (Uzbkistan) എന്ന പേര് ഉളവായത്. ഇതേ പേരിൽ നിന്നുമാണ് ബൈബിളിൽ പറഞ്ഞിരിക്കുന്ന ഊസ് (Uz ) ദേശത്തിന്റെ പേരായത്. ബൈബിളിലെ ഇയ്യോബ് എന്ന വ്യക്തി ഊസ് ദേശക്കാരനും ഇഷ്ബക്കിന്റെ തലമുറയിൽ പെട്ടയാളുമാണ്.

ഊസ് (Uz ) ദേശത്തുനിന്നും ടർക്കിയിൽ കുടിയേറിയ ഇഷ്ബ ക്കിന്റെ (Ishbak ) തലമുറകളാണ് ടർക്കിഷ് അല്ലെങ്കിൽ റ്റാർട്ടാർ വംശജർ. മംഗോളിയൻസും ചെംങ്കിസ്ഖാനും തുമുർലെയിനു മെല്ലാം ഇവരുടെ തലമുറകളാണ്. കെതുറയുടെ മറ്റൊരു മക നായ സിമ്രാനിൽ നിന്ന് സിമ്മേറിയൻ ഉളവായി. ഇവർ ഗ്രീക്ക ദ്വീപുകൾ ആക്രമിച്ച വിവരം ചരിത്രത്തിന്റെ പിതാവായ ഹെ റോഡോട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. സ്പാർട്ടാക്കാർ ഇവരുടെ തലമുറകളാണെന്ന് ചിന്തിക്കുന്നതിന് സാഹചര്യത്തെളിവുകൾ അനുകൂലമാണ്. സ്പാർട്ടയും ഗ്രീസുമായി എന്നും യുദ്ധമുണ്ടാ യിരുന്നുവല്ലോ?

അതുപോലെ തന്നെ സിമ്മേറിയൻസിൽ നിന്ന് ഒരു കൂട്ടർ യൂറോ പ്പിൽ കുടിയേറിയതാണ് ബാസ്ക്ക് വർഗ്ഗക്കാർ. സിമ്മേറിയൻസി ന്റെ തലമുറകളാണ് ബാസ്ക് വംശജർ എന്ന് ഒരു പാരമ്പര്യം ഉണ്ട്. ആ നിലയ്ക്ക് പേർഷ്യയും സ്പാർട്ടയും സഹോദരന്മാ രായിരുന്നു. എന്നാൽ മേധാവിത്വത്തിനു വേണ്ടിയുള്ള മത്സരം അവരെ രണ്ടു ചേരികളിലാക്കി. ഗ്രീസിൽ നിന്നും ഇവരുടെ തന്നെ തലമുറകൾ മാസിഡോണിയയിൽ കുടിയേറിയെന്നും മഹാനായ അലക്സാണ്ടർ ഇവരുടെ സങ്കരമാണെന്നും പാര മ്പര്യമുണ്ട്. ഗ്രീക്കുകാർ മാസിഡോണിയക്കാരനായ അലക്സാ ണ്ടറെ ശരിയായ ഗ്രീക്കുകാരനായി അംഗീകരിച്ചിട്ടില്ലായിരുന്നു. അലക്സാണ്ടർ ഗ്രീക്കുകാരെ യുദ്ധം ചെയ്ത് അധീനതയിൽ കൊണ്ടു വന്നു. ഗ്രീക്കിന്റെ സങ്കരമായതുകൊണ്ട് അവർ അദ്ദേ ഹത്തിന് വേണ്ടി യുദ്ധം ചെയ്യുവാൻ തയ്യാറായി എന്നു മാത്രം. അലക്സാണ്ടറുടെ കെതുറ-പേർഷ്യൻ ബന്ധം ജനങ്ങളെ തന്റെ കൂടെ നിർത്തുന്നതിനും പേർഷ്യാക്കാരനായ ഡേറിയസിനു എ തിരെ തിരിയുന്നതിനും സഹായിച്ചു. പേർഷ്യ കീഴടക്കിയശേഷം അലക്സാണ്ടർ പേർഷ്യൻ വംശജയായ സ്ത്രീയെ വിവാഹം കഴിക്കുകയും തന്റെ സൈനികരേയും ജനറൽമാരെയും പേർ ഷ്യൻ സ്ത്രീകളെ വിവാഹം കഴിക്കാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു. രണ്ടും വളരെ സാമ്യമുള്ള സംസ്കാരമായിരുന്നു - കെതുറ ബന്ധം കാരണം.

കെതുറയുടെ മറ്റൊരു മകനായ ശുവാ (Shua ) (ഉല്പത്തി 25:2)

എന്ന പേരിൽ നിന്നാണ് സോവിയറ്റ് എന്ന പേര് ഉത്ഭവിച്ചത്. സോവിയറ്റ് യൂണിയൻ പ്രദേശങ്ങളും ബാൽക്കൻ പ്രദേശങ്ങളും ഇവരുടെ വാസസ്ഥലമായി. ശുവായുടെ തന്നെ തലമുറയിൽ പെട്ട സേലാ (Sela ) (ഉല്പത്തി 38:5) നിന്നുമാണ് സ്ലവ് (Slav ) വംശജർ ഉത്ഭവിച്ചത്. അവിടെ രേഖപ്പെടുത്തിയിരിക്കുന്ന കെസിബ് (Chezib ) -ൽ (ഉല്പ. 39:5) നിന്നുമാണ് യുക്രൈന്റെ തലസ്ഥാനമായ Kiev എന്ന സ്ഥലത്തിന്റെ പേര് ഉളവായത്. Kiev, സ്ലവ് വംശജരുടെ മാതൃഭൂമിയാണെന്ന കാര്യം ഓർക്കുമല്ലോ. ഇവർ യൂഗോസ്ലാവിയ പ്രദേശങ്ങളിലും വ്യാപിച്ചു. ഇവരെല്ലാമാണ് പുരാതന സംസ്കാരങ്ങൾ പടുത്തുയർത്തിയ പുരാതന ജനങ്ങൾ. പുരാതന കാലത്തുണ്ടായിരുന്ന കുടിപ്പകയുടേയും വർഗ്ഗ സമരങ്ങളുടേയും പിൻതുടർച്ച തന്നെയാണ് പിന്നീട് ഉണ്ടായ യുദ്ധങ്ങളും, ഈ അടുത്ത കാലത്ത് ഉണ്ടായിട്ടുള്ള യുദ്ധങ്ങളും അന്താരാഷ്ട്ര ബന്ധങ്ങളിൽ രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണവും.

ദൈവം ചരിത്രത്തിൽ വിവിധ സാമ്രാജ്യങ്ങൾ അനുവദിച്ചതിന്റെ കാര്യമാണല്ലോ വിവരിച്ചു കൊണ്ടിരുന്നത്.

അസ്സിറിയൻ സാമ്രാജ്യത്തിനുശേഷം വന്നതായ ബാബിലോണിയൻ സാമ്രാജ്യവും അബ്രഹാമിന് കെതുറയിൽ ഉളവായ കൽദയരാൽ (Kaldeans or Chaldeans ) സ്ഥാപിതമായതാണ്. പല ജനവിഭാഗങ്ങളും ആ സാമ്രാജ്യത്തിൽ ഉണ്ടായിരുന്നുവെങ്കിലും Kassitse എന്ന് ചരിത്രത്തിൽ വിളിക്കുന്ന കൂട്ടരായിരുന്നു അതിന്റെ ഭരണതലത്തിൽ. അവർ മുമ്പുണ്ടായിരുന്ന അസ്സിറിയൻസിന്റെ സഹോദരന്മാരായിരുന്നു. നെബുഖദ്നേസർ ആയിരുന്നു അതിലെ പ്രസിദ്ധനായ ചക്രവർത്തി. ഇസഹാക്കിന്റെ അനുഗ്രഹിക്കപ്പെട്ട മകനായ യാക്കോബിന്റെ സന്തതികളോടുള്ള പക കാരണം കൂടിയാവാം അവർ തെക്കുള്ള യഹൂദയെ പ്രവാസത്തിലേക്ക് കൊണ്ടുപോയത്. നമുക്കു ചുറ്റും കാണുന്ന കുടുംബങ്ങളിലുള്ള കുടിപ്പകകളും സംഘട്ടനങ്ങളും തന്നെയാണ് അബ്രഹാമിന്റെ കുടുംബത്തിലും അരങ്ങേറിയത്.

മുകളിൽ വിവരിച്ച വിവിധ വർഗ്ഗങ്ങൾ തമ്മിൽ നിരന്തരമായ കി

ടമത്സരങ്ങളും സംഘട്ടനങ്ങളും ഉണ്ടായിരുന്നു. യാക്കോബും ഏശാവും തമ്മിലുള്ള മത്സരവും യിസ്രായേലും യൂദായും തമ്മിലുള്ള യുദ്ധങ്ങളും ഓർക്കുമല്ലോ. പൊതുവേ ഒരേ വർഗ്ഗത്തിൽപ്പെട്ടവർ യുദ്ധത്തിൽ ഒരു പൊതുവായ ശത്രുവിനെതിരായി ഒരുമിച്ചു നിൽക്കുകയാണ് പതിവ്. എപ്പോഴും അതാകണമെന്നില്ല. നൂറുകണക്കിന് അല്ലെങ്കിൽ ആയിരക്കണക്കിന് വർഷങ്ങൾ പിന്നിടുമ്പോൾ ബന്ധങ്ങൾ ശിഥിലമാകുകയും ആ ബന്ധങ്ങളെപ്പറ്റിയുള്ള അറിവ് തന്നെ മാഞ്ഞുപോവുകയും ചെയ്യുമ്പോൾ ഒരേ വർഗ്ഗത്തിൽപ്പെട്ടവർ ശത്രുക്കളായി മാറുന്നു. മതപരമായ വേർപിരിവുകൾ ഇതിനെ കൂടുതൽ സങ്കീർണ്ണമാക്കാം. ഉദാഹരണമായി സെർബിയക്കാരും ക്രൊയോഷ്യക്കാരും സ്ലവ് വംശജർ എന്ന നിലയിൽ സഹോദരന്മാർ ആകുന്നു. അവർ രണ്ടു കൂട്ടരും ക്രിസ്ത്യാനികളുമാകുന്നു. എങ്കിലും ഒരു കൂട്ടർ ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ടവരും മറ്റൊരു കൂട്ടർ കത്തോലിക്ക വിഭാഗത്തിൽപ്പെട്ടവരുമായതിനാൽ അവർ തമ്മിൽ ശത്രുതയിലായി. അതിനെ മുതലെടുക്കാൻ പല ബാഹ്യശക്തികളും ഇടപെടുകയും ചെയ്തു. വിഭജിച്ചു ഭരിക്കുക എന്ന തന്ത്രം ഇവിടെയെല്ലാം കാണാൻ സാധിക്കും.

ഈ അദ്ധ്യായം പൂർത്തിയാക്കുന്നതിനുമുമ്പ് ഉല്പത്തി പത്താം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന വംശാവലി (Table of Nations) യെപ്പറ്റി അല്പം വിശദീകരിക്കേണ്ടതുണ്ട്. വെളിപ്പാടും ദാനിയേലും വ്യക്തമാക്കുന്നതിന് ഇത് ആവശ്യമാണ്. ഉല്പത്തി 10-ൽ ശേം, ഹാം, യാഫേത്ത് എന്നിവരുടെ വംശാവലിയാണ് വിശദീകരിച്ചിരിക്കുന്നത്. ആദ്യമായി യാഫേത്തിന്റെ പുത്രന്മാരുടെ പേരുകൾ എടുത്തു പറഞ്ഞിട്ട് അവർ എവിടെയാണ് വാസമുറപ്പിച്ചത് എന്നു പറഞ്ഞിരിക്കുന്നു. അവർ പ്രധാനമായും ഗ്രീസിനോടു ചേർന്ന പ്രദേശങ്ങളിലും ഏഷ്യാമൈനർ അഥവാ ഇന്നത്തെ ടർക്കി (Turky)യുടെ പടിഞ്ഞാറൻ ഈജിയൻ തീരപ്രദേശങ്ങളിലും സമീപ ദ്വീപുകളിലുമാണ് കുടിയേറിയിരുന്നത്. ഏഥൻസ് അവരുടെ ഒരു കേന്ദ്രമായിരുന്നു. അവരിലെ ഒരു വിഭാഗത്തെ ചരിത്രത്തിൽ ഇയോണിയൻസ് (Ionians) എന്ന പേരിൽ അറിയപ്പെടുന്നു. അവരിൽ തർശ്ശീസ്, സ്പെയിനിന് സമീപമായി

അതിന്റെ തെക്കേ തീരപ്രദേശങ്ങളാണെന്ന് ഒരു പാരമ്പര്യം ഉണ്ട്. തർശ്ശീസ് കപ്പലുകളെപ്പറ്റി ബൈബിളിൽ പരാമർശങ്ങൾ ഉണ്ട്.

തോഗർമ്മ ടർക്കിയുടെ വടക്കായുള്ള പ്രദേശങ്ങളായി കരുതപ്പെടുന്നു. കിത്തീം (Kittim) എന്നത് ഇന്നത്തെ ക്രീറ്റ് (Crete) ദ്വീപാണ്. Rhodes എന്നത് ചില ബൈബിൾ പരിഭാഷകളിൽ ഡൊഡാനിം (Dodanim ) എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു. അത് ഇന്നത്തെ റോഡസ് (Rhodes) എന്ന ദ്വീപാണ്. ഗ്രീക്കു വംശജരിൽ ഡോറിയൻസ് (Dorians ) എന്ന വിഭാഗം Dodanim എന്ന ദ്വീപിലാണ് കുടിയേറിയതും കേന്ദ്രമാക്കിയതും. ഈ ദ്വീപസമൂഹങ്ങളെ Dodacanese Islands എന്നു വിളിച്ചു വരുന്നു. സിമ്മേറിയന്മാർ (Cimmerians) ഗ്രീക്കു വംശജരെ കുറച്ചു കാലത്തേക്ക് തുരത്തിയെങ്കിലും ഗ്രീക്കു വംശജരായ ഡോറിയന്മാർ (Dorians) വീണ്ടും ദ്വീപ് കൈവശപ്പെടുത്തുകയും സിമ്മേറിയന്മാർ Captho (Cypress) ലേക്ക് പലായനം ചെയ്യുകയും അവിടെ നിന്ന് കനാൻ ദേശത്ത് കുടിയേറിയതായും പാരമ്പര്യങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. Capthor-ൽ നിന്നും വന്ന Philistians-ന്റെ ഉത്ഭവം ഇവിടെയാണ്. അവർ കെതൂറയുടെ സന്തതിപരമ്പരകളാണ്. റോബർട്ട് ഗ്രേവ്സ് (Robert Graves) എഴുതിയതായ 'ഹിബ്രു മിത്സ്' (Hebrew Myths) എന്ന പുസ്തകത്തിൽ ഫെലിസ്ത്യ പട്ടണമായ അസ്കലോൺ (Ascalon) സ്ഥാപിച്ചത് സ്പാർട്ടൻമാരാണ് (Spartans) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അവർ കെതൂറയുടെ വംശാവലിയിൽ പെട്ടവരാണ് എന്നതിന് ചരിത്രവസ്തുതകൾ നിരത്തുവാനുണ്ട്. പേർഷ്യക്കാരായ പാർത്ഥിയൻസ് (Parthians) അബ്രഹാമിന് കെതൂറയിലുളവായ തലമുറകളാണെന്നാണ് അർമ്മീനിയൻ (Armenian) ചരിത്രകാരനായ മോസസ് (Moses Chorenesis) തന്റെ അർമ്മീനിയൻ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ലോകചരിത്രത്തിൽ ഉദിച്ച് അസ്തമിച്ച മിക്കവാറും എല്ലാ സാമ്രാജ്യങ്ങളും ഗ്രീസിനെ ആക്രമിച്ച് അധീനതയിൽ വരുത്തിയതു കാരണം ഗ്രീക്കു വംശജർ വളരെയധികം മിശ്രിത ജാതിയാണ്. കൂടാതെ അവർ വാണിജ്യത്തിലും മുമ്പിലായിരുന്നതു കാരണം മറ്റു ജാതികളുമായി ഇടകലർന്നു. റോമൻ സാമ്രാജ്യ കാലത്ത് അതിന്റെ ഭരണാധികാരികൾ റോമൻസ് ആയിരുന്നുവെങ്കിലും

അതിന്റെ സംസ്കാരം ഗ്രീക്കായിരുന്നു. കാരണം അവർ ഗ്രീക്കു സംസ്കാരം തങ്ങളുടേതായി ദത്തെടുത്തു എന്നു പറയാം. കൂടാതെ നോഹ തന്റെ മക്കളെ അനുഗ്രഹിക്കുമ്പോൾ ശേമിന്റെ ദൈവമായ യഹോവ സ്തുതിക്കപ്പെടുമാറാകട്ടെ. യാഫേത്ത് ശേമിന്റെ കൂടാരങ്ങളിൽ പാർക്കും എന്ന് പ്രവചിക്കുന്നുണ്ട്. റോമ സാമ്രാജ്യം ശേമിന്റെ സന്തതി പരമ്പരകളാൽ സ്ഥാപിതമാണ്. അവർ ഗ്രീക്കു സംസ്കാരം തങ്ങളുടേതായി എടുക്കുകയും ഗ്രീക്കു വംശജർ ശേമിന്റെ വംശജരുമായി സങ്കരമാകുകയും, ശെമറ്റിക് മതത്തിന്റെ കുടക്കീഴിൽ ആവുകയും ചെയ്തു.

അടുത്തതായി ഹാമിന്റെ വംശമാണ് എടുത്തു കാണിച്ചിരിക്കുന്നത്. ഹാം വംശജനായ നിമ്രോദിന്റെ വാസസ്ഥലം ബാബേൽ (Iraq) Erech, Accad എന്നിവയായിരുന്നു. നോഹ ഉൾപ്പെട്ട ആദ്യ സംസ്കാരമായ സുമേറിയൻസിന് (Sumerians) ശേഷം അധികാരത്തിൽ വന്ന സംസ്കാരം അക്കാദിയൻസ് (Accadians ) ആയിരുന്നു. ബാബേലിൽ നിന്നുമാണ് ഭാഷയുടെ കലക്കത്തിനുശേഷം ജാതികൾ പിരിഞ്ഞുപോയത്. കനാന്റെ സന്തതി പരമ്പരകൾ കനാൻദേശത്ത് ഇന്നത്തെ യിസ്രായേലിൽ കുടിയേറി. അവരെ തുരത്തിയതിനുശേഷമാണ് യിസ്രായേൽ അവിടെ യോശുവായുടെ നേതൃത്വത്തിൽ വാസം ഉറപ്പിച്ചത്. ഹാം വംശത്തിൽപ്പെട്ടവർ ഭാഷയുടെ കലക്കശേഷം കുടുതലും ആഫ്രിക്ക പ്രദേശങ്ങളാണ് തങ്ങളുടെ വാസസ്ഥലമാക്കിയത്. ബൈബിളിൽ ആഫ്രിക്കയെ ഹാമിന്റെ ദേശം എന്നാണ് വിളിക്കുന്നത്. കനാന്റെ മകനായ സിന്യന്റെ മക്കൾ ഇന്ത്യയിൽ സിന്ധു നദി തീരത്തു താമസമുറപ്പിക്കുകയും ഇന്ത്യയുടെ പുരാതന സംസ്കാരമായ മോഹൻജദാരോ- ഹാരപ്പ സംസ്കാരത്തിന്റെ സ്ഥാപകരാകുകയും ചെയ്തു. ദ്രാവിഡരായ ഇവരെയാണ് ഇന്ത്യയിൽ എത്തിയ ആര്യന്മാർ തെക്കോട്ടു തള്ളിയത്. സിന്ധു എന്ന പേര് സിന്യനിൽ നിന്നുമാണ് ഉണ്ടായത്. ഹാം വർഗ്ഗക്കാർ പൊതുവേ കറുത്ത നിറമുള്ളവരാണ്. സിന്യന്റെ മറ്റൊരു ശാഖ ചൈനയിൽ കുടിയേറുകയും അവിടെ നിന്ന് ബർമ്മ, മലേഷ്യ വഴിയായി മെലനേഷ്യ, പോളിനേഷ്യ, ആസ്ട്രേലിയ പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു.

ഉല്പത്തിയിൽ ഈ ഭാഗത്ത് പരിഭാഷയിൽ ആശയക്കുഴപ്പം

ഉണ്ടാകുന്നുണ്ട് (ഉല്പ. 10:14 ). ഉല്പത്തി 10:14 ന്റെ ശരിയായ പരിഭാഷ "അസ്സൂർ (Ashur) ബാബേൽ പ്രദേശങ്ങളിൽ നിന്നും പുറപ്പെട്ട് നിനവെ, രെഹബോത്ത് മുതലായ പട്ടണങ്ങൾ പണിതു" എന്നാണ്. ഇവിടെ പറഞ്ഞിരിക്കുന്ന അസ്സൂർ (Ashur) ശേമിന്റെ (ഉല്പത്തി 10:22) വംശത്തിൽപ്പെട്ട വ്യക്തിയല്ല പിന്നെയോ അബ്രഹാമിന് കെതുറയിൽ ഉളവായ മിദ്യാന്റെ മകൻ അസ്സൂരിം (Ashurim) എന്ന വ്യക്തിയാണ് (ഉല്പത്തി 25:3). ഇദ്ദേഹത്തിന്റെ പേരിൽ നിന്നുമാണ് അസ്സിറിയൻ (Assyrian) സാമ്രാജ്യത്തിന്റെ ഉത്ഭവം. അബ്രഹാം കെതുറയിൽ ഉളവായ മക്കളെ കിഴക്കോട്ടയച്ചു എന്ന് ബൈബിളിൽ പരാമർശമുണ്ടല്ലോ: കിഴക്കുദേശമായ ബാബേൽ, അക്കാട് എന്നീ പ്രദേശങ്ങളിൽ നിന്ന് അസ്സൂർ പുറപ്പെട്ട് പോവുകയും നിനവെ മുതലായ പട്ടണങ്ങൾ സ്ഥാപിക്കുകയും ചെയ്തു എന്നാണ് മനസ്സിലാക്കേണ്ടത്. ഇന്ത്യൻ പുരാണങ്ങളിൽ പരാമർശിക്കുന്ന അസുരന്മാർ അസ്സിറിയക്കാരാണെന്ന് ചരിത്ര പുസ്തകത്തിൽ കാണുന്നുണ്ട്. ബാബിലോണിയൻ പ്രവാസകാലത്താണല്ലോ ബൈബിൾ പുസ്തകങ്ങൾ അവർക്കു മനസ്സിലാകുന്ന ഭാഷയിൽ പകർത്തിയെഴുതിയത്. അതുകൊണ്ട് അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ അത് പരാമർശിച്ചു എന്നു മാത്രം. പ്രവാസികളായ യഹൂദന്മാർക്ക് അശ്ശൂർ ആരായിരുന്നുവെന്ന് വ്യക്തമായിരുന്നു. ഇന്നത്തെ ബൈബിൾ വായനക്കാർക്ക് അത് ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്.

അടുത്തതായി ശേമിന്റെ വംശമാണ് വിവരിച്ചിരിക്കുന്നത്. ശേമിന്റെ വംശത്തിൽപ്പെട്ട എബെർ (Eber) പ്രബലനായി. എബെരിന്റെ പേരിൽ നിന്നും ഹീബ്രു എന്ന നാമം ഉണ്ടായി ഈ ഹിബ്രൂസ് ആണ് 'ഹാപ്പിരു' എന്ന പേരിൽ യാക്കോബിന്റെ മകൻ യോസേഫ് ഈജിപ്തിൽ എത്തിയപ്പോൾ അവിടെ ഭരിച്ച ഫറവോന്റെ വംശം. അവർ കച്ചവടത്തിനെന്ന പേരിൽ അവിടെ എത്തി ഭരണം പിടിച്ചെടുക്കുകയായിരുന്നു. പിരമിഡുകൾ കൂടുതലും പണിതുയർത്തിയത് ഈ സെമറ്റിക് വംശജരാണ്. അവർ അബ്രഹാമിന് കെതൂറയിൽ ഉളവായ മിദ്യാന്റേയും യിശ്മായേലിന്റേയും സന്തതിപരമ്പരകളായിരുന്നു (ഉല്പ. 37:28) ഏലാമിന്റെ സന്തതിപരമ്പരകൾ ഇന്നത്തെ ഇറാൻ പ്രദേശങ്ങളിൽ കുടിയേറി.

കൂടുതൽ സെമറ്റിക് വംശജരും യൂറോപ്പിലാണ് കുടിയേറിയത്. സെമെറ്റിക് (Semetic) ലോപിച്ചാണ് സെൽറ്റിക് (Celtic) ആയിട്ടുള്ളത്. അവർ യൂറോപ്പ് തങ്ങളുടെ വാസസ്ഥലമാക്കിയ പ്രധാന വർഗ്ഗമാണ്. പുരാതന ചരിത്രത്തിൽ അവരുടെ സംസ്കാരത്തെ തുമുലസ് സംസ്കാരം (Tumulus Culture ) എന്ന് വിളിച്ചിരുന്നു. ബൈബിളിൽ അവരെപ്പറ്റിയുള്ള പ്രവചനം സംഖ്യാപുസ്തകത്തിലും യിരമ്യാ പ്രവാചകന്റെ പുസ്തകത്തിലും കാണാം. ഇന്നത്തെ ജർമ്മനി, ഫ്രാൻസ് പ്രദേശങ്ങൾ അവർ അധീനപ്പെടുത്തിയ പ്രദേശങ്ങളാണ്. ജർമ്മൻകാരും ഫ്രഞ്ചുകാരും സെൽറ്റിക് അഥവാ സെമറ്റിക് വംശജർ എന്ന നിലയിൽ ശേമിന്റെ വർഗ്ഗമാണ്. റോമൻ സാമ്രാജ്യം സെമറ്റിക് വംശജരാൽ സ്ഥാപിതമായതാണ്. ആരാം (ഉല്പത്തി 10:22) എന്ന പേരിൽ നിന്നുമാണ് റോം (Rome) എന്ന പേരും അരാമിയൻ ഭാഷയും ഉടലെടുത്തതെന്ന് ചിന്തിക്കാം. അരാമിന്റെ മകനായ ഹൗൾ (Hul ) -ൽ നിന്നുമാണ് ഗൗൾ (Gaul) എന്ന പ്രദേശത്തിന് ആസ്പദമായ പേരുണ്ടാവുന്നത് എന്നു ചിന്തിക്കാൻ മതിയായ കാരണങ്ങളുണ്ട്. അപ്പോസ്തോലനായ പൗലോസ് ഈ പ്രദേശങ്ങൾ യാത്ര ചെയ്തതായി കരുതുന്നു. പുതിയനിയമത്തിലെ ഗലാത്യർക്ക് എഴുതിയ ലേഖനം Gaul പ്രദേശങ്ങളിൽ നിന്ന് ഏഷ്യാമൈനർ പ്രദേശങ്ങളിൽ കുടിയേറിയ ഗലാത്യർക്ക് (Gaul or Galatians) എഴുതുന്നതാണ്. Gaul ഇന്നത്തെ ഫ്രാൻസ് ആണ്. അതുപോലെ തന്നെ ഹൗൾ (Hul ) ന്റെ സഹോദരനായിരുന്നു ഗെഥെർ (Gether ) Gether-ൽ നിന്നുമാണ് ഗോഥിയൻസ് (Gothtians) ഉടലെടുത്തത്. അവർ റോമാസാമ്രാജ്യത്തിന്റെ അധികാര കേന്ദ്രമായിരുന്നു. Gothians കുടിയേറിയിരുന്നത് എന്നു പറയുന്നത് ഇന്നത്തെ ജർമ്മൻ (German ) പ്രദേശങ്ങളിലാണ്. പുരാതനകാലത്ത് അവർ അടുത്ത ബന്ധമുണ്ടായിരുന്ന സഹോദരന്മാരായിരുന്നു. ഇന്നും ഫ്രാൻസും ജർമ്മനിയും യൂറോപ്യൻ യൂണിയനിൽ വലിയ സ്വാധീനം ചെലുത്തുന്ന ശക്തികളാണ്. യൊക്ഥാൻ (Joktan ) -ന്റെ സന്തതിപരമ്പരകൾ കിഴക്കുദേശങ്ങളിലും അറേബ്യയോടു ചേർന്ന പ്രദേശങ്ങളിലും ഏലാമിനോടു ചേർന്ന് കുടിയേറി എന്ന് ചിന്തിക്കുന്നതിന് മതിയായ കാരണങ്ങളുണ്ട്. അവരെ അവിടെനിന്നും തുരത്തിയിട്ടാണ് കെതുറയുടെ മക്കൾ അവിടെ ഇറാൻ ചേർന്ന പ്രദേശങ്ങളിൽ വാസമുറപ്പിക്കുന്നത്.

സ്ഥലപരിമിതി കാരണവും ആവർത്തന വിരസത ഒഴിവാക്കാനുമായി വെളിപ്പാടുപുസ്തകത്തെപ്പറ്റി പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതും മറ്റു വ്യാഖ്യാനങ്ങളിൽ സുലഭമായിട്ടുള്ള വിവരങ്ങളും ഭിന്നാഭിപ്രായമില്ലാത്ത വിഷയങ്ങളും ഒഴിവാക്കി ഇതുവരെ വെളിപ്പെടുത്തിയിട്ടില്ലാത്തതും മറ്റു വ്യാഖ്യാനങ്ങളിൽ കാണാൻ സാധിക്കാത്തതുമായ വിവരങ്ങൾക്കാണ് പ്രധാനമായും പുസ്തകത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്. അന്തിക്രിസ്തു, എതിർക്രിസ്തു, മൃഗം എന്നീ പ്രയോഗങ്ങൾ ഒരേ അർത്ഥത്തിലാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

ഈ അറിവിൽ നിന്നുകൊണ്ട് നമുക്ക് വെളിപ്പാടിലെ പ്രവചനങ്ങൾ പരിശോധിക്കാം. പ്രവചനങ്ങൾ മനസ്സിലാക്കുന്നതിന് ദൈവികമായ കൃപ ആവശ്യമായതുകൊണ്ട് നമുക്ക് പ്രാർത്ഥനയോടുകൂടി വിഷയത്തിലേക്കു കടക്കാം. ദൈവിക മർമ്മങ്ങൾ മനസ്സിലാക്കാനുള്ള കൃപയ്ക്കായി സർവ്വേശ്വരനോടു അഭയയാചനകൾ കഴിക്കാം. ഏതു മതത്തിലുള്ളവർക്കും ഇതു മനസ്സിലാക്കാവുന്നതാണ് - ദൈവം വെളിപ്പെടുത്തി കൊടുത്താൽ. മറ്റുള്ളവർക്ക് ഇത് കടങ്കഥയായോ ഭാവനയായോ അനുഭവപ്പെട്ടെന്നിരിക്കും. അവരവരുടെ മതം അല്ലെങ്കിൽ വിശ്വാസമാണ് ഏറ്റവും ശരിയായിട്ടുള്ളത് എന്നു ചിന്തിക്കുന്നവർക്ക്, ആ ചട്ടക്കൂടിന് പുറത്തുള്ളത് കാണാൻ കഴിയാത്തവർക്ക്, ഈ പുസ്തകത്തിലെ വെളിപ്പാടുകൾ ഉൾക്കൊള്ളാൻ പ്രയാസമായിരിക്കും എന്നു മുന്നറിയിപ്പോടെ ഏവരേയും ഈ ഉദ്യമത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

## അദ്ധ്യായം 1
# വെളിപ്പാടിന്റെ ആമുഖം

റോമൻ സാമ്രാജ്യ ഭരണകാലത്തെ ഡൊമിഷ്യൻ (Domition) പീഡനകാലത്ത് പുസ്തകം രചിക്കപ്പെട്ടു എന്നു കരുതുന്നവരാണ് കൂടുതൽ പണ്ഡിതന്മാരും. അപ്പോസ്തോലനായ യോഹന്നാനെ ക്രിസ്തുവിനെക്കുറിച്ച് പ്രസംഗിച്ചതുകൊണ്ട് പത്മോസ് ദ്വീപിലേക്ക് നാടുകടത്തി. അവിടെവെച്ചാണ് പുസ്തകം എഴുതുന്നത്. ക്രിസ്തു രാജാവാണ് എന്നു പ്രസംഗിക്കുന്നത് റോമാസാമ്രാജ്യത്തിന്റെ ഭരണകർത്താക്കൾ ഭയപ്പെട്ടിരുന്നു.

ആസ്യയിലെ ഏഴു സഭകളെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഒന്നാം അദ്ധ്യായം ആരംഭിക്കുന്നത് (വെളിപ്പാട് 1:1-4)

**യേശുക്രിസ്തുവിന്റെ വെളിപ്പാട്:** വേഗത്തിൽ സംഭവിക്കുവാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേണ്ടതിന് ദൈവം അത് അവന് കൊടുത്തു. അവൻ അത് തന്റെ ദാസനായ യോഹന്നാന് പ്രദർശിപ്പിച്ചു. അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടത് ഒക്കെയും സാക്ഷീകരിച്ചു. ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു. ‘‘യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്: ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽ നിന്നും അവന്റെ സിംഹാസനത്തിൻ മുമ്പിലുള്ള ഏഴ് ആത്മാക്കളുടെ പക്കൽ നിന്നും വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.’’

യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്നതിൽ നിന്നും പുസ്തകം എഴുതുന്നത് യോഹന്നാനാണെങ്കിലും യേശുവിൽ നിന്നുള്ള വെളിപ്പാടുകളാണ് പുസ്തകത്തിലെ വിഷയം. "സമയം അടുത്തിരിക്കുന്നു" എന്നത് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ട് ആകുമ്പോഴേക്ക് സമയം ഏറ്റവും അടുത്തിരിക്കുന്നു എന്നുള്ളത് ഈ വ്യാഖ്യാനം മുഴുവൻ വായിച്ചു കഴിയുമ്പോഴേക്ക് വായനക്കാർക്ക് വ്യക്തമാകും. കർത്താവിന്റെ രണ്ടാമത്തെ വരവ് ഈ തലമുറയിൽ തന്നെ നടക്കുമെന്നതിന്റെ സൂചനകൾ അതിൽ നിന്നു വായനക്കാർക്ക് ലഭിക്കും. കൃത്യസമയവും നാഴികയും ദൈവം മാത്രം അറിയുന്നു.

യോഹന്നാൻ പുസ്തകം എഴുതുന്നത് ആസ്യ ഭൂഖണ്ഡത്തിലെ ചിറ്റേഷ്യ (Asia Minor) ൽ ഉള്ള ഏഴു സഭകളെ അഭിസംബോധന ചെയ്തു കൊണ്ടാണ്. ഏഴു സഭകളെ അഭിസംബോധന ചെയ്യുന്നതിൽ നിന്നും മറ്റു സഭകൾ അവിടെ ഉണ്ടായിരുന്നില്ല എന്ന് അർത്ഥമാകുന്നില്ല. ഏഴുതിയിരിക്കുന്നത് എല്ലാ സഭകൾക്കും എല്ലാകാലത്തും ബാധകമാണ്. ഏഴ് ആത്മീയമായി പൂർണ്ണതയുടെ പ്രതീകമാകയാൽ ഈ ഏഴു സഭകൾ ഇന്നും എന്നും ഉള്ള ഉണ്ടായിരുന്ന സഭകളെ പ്രതിനിധാനം ചെയ്യുന്നുണ്ട്.

അപ്പോകാലിപ്സിസ് (Appokalypsis ) എന്ന ഗ്രീക്കു വാക്കിൽ നിന്നുമാണ് Revelation എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത്. 'വെളിപ്പെടുത്തുക' മറ നീക്കി കാണിക്കുക എന്നതാണ് അതിനർത്ഥം. മറഞ്ഞിരിക്കുന്നതിനെ വെളിപ്പെടുത്തുന്ന എന്ന അർത്ഥത്തിലാണ് ഈ വാക്കുപയോഗിച്ചിരിക്കുന്നത്. മാനുഷികമായ ആശയങ്ങളല്ല ദൈവികമായ സത്യമാണ് ഇവിടെ വെളിപ്പെടുത്തുന്നത്. യോഹന്നാൻ ദർശനത്തിൽ കണ്ട കാര്യം വെളിപ്പെടുത്തുന്നു എന്നു മാത്രം. വെളിപ്പാടുകൾ പിതാവായ ദൈവത്തിൽ നിന്നും യേശുക്രിസ്തുവിൽ നിന്നുമുള്ളതാണ്. "വേഗത്തിൽ സംഭവിപ്പാനുള്ളത്" എന്നത് 22:6-ലും ഉപയോഗിച്ചിരിക്കുന്നു എന്നു കാണാം. ദൈവത്തിന്റെ പക്കൽ എല്ലാം ഭദ്രമാണ്; ദൈവമാണ് കാര്യങ്ങളെ നിയന്ത്രിക്കുന്നതെന്ന്. വിശ്വാസികളെ വിശ്വാസത്തിൽ ഉറപ്പിക്കാൻ കൂടിയാണിത്. ദൈവത്തിന് ആയിരം വർഷം ഒരു ദിവസം പോലെയാണ് (2 പത്രോസ് 3:8).

ആദ്യ ചില നൂറ്റാണ്ടുകളിലെ പീഡയുടെ കാലത്തു ജീവിച്ചിരുന്ന വിശ്വാസികൾക്ക് വെളിപ്പാടുപുസ്തകത്തിലെ വിഷയങ്ങൾ ചുറ്റും നടക്കുന്ന സംഭവങ്ങളായി അനുഭവപ്പെട്ടു. അവർക്ക് അത് പ്രവചനത്തിന്റെ ഭാഗികമായ നിവൃത്തിയായിരുന്നു. അതു കാരണം പലർക്കും പീഡയെ അതിജീവിക്കുന്നതിനും വിശ്വാസത്തിൽ ഉറക്കുന്നതിനും അത് കാരണമായി. എന്നാൽ പ്രവചനത്തിന്റെ പൂർണ്ണനിവൃത്തി വരാനിരിക്കുന്നതേയുള്ളൂ. രണ്ടായിരം വർഷം കഴിഞ്ഞിട്ടും കർത്താവിന്റെ വരവ് നടന്നില്ല എന്നത് പലർക്കും ഒരു പ്രശ്നമാണ്. എന്നാൽ യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്യുകയില്ല (ആമോസ് 3:7) ദാനിയേൽ 2:28, 29, 45 ശ്രദ്ധിക്കുക.

ചരിത്രം എന്നത് ചിലർ അവരുടെ ബുദ്ധിയിൽ പേർ വലുതാക്കാൻ ആവിഷ്ക്കരിച്ച പദ്ധതിയല്ല; പിന്നെയോ ദൈവം ലോകസ്ഥാപനത്തിനുമുമ്പ് പദ്ധതിയിട്ട കാര്യങ്ങൾ തക്കസമയത്ത് നിറവേറുന്നതാണ്. ദൈവത്തിന്റെ വിരലുകളാണ് ചരിത്രം എഴുതുന്നത്. അത് പ്രവചനങ്ങളുടെ നിവൃത്തി കൂടെയാണ്.

ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളും (കൊളംബസ് അമേരിക്ക കണ്ടുപിടിച്ചു) ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളും യാദൃശ്ചികമായി സംഭവിക്കുന്നവയല്ല; പിന്നെയോ ദൈവം ചരിത്രത്തിൽ അതതു സമയത്ത് പടിപടിയായി ചില വ്യക്തികളെ തിരഞ്ഞെടുത്ത് അവരിൽക്കൂടി (ചിലപ്പോൾ അവരറിയാതെ തന്നെ) നിറവേറ്റുന്നതാണ്. പേർഷ്യൻ ചക്രവർത്തിയായ സൈറസി (Cyrus) നെപ്പറ്റി *“നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ പേര് ചൊല്ലി വിളിച്ചിരിക്കുന്നു”* (യെശയ്യ 45:4) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

“ദൂതൻ മുഖാന്തിരം” എന്നത് സന്ദേശം ആരിൽക്കൂടിയാണ് വന്നത് എന്ന അർത്ഥത്തിലാണ്. ദൂതു കൊണ്ടു വരുന്ന ആളിനെ ദൂതൻ എന്ന് വിളിക്കുന്നതിൽ എന്താണ് തെറ്റ്? പിതാവായ ദൈവം അത് യേശുവിന് കൊടുത്തു. യേശു അത് യോഹന്നാനു കൊടുത്തു അപ്പോസ്തോലപ്രവൃത്തി 7:53, ഗലാത്യർ 3:19, എ

ബ്രായർ 2:2 ശ്രദ്ധിക്കുക. യോഹന്നാൻ ആസ്യയിലെ ഏഴുസഭ കൾക്കുമാണ് എഴുതുന്നത്. 'ആസ്യ' എന്നത് ചിറ്റേഷ്യ അഥവാ ഏഷ്യാ മൈനർ എന്ന ഏഷ്യയിലെ ഉപഭൂഖണ്ഡമാണ്. ചരിത്ര പരമായി ഹാമിന്റെ സന്തതികളും അബ്രഹാമിന് കെതുറയിൽ ഉളവായ വംശങ്ങളും ഗ്രീക്കുവംശജരും, സെമറ്റിക് (Shem) വം ശജരും ഈ ഉപഭൂഖണ്ഡത്തിൽ സങ്കലിതരായി അധിവസിച്ചു. ആസ്യ ഭൂഖണ്ഡത്തിന് ആ പേരു ലഭിച്ചത് അബ്രഹാമിന് കെ തുറയിൽ ഉളവായ സന്തതിപരമ്പരകളുടെ പേരിൽ നിന്നുമാണ് എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ.

**ഭാഗ്യവാന്മാർ:** വെളിപ്പാടു പുസ്തകത്തിലെ ഏഴു ഭാഗ്യവർണ്ണന അഥവാ അനുഗ്രഹത്തിൽ ആദ്യത്തേതാണിത്. ഏഴ് ആത്മീയമായി പൂർണ്ണതയെ കുറിക്കുന്നു. (16:15, 19:9, 20:6, 22:7, 22:14 കാണുക) വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവനും സഭയിൽ ഇത് ഉച്ചത്തിൽ വായിച്ചു കേൾക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ചില പള്ളികളിൽ വെളിപ്പാടു പുസ്തകം സഭയിൽ വായിച്ചു കേൾപ്പിക്കാറില്ല. സമയം അടുത്തിരിക്കുന്നു. പ്രവചന ഭാഷയിൽ സമയത്തിനു നാം കല്പിക്കുന്ന അർത്ഥം മാത്രമല്ല ദൈവത്തിന് ആയിരം വർഷം ഒരു ദിവസം പോലെയാണല്ലോ!

**ആസ്യയിലെ സഭകൾക്ക് എഴുതുന്നത്:** ഈ സഭകൾ നിലവി ലിരുന്നതായ സ്ഥലങ്ങൾ ഇന്നും സന്ദർശിക്കാവുന്നതാണ്.

**കൃപയും സമാധാനവും:** ഇത് ദൈവത്തിൽ നിന്നു വരുന്നതാണ്. ഗ്രെയ്സ് (Grace ) എന്നത് ഗ്രീക്കു വന്ദനരീതിയും സമാധാനം അഥവാ ശാലോം എന്നത് യഹൂദ - ഹിബ്രു വന്ദനരീതിയിലു മാണ്. ഈ ജീവിതയാത്ര വിജയകരമായി ഓടി തികക്കുന്നതിന് ആവശ്യമായ രണ്ടു ഘടകങ്ങളാണ് കൃപയും സമാധാനവും നോഹയ്ക്കു യഹോവയുടെ കൃപ ലഭിച്ചു. മറിയത്തെ ദൂതൻ സംബോധന ചെയ്യുന്നത് 'കൃപ ലഭിച്ചവളെ നിനക്കു വന്ദനം...' ഉയിർത്തെഴുന്നേറ്റ ക്രിസ്തു പേടിച്ചരണ്ടിരിക്കുന്ന ശിഷ്യന്മാരോട് 'നിങ്ങൾക്ക് സമാധാനം' എന്ന് പറയുന്നു. പേടിച്ചരണ്ടിരിക്കുന്ന ശിഷ്യന്മാർ കേൾക്കാൻ കൊതിച്ച വാക്കുകൾ.

**ഏഴ് ആത്മാക്കൾ:** ഏഴു മടങ്ങായ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. (ഏലീശായ്ക്ക് ഏലിയാവിന്റെ ആത്മാവിന്റെ ഇരട്ടി പങ്കാണ് ലഭിച്ചത്)

ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽ നിന്നും അവന്റെ സിംഹാസനത്തിന്റെ മുമ്പിലുള്ള ഏഴ് ആത്മാക്കളുടെ പക്കൽ നിന്നും ....യേശുക്രിസ്തുവിങ്കൽ നിന്നും .... കൃപയും സമാധാനവും ഉണ്ടാകട്ടെ" ഒന്നാം അദ്ധ്യായത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത് ത്രിത്വം എന്ന വിഷയമാണ്. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിയേകദൈവത്തെ ആദ്യമായി അവതരിപ്പിച്ചിരിക്കുന്നു. ത്രിത്വം എന്നത് വളരെയധികം തെറ്റിദ്ധരിച്ചിട്ടുള്ള വിഷയമായതുകൊണ്ട് അല്പമായി അത് വിശദീകരിക്കേണ്ടതുണ്ട്.

ഒരു മിഡിൽ സ്കൂൾ വിദ്യാർത്ഥിക്ക് മനസ്സിലാക്കാവുന്ന സരളമായ വിഷയമാണ് ത്രിത്വം എങ്കിലും വേദശാസ്ത്രജ്ഞന്മാർ എന്ന് അവകാശപ്പെടുന്നവർ അതിനെ സങ്കീർണ്ണം ആക്കി മാറ്റിയിരിക്കുന്നു എന്നതാണ് പരമാർത്ഥം. അവരുടെ രണ്ടുമണിക്കൂർ നീണ്ട പ്രഭാഷണം ശ്രദ്ധിച്ചാലും കേൾവിക്കാർക്ക് ആശയക്കുഴപ്പമല്ലാതെ ഒന്നും മനസ്സിലാവുകയില്ല. പ്രഭാഷണം കഴിഞ്ഞും അവർ കണ്ണു ചിമ്മും. ഈ പ്രഭാഷകരെ വീണ്ടും പ്രഭാഷണത്തിന് വിളിക്കാൻ അവർ വഴി തുറന്നിടുകയും ചെയ്യുന്നു.

മനുഷ്യനെ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കയാൽ ത്രിത്വം എന്ന വിഷയം മനസ്സിലാക്കുന്നതിന് മനുഷ്യനെ തന്നെ ഉദാഹരണമായി എടുക്കുന്നതായിരിക്കും ഉചിതം. മനുഷ്യന് ദേഹം (Body), ദേഹി (Mind), ആത്മാവ് (Spirit) ഉള്ളതുപോലെ എന്നാൽ മൂന്നും ചേർന്ന് ഒന്നായിരിക്കുന്നതുപോലെ ത്രിത്വവും പിതാവ് (Father), പുത്രൻ (Son) പരിശുദ്ധാത്മാവ് (Holy Spirit) എന്നീ മൂന്ന് ആളത്വങ്ങൾ ചേർന്ന് ഒരുമിച്ചു പ്രവർത്തിക്കുന്ന ഒരു വ്യക്തിത്വമാണ്. അതുകൊണ്ടാണ് നിഖ്യാ വിശ്വാസപ്രമാണത്തിൽ സാരാംശത്തിൽ (Essense) സമമായിരിക്കുന്ന എന്ന് ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യനിൽ മൂന്നും ചേർന്ന് ഒന്നായി പ്രവർത്തിക്കുന്നുവെങ്കിലും മരണസമയത്ത് ദേഹിയും

ദേഹവും ആത്മാവും വേർപെടുന്നു.

വിഷയം വ്യക്തമാക്കുന്നതിന് പിതാവായ ദൈവത്തെ മനസ്സായും പുത്രനായ ക്രിസ്തുവിനെ ശരീരമായും പരിശുദ്ധാത്മാവിനെ ആത്മാവായും സങ്കല്പിച്ചാൽ വിഷയം വളരെ ലളിതമായിരിക്കും. പുത്രനായ ക്രിസ്തു വചനം ജഡമായതാണല്ലോ. വചനം എന്നു പറയുമ്പോൾ വായിൽ നിന്നും പുറപ്പെടുന്ന വാക്കായാണ് നാം മനസ്സിലാക്കേണ്ടത്. അത് ശരീരത്തിൽ നിന്നും പുറപ്പെടുന്നതും ശരീരത്തെ പ്രതിനിധാനം ചെയ്യുന്നതുമാണ്. ശരീരമില്ല എങ്കിൽ വാക്കുമില്ല. മനസ്സ് എന്നത് കാണാൻ സാധിക്കയില്ല എങ്കിലും ചിന്ത എന്ന നിലയിലാണ് നാം അത് മനസ്സിലാക്കിയിരിക്കുന്നത്. ഒരു വ്യക്തിയുടെ ചിന്ത അല്ലെങ്കിൽ മനസ്സാണ് വാക്കായി പുറത്തു വരുന്നത്. അതുകൊണ്ടാണ് യേശു പറഞ്ഞത് ഞാനും പിതാവും ഒന്നാണ് എന്ന്. എന്നാൽ വാക്കു പുറത്തു വരുന്നതിനുമുമ്പ് അത് മനസ്സിൽ ഉളവാകേണ്ടിയിരിക്കുന്നു. അതുകൊണ്ട് വാക്ക് അഥവാ വചനത്തേക്കാൾ ചിന്ത അഥവാ മനസ്സിന് പ്രാമുഖ്യം ഉണ്ട്. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞത് ആ നാളും നാഴികയും പിതാവല്ലാതെ പുത്രൻ കൂടി അറിയുന്നില്ല. എന്നാൽ ഉയിർത്തെഴുന്നേല്പിനുശേഷം ദൈവം (പിതാവ്) അത് പുത്രന് കൊടുക്കുകയും (വെളി. 1:1) പുത്രൻ അത് ദൂതൻ മുഖാന്തിരം യോഹന്നാന് വെളിപ്പെടുത്തുകയും ചെയ്തു.

നാലാം വാക്യത്തിൽ ഇരിക്കുന്നവനും ഇരുന്നവനും വരുവാനുള്ളവനും എന്ന് പിതാവായ ദൈവത്തിന്റെ സ്വഭാവവിശേഷണമാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും 8-ാം വാക്യത്തിൽ ആ വിശേഷണങ്ങൾ കർത്താവ് എന്ന നിലയിൽ യേശുക്രിസ്തുവിനും ഉപയോഗിച്ചിരിക്കുന്നു *"മരിച്ചവരിൽ ആദ്യജാതൻ"* ക്രിസ്തു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു. നാമും അതുപോലെ ഒരിക്കൽ മരിക്കയും ഉയിർത്തെഴുന്നേല്പ് പ്രാപിക്കുകയും രൂപാന്തരം പ്രാപിക്കുകയും ചെയ്യും.

പുത്രനെ ചില വേദഭാഗങ്ങളിൽ സൃഷ്ടി എന്ന ധ്വനി ഉണ്ടാകുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട് എന്നുള്ളത് ശരിയാണ്. ഇതു ഭാഷയിലുള്ള പരിമിതി കാരണമാണ്. ചില ഭാഷകളിൽ കൂടുതൽ

വാക്കുകളും ചില ഭാഷകളിൽ കുറച്ചു വാക്കുകളും ലഭ്യമായിരിക്കുന്നു. എന്റെ വായിൽ നിന്നും വരുന്ന വാക്കുകൾ എന്റെ സൃഷ്ടിയായതു കാരണം എന്റെ പുത്രൻ എന്നു പറയുന്നതിൽ തെറ്റില്ല. വാക്കാകുന്ന പുത്രനും ശരീരിയായി ജനിച്ച പുത്രനും തമ്മിൽ തിരിച്ച് രേഖപ്പെടുത്താൻ ചിലപ്പോൾ ഭാഷയിൽ വാക്കുകൾ ഇല്ല എന്നു വരാം. അതുകൊണ്ട് മൂലഭാഷയിൽ ഉപയോഗിച്ച വാക്ക് പരിഭാഷയിലും തുടർന്ന് ഉപയോഗിച്ചു പോന്നു. ഈ അർത്ഥത്തിൽ പുത്രനായ ക്രിസ്തു എന്ന ദൈവത്തെ വചനമായി ദൈവത്തിൽ നിന്നു പുറപ്പെടുന്ന വാക്കായി അവതരിപ്പിച്ചിരിക്കുന്നു. വചനം, സൃഷ്ടി അഥവാ പുത്രൻ എന്ന് ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും സാരാംശത്തിൽ ഒന്നാണ്– ഒരേ മൂല്യമാണ്.

വീണ്ടും യേശു തന്നെപ്പറ്റി ഞാനും പിതാവും ഒന്നാണ് എന്ന് വെളിപ്പെടുത്തിയിരിക്കുന്നു. പല വേദപണ്ഡിതന്മാരുടേയും പ്രഭാഷണം ശ്രദ്ധിച്ചാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിൽ ആരാധനയ്ക്കായി മത്സരം ഉള്ളതുപോലെ അനുഭവപ്പെടും. പിതാവിനോടു പ്രാർത്ഥിച്ചാലും, പിതാവിനെ ആരാധിച്ചാലും, പുത്രനോടു പ്രാർത്ഥിച്ചാലും, പുത്രനെ ആരാധിച്ചാലും, പരിശുദ്ധാത്മാവിനോടു പ്രാർത്ഥിച്ചാലും, പരിശുദ്ധാത്മാവിനെ ആരാധിച്ചാലും പ്രാർത്ഥന ശ്രദ്ധിക്കുന്നതും ആരാധന ഏറ്റുവാങ്ങുന്നതും പുത്രനാണ്. ന്യായവിധിയും ദൈവം പുത്രന് കൊടുത്തിരിക്കുന്നു.

ഇതിന് തെളിവായിട്ടുള്ള വിഷയം യേശു തന്നെ എടുത്തു കാണിച്ചിട്ടുള്ളതാണ്. ഫിലിപ്പോസ് നഥാനിയേലിനേയും കൂട്ടി യേശുവിന്റെ അടുക്കൽ വരുമ്പോൾ യേശു നഥാനിയേലിനെപ്പറ്റി പറഞ്ഞത് *''ഇതാ സാക്ഷാൽ യിസ്രായേല്യൻ ഇവനിൽ കപടമില്ല''* അത്ഭുതപരതന്ത്രനായി നിന്ന നഥാനിയേൽ യേശുവിനോട് *''എന്നെ എങ്ങനെ അറിയും നാം തമ്മിൽ മുമ്പ് പരിചയമില്ലല്ലോ''* എന്നു പറയുമ്പോൾ യേശുവിന്റെ മറുപടി *''ഫിലിപ്പോസ് നിന്നെ വിളിക്കുന്നതിനുമുമ്പ് ഞാൻ നിന്നെ അത്തിയുടെ കീഴിൽ കണ്ടിരുന്നു''* എന്നായിരുന്നു. ഫിലിപ്പോസ് വിളിക്കും മുമ്പ് നഥാനിയേൽ അത്തിയുടെ ചുവട്ടിൽ പ്രാർത്ഥിക്കയോ ധ്യാനിക്കുകയോ

ആയിരുന്നു എന്നാണ് പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. യഹൂദൻ എന്ന നിലയിൽ നഥാനിയേലിന് യഹോവയായ ദൈവത്തെ മാത്രമാണ് അറിയാവുന്നത്. എങ്കിലും പ്രാർത്ഥന ശ്രദ്ധിക്കുന്നതും സ്വീകരിക്കുന്നതം പുത്രനായ ക്രിസ്തുവാണ്. പഴയനിയമത്തിൽ ഈ മർമ്മം ചുരുക്കം ചിലർക്കു മാത്രമേ വെളിപ്പെട്ടിരുന്നുള്ളൂ. യേശു അബ്രഹാമിനെപ്പറ്റി *''അബ്രഹാം എന്റെ ദിവസം കണ്ടു ഉല്ലസിച്ചിരുന്നു''* എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദാവീദിനും ഈ മർമ്മം വെളിപ്പെട്ടിരുന്നു (സങ്കീർത്തനം 110:1 ). ദൈവം ഏകൻ മാത്രം. ഏതു മതത്തിൽപ്പെട്ടവനായാലും ഏതു ജാതിയിൽപ്പെട്ടവനായാലും സത്യമായിട്ടും അറിഞ്ഞിരിക്കുന്ന സത്യത്തിൽ ദൈവത്തെ വിളിച്ചാൽ ഒരു ദൈവമാണ് പ്രാർത്ഥനകേൾക്കുന്നതും - യേശുവാണ് പ്രാർത്ഥന കേൾക്കുന്നതും മറുപടി നൽകുന്നതും. ദൈവത്തിന് മുഖപക്ഷമില്ലല്ലോ (ഈ ഗ്രന്ഥകാരന്റെ ''ഉപാസന'' എന്ന ഗ്രന്ഥം പേജ് 70, 71 കാണുക).

പ്രധാന മതങ്ങളെല്ലാം ദൈവം അയച്ച പ്രവാചകന്മാരിൽ നിന്നുള്ളതാണ് എന്നു ചിന്തിക്കുന്നവരുണ്ട്. ദൈവം എല്ലാ ജാതിയിലും പ്രവാചകന്മാരെ അഥവാ മുനിമാരെ അയച്ചിരുന്നു - എങ്ങനെയാണ് ജീവിതം ക്രമീകരിക്കേണ്ടതെന്നും മറ്റും നിർദ്ദേശങ്ങൾ കൊടുക്കാൻ. ദൈവത്തെപ്പറ്റിയുള്ള അറിവു മാറ്റി നിർത്തിയാൽ ന്യായം, ധർമ്മം, നീതി മുതലായ കാര്യങ്ങളിലും (Moral & Ethics) സഹജീവികളോടുള്ള ഇടപെടലിൽ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളിലും എല്ലാ മതങ്ങളും ഏറെക്കുറെ യോജിക്കുന്നു; സ്ഥലകാല വ്യത്യാസമനുസരിച്ച് അല്പസ്വല്പ വ്യത്യാസങ്ങൾ കാണാൻ സാധിക്കും. എന്നാൽ കാലാന്തരത്തിൽ ദൈവമോ പ്രവാചകന്മാരോ കൊടുക്കാത്തതായ ആചാരങ്ങൾ എല്ലാ മതങ്ങളിലും കയറിക്കൂടി. രക്ഷ ക്രിസ്തുവിലൂടെയാണ് എങ്കിലും ആര് സ്വർഗ്ഗം അനുഭവമാക്കും എന്നുള്ളത് ദൈവത്തിന്റെ അധികാരപരിധിയിൽപ്പെട്ടതാണല്ലോ. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ലല്ലോ?

അറിഞ്ഞ സത്യത്തിൽ ദൈവത്തെ വിളിക്കുന്ന ഒരു അന്യമതക്കാരന്റെ അറിവില്ലായ്മയെ ദൈവം അവന് എതിരായി ഉപയോഗിക്കുകയില്ല. അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം ഗണ്യ

മാക്കുന്നില്ലല്ലോ? (അപ്പൊ. പ്ര. 17:30, റോമർ 5:13, 1 പത്രോ. 4:6) മനുഷ്യ കോടതിയിൽ നമ്മുടെ അറിവില്ലായ്മ നമ്മെ കുറ്റവിമുക്തനാക്കുകയില്ല എങ്കിലും ദൈവത്തിന്റെ കോടതിയിൽ അത് അങ്ങനെയല്ല. ഒരുവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നന്മയാണെങ്കിലും തിന്മയാണെങ്കിലും അതിന് തക്കവണ്ണമുള്ളത് പ്രാപിക്കുമെന്നുള്ളത് രക്ഷയുടെ കാര്യമല്ല; നിത്യതയിൽ പ്രതിഫലം വിഭജിക്കുന്നതിനോടുള്ള ബന്ധത്തിലാണ്. ഇതിനായിട്ടല്ലോ മരിച്ചവരോടും സുവിശേഷം അറിയിച്ചത് എന്നുള്ളത് ഇവിടെ കൂട്ടി വായിക്കണം. മരണശേഷവും ഒരാളുടെ ആത്മാവിന് ക്രിസ്തുവിനെ സ്വീകരിക്കാൻ അവസരം ഉണ്ടാവുകയില്ല എന്ന് ആർക്കെങ്കിലും തീർത്തു പറയാമോ? (അനുബന്ധം കാണുക) മത്തായിയുടെ സുവിശേഷത്തിൽ അന്ത്യന്യായവിധിയുടെ സന്ദർഭത്തിൽ യേശു ആരോടും നീ ഏതു മതക്കാരനാണ് എന്നു ചോദിക്കുന്നില്ല രക്ഷ ദൈവത്തിന്റെ ദാനമാണ്. നന്മ ചെയ്തവർ ജീവനായിട്ടും തിന്മ ചെയ്തവർ ന്യായവിധിക്കായിട്ടും പുനരുത്ഥാനം ചെയ്യും (യോഹ. 5 : 29).

ഇത്രയും കുറിക്കാൻ ഇടയായത് മറ്റു മതങ്ങളെ വിമർശിക്കാതെ ക്രിസ്തുവിനെപ്പറ്റി മറ്റുള്ളവരോടു സുവിശേഷിക്കുക എന്നത് നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യമാണ്; എന്നു പറയാനാണ് നാം അത് നിർവ്വഹിക്കുക. ഒരാൾ ക്രിസ്തുവിനെ സ്വീകരിച്ചില്ല എങ്കിൽ അവനുള്ള ന്യായവിധി ദൈവത്തിന് വിടുക. നമുക്കു വിഷയത്തിലേക്ക് മടങ്ങിവരാം.

***വാക്യം 5*** *''വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും രാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽ നിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ''*

വിശ്വസ്തസാക്ഷിയും എന്നുള്ളത് ''Martys'' എന്ന ഗ്രീക്കുവാക്കിൽ നിന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിനോടുള്ള വിശ്വാസത്തിനുവേണ്ടി വിശ്വസ്തരായിരിക്കുകയും ജീവത്യാഗം ചെയ്തവരെയും ഉദ്ദേശിച്ചായിരുന്നു ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. യേശുവും വിശ്വസ്തസാക്ഷിയായി ക്രൂശിക്കപ്പെട്ടു. യേശുവിന്റെ ശിഷ്യന്മാരും ഭാവിയിലും അതിന് തയ്യാറായിരി

ക്കണം. മരണം വരെ വിശ്വസ്തരായിരിപ്പാൻ വായനക്കാരെ ഇവിടെ ആഹ്വാനം ചെയ്യുന്നു (2:10). ഇതിലേക്ക് വായനക്കാരെ വിശ്വാസത്തിൽ ഉറപ്പിക്കാൻ കൂടിയാണ് ഇതെഴുതിയിരിക്കുന്നത്. (വെളിപ്പാട് 6:9-11 വായിക്കുക)

യേശുക്രിസ്തുവിന്റെ മൂന്നുനിലകളിലുള്ള ദൗത്യത്തെയാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. വിശ്വസ്ത സാക്ഷി എന്ന നിലയ്ക്ക് പ്രവാചകനും, മരിച്ചവരിൽ ആദ്യജാതൻ എന്ന നിലയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നതിനാൽ പുരോഹിതൻ എന്ന നിലയിലും രാജാക്കന്മാർക്ക് അധിപതി എന്ന നിലയിൽ രാജാധിരാജാവുമാണ്. ഈ മൂന്നു നിലകളിലുള്ള ശുശ്രൂഷാവൃന്ദങ്ങളെക്കൊണ്ടാണ് ദൈവം തന്റെ പദ്ധതികൾ നടപ്പിൽ വരുത്തുന്നത്- പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ. പ്രവാചകന്മാരായ എഴുത്തുകാർ ദൈവത്തിൽ നിന്നുള്ള ആലോചനകൾ ജനങ്ങളെ അറിയിക്കുകയും അതനുസരിച്ച് പുരോഹിതന്മാർ ജനങ്ങളെ ഉപദേശിക്കുകയും പ്രവാചകന്മാരുടെ വാക്കുകളിൽ നിന്നും എഴുത്തുകളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രാജാക്കന്മാർ രാജ്യം ഭരിക്കുകയും ചെയ്തിരുന്നു.

പഴയനിയമകാലത്തും പുതിയനിയമകാലത്തും ഇതു തന്നെയായിരുന്നു സ്ഥിതി. ഇന്നു പ്രവാചകന്മാരുടെ നിലയിൽ എഴുത്തുകാരാണ്. എഴുത്തുകാരുടെ എഴുത്തിൽ നിന്നുമാണ് സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നത്. ഭരണാധിപന്മാരും രാഷ്ട്രീയക്കാരും രാജാക്കന്മാരുടെ നിലയിലാണ്. എഴുത്തുകാരിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് അവർ ഭരണം നിർവ്വഹിക്കുന്നത്.

***വാക്യം 6*** *''നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന് എന്നെന്നേക്കും മഹത്വവും ബലവും''* (വെളി. 1:6) പഴയനിയമകാലത്ത് രാജാവും പുരോഹിതനും ചില പ്രത്യേക കുടുംബത്തിലോ ഗോത്രത്തിലോ പെട്ടവർ മാത്രമായിരുന്നു- രാജകുടുംബത്തിലോ ലേവി ഗോത്രത്തിലോ പെട്ടവർ മാത്രം. ഹിന്ദുക്കളുടെ ഇടയിലും മറ്റു മതസ്ഥരിലും ഈ അവകാശങ്ങൾ

ചില പ്രത്യേക വിഭാഗത്തിന്റേതു മാത്രമായിരുന്നു. എന്നാൽ നാം രാജകീയ പുരോഹിത വർഗ്ഗമാണ്. രാജകീയ പുരോഹിതവർഗ്ഗ മാണെങ്കിലും അതിനർത്ഥം എല്ലാവരും രാജാക്കന്മാരും എല്ലാവ രും പുരോഹിതന്മാരും എന്നല്ല. രാജാക്കന്മാരായിരിക്കുന്നതോ പുരോഹിതന്മാരായിരിക്കുന്നതോ പ്രവാചകനായിരിക്കുന്നതോ ഒരു ഉന്നത വിളിയാണ്. അതിന് യോഗ്യരായവർ മാത്രം ആ ശു ശ്രൂഷ ചെയ്യുന്നു എന്നു ധരിച്ചാൽ മതി.

യിസ്രായേലിനെ ദൈവം തിരഞ്ഞെടുത്തത് ഒരു രാജകീയ പുരോ ഹിത വർഗ്ഗമായി ചുറ്റുമുള്ള ജാതികൾക്കും പ്രകാശമായിരിക്കു വാനാണ്. ജാതികൾക്ക് പ്രകാശമായിരിക്കയാൽ പാലിക്കുവാൻ വേണ്ട നിയമങ്ങളും അവർക്കു കൊടുത്തു. പുതിയനിയമസഭയും രാജകീയ പുരോഹിതവർഗ്ഗവുമായിട്ടാണ് തിരഞ്ഞെടുത്തിരിക്കു ന്നത് ; ദൈവത്തിന്റെ സ്വഭാവവിശേഷണങ്ങളെ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുക എന്നതാണ് അതിന്റെ ഉദ്ദേശ്യം. സ്ത്യം, ന്യാ യം, നീതി, കരുണ, നിസ്വാർത്ഥസ്നേഹം മുതലായ ദൈവത്തി ന്റെ സ്വഭാവവിശേഷങ്ങൾ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുക- വാക്കും ഭാഷണവും കൂടാതെ തന്നെ എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ഒരു വ്യക്തിയെ കാണുന്നവർ ആ വ്യക്തിയിൽ യേശുവിനെ കാണ ണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത് അതിനാണ് കല്പ നകളും മറ്റു നിയമങ്ങളും കൊടുത്തിരിക്കുന്നത്. ദൈവത്തെ നാം സ്നേഹിക്കുന്നുവെങ്കിൽ ഈ കല്പനകളെ പാലിക്കുകയും ദൈവത്തിന്റെ സ്വഭാവത്തെ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കു കയും ചെയ്യും.

ഇവിടെ പുരോഹിതൻ എന്നുള്ളത് ഒരു ഉന്നത വിളിയാണ്. പഴയ നിയമ കാലത്തു ഒരു പുരോഹിതന്റെ ആവശ്യം എന്തായിരുന്നു എന്നുകൂടി ചിന്തിക്കാം.

**മദ്ധ്യസ്ഥൻ എന്ന നിലയിൽ**

മദ്ധ്യസ്ഥൻ എന്ന നിലയിൽ ദൈവത്തിന്റെ സ്വഭാവവിശേഷങ്ങളെ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുക എന്നതാണ് പുരോഹിതന്റെ ഒരു കർത്തവ്യം. മൽക്കിസദേക് അത്യുന്നതനായ ദൈവത്തിന്റെ

പുരോഹിതനായിരുന്നു എന്ന കാര്യം ഓർക്കുമല്ലോ? യിസ്രായേലിനെ തിരഞ്ഞെടുത്തപ്പോൾ പുരോഹിത ശുശ്രൂഷയുടെ ആവശ്യം എന്തായിരുന്നു? പുറപ്പാടു പുസ്തകം അവസാനിക്കുമ്പോൾ (പുറപ്പാട് 40:34-35) യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറച്ചതുകൊണ്ട് മോശയ്ക്കു തിരുനിവാസത്തിനകത്ത് കടക്കാൻ കഴിഞ്ഞില്ല. ലേവ്യപുസ്തകം ആരംഭിക്കുമ്പോൾ (ലേവി. 1:1) മോശ തിരുനിവാസത്തിന് പുറത്തും യഹോവയായ ദൈവം അകത്തുമാണ്. സംഖ്യാപുസ്തകം ആരംഭിക്കുമ്പോൾ (സംഖ്യാ 1:1) മോശയും യഹാവയായ ദൈവവും സമാഗമന കൂടാരത്തിന് ഉള്ളിലാണ്. മോശയ്ക്ക് സമാഗമന കൂടാരകത്തിന് ഉള്ളിൽ കടക്കാൻ സാധിച്ചു. ഇതിനിടയിൽ എന്തു സംഭവിച്ചു എന്നു നോക്കാം.

വിശുദ്ധനായ ദൈവത്തോടു അടുക്കുക വിശുദ്ധിയാൽ മാത്രമേ സാധിക്കുകയുള്ളൂ. സാധാരണ മനുഷ്യന് വിശുദ്ധനായ ദൈവത്തോട് അടുക്കുക അസാധ്യമാണ്. സൂര്യൻ ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിന് ആവശ്യമാണെങ്കിലും സൂര്യന്റെ ശക്തിയും ചൂടും ഊർജ്ജവും കാരണം സൂര്യനോട് അടുത്താൽ നാം കത്തിച്ചാമ്പലാകും. അതുപോലെ തന്നെ വിശുദ്ധനായ ദൈവത്തോട് അശുദ്ധനായ മനുഷ്യന് അടുത്തുകൂടാ ! അടുക്കണമെങ്കിൽ നാം വിശുദ്ധരാകണം. വിശുദ്ധരാകാനുള്ള നിയമങ്ങളാണ് ലേവ്യപുസ്തകത്തിൽ കൊടുത്തിരിക്കുന്നത്. മൂന്നു തരത്തിലുള്ള നിയമങ്ങളാണ് ഇതിനുവേണ്ടി ലേവ്യപുസ്തകത്തിൽ കൊടുത്തിരിക്കുന്നത്. പലരും ബൈബിൾ വളരെ ഉത്സാഹത്തോടെ വായിച്ചു തുടങ്ങും ഉല്പത്തിയും പുറപ്പാടും രസകരമായ കഥകളുള്ളതിനാൽ വായിക്കുക എളുപ്പം. ലേവ്യപുസ്തകത്തിൽ വരുമ്പോൾ പലരും പുസ്തകം മടക്കും - മനസ്സിലാക്കാൻ പ്രയാസമുള്ള നിയമങ്ങളും ആചാരങ്ങളും.

വിശുദ്ധരാകാൻ മൂന്നുതരത്തിലുള്ള നിയമങ്ങളാണ് ലേവ്യപുസ്തകത്തിൽ കൊടുത്തിരിക്കുന്നത് - ആചാരങ്ങൾ, പുരോഹിത ശുശ്രൂഷ, സാന്മാർഗ്ഗിക നിയമങ്ങൾ. ആചാരങ്ങളുടെ കൂട്ടത്തിൽ യാഗം അഥവാ മൃഗബലിയും പെരുന്നാളുകളുമാണുള്ളത്. യാഗം പ്രധാനമായും വ്യക്തിപരമായി വിശുദ്ധനാകാനും പെരു

ന്നാളുകൾ ഒരു ജനതയ്ക്കു മുഴുവനുമായി ദൈവസന്നിധിയിൽ അടുത്തു വരുന്നതിനും ആരാധന കഴിക്കുന്നതിനുമായിരുന്നു. സാന്മാർഗ്ഗിക നിയമങ്ങൾ കൊടുത്തത് ദൈവത്തിന്റെ സ്വഭാവവിശേഷങ്ങൾ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നതിനായിരുന്നു. ഈ മൂന്നുതരത്തിലുള്ള ആചാരങ്ങളും നിയമങ്ങളും പുരോഹിത പദവികളും എല്ലാ മതങ്ങളിലും കാണാൻ സാധിക്കും. സത്യവും ന്യായവും നീതിയും ദൈവസിംഹാസനത്തിന്റെ അടിസ്ഥാനങ്ങളാണ്.

ദൈവത്തെപ്പറ്റിയുള്ള അറിവു മാറ്റിയാൽ മറ്റു നിയമങ്ങളുടെ കാര്യത്തിൽ മതങ്ങളെല്ലാം ഏറെക്കുറെ യോജിക്കുന്നു. യാഗങ്ങളായ ആചാരങ്ങളും പുരോഹിത പദവികളും സാന്മാർഗ്ഗിക നിയമങ്ങളും എല്ലാ മതങ്ങളുടേയും ഭാഗമായിരുന്നു. എബ്രായലേഖനം യാഗങ്ങളും സാന്മാർഗ്ഗിക നിയമങ്ങളും പാലിച്ചിരുന്ന വിവിധ മതസമൂഹങ്ങൾക്കുവേണ്ടിയും വർഗ്ഗങ്ങൾക്കുവേണ്ടിയും എഴുതിയതാണ്. അതു വേദപുസ്തകത്തിൽ ഏബേരിന്റെ സന്തതിപരമ്പരകളെ അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയതാണ്. അതിൽ ഏബെരിന്റെ സങ്കരങ്ങൾ എന്ന നിലയിൽ ലോകത്തിലെ എല്ലാ ജനവിഭാഗങ്ങളും ഉൾപ്പെടും അബ്രഹാമിന് കെതുറയിൽ ഉണ്ടായ മക്കളും എബ്രായരാണ്. *''ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധം വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോട് അരുളിചെയ്തിട്ട്''* എന്നു പറഞ്ഞിരിക്കുന്നത് മതനിയമങ്ങളും, ആചാരങ്ങളും, സാന്മാർഗ്ഗിക നിയമങ്ങളും, പുരോഹിത പദവികളും, വിവിധ മതപ്രവാചകന്മാർ മുഖാന്തിരം കാലാകാലങ്ങളിൽ വിവിധ ജനസമൂഹങ്ങൾക്ക് കൊടുത്ത വിഷയമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബിലയാം മിദ്യാന്യരുടെ പുരോഹിതനായിരുന്നു എന്നത് ഓർക്കുമല്ലോ. യിസ്രായേലിന് യാഗത്തിന്റെ നിയമങ്ങൾ കൊടുക്കുന്നതിന് മുമ്പു തന്നെ യാഗനിയമങ്ങൾ മിദ്യാന്യർക്കു കൊടുത്തിരുന്നു. ബിലയാം യാഗം കഴിക്കയും യഹോവ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നുണ്ട്. (ഉപാസന കാണുക). അതു കൂടാതെ യിസ്രായേലിലെ പ്രവാചകന്മാർ മിക്കവരും യിസ്രായേലിന് പുറത്തുള്ളവരായിരുന്നു എന്നു ചിന്തിക്കുന്നവരുണ്ട്. അതുകൊണ്ട് തന്നെ അവരുടെ വംശാവലി

രേഖപ്പെടുത്താതെ വിട്ടുകളഞ്ഞിരിക്കുകയാണ്.

ലേവ്യപുസ്തകം എഴുതുന്ന സമയത്തെ ഒരു രീതി പുസ്തകത്തിന്റെ ഏറ്റവും പ്രധാനഭാഗം പുസ്തകത്തിന്റെ നടുക്ക് കൊടുക്കുക എന്നതായിരുന്നു. അതുകൊണ്ട് മഹാപാപപരിഹാരം ലേവ്യപുസ്തകത്തിന്റെ നടുക്കു കൊടുത്തിരിക്കുന്നു (16, 17 അദ്ധ്യായങ്ങൾ) ആണ്ടിൽ ഒരിക്കൽ പുരോഹിതൻ കൃപാസനത്തിന്റെ അടുക്കൽ യാഗമൃഗത്തിന്റെ രക്തവുമായി കടന്നു വരുന്ന വിഷയമാണ് അവിടെ വിവരിച്ചിരിക്കുന്നത്. എല്ലാവർക്കും അവിടെ കടന്നുവരാൻ അനുവാദമില്ല. മഹാപുരോഹിതനു മാത്രം – എന്തുകൊണ്ട് ? എന്തായിരുന്നു ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഒരു പുരോഹിതന്റെ അഥവാ മദ്ധ്യസ്ഥന്റെ ആവശ്യം ?

സീനായി മലയിൽ വെച്ച് ദൈവം യിസ്രായേൽ ജനങ്ങളെ അഭിസംബോധന ചെയ്യുമ്പോൾ പർവ്വതം തീകൊണ്ടു കത്തിക്കാളുകയായിരുന്നു. സാധാരണ ജനങ്ങൾക്ക് ദൈവത്തിന്റെ വിശുദ്ധിയും തേജസ്സും കാരണം ദൈവത്തിന്റെ സാമിപ്യം സഹിക്കാവതല്ലായിരുന്നു. അവർ മോശയോടു ദൈവം ഞങ്ങളോട് നേരിട്ടു സംസാരിക്കേണ്ട; മോശ ദൈവത്തോടു സംസാരിച്ചിട്ട് അത് അവരോടു അറിയിച്ചാൽ മതി; അവർ അതനുസരിച്ച് നടന്നു കൊള്ളാം എന്ന് അറിയിക്കുന്നുണ്ട്.

സാധാരണ ജനങ്ങൾക്ക് ദൈവത്തിന്റെ വിശുദ്ധി കാരണം ദൈവത്തോട് അടുക്കാൻ കഴിയാതിരുന്നതുകൊണ്ട് ഒരു പുരോഹിതവർഗ്ഗത്തെ ഉന്നതവിളിയായി കർക്കശമായ നിയമങ്ങളോടുകൂടി തിരഞ്ഞെടുത്തു; അവർ മാത്രമായിരുന്നു ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്തിരുന്നത്. എന്നാൽ ക്രിസ്തുവിന്റെ യാഗം മൂലം തന്റെ രക്തത്താൽ നമുക്കു പാപശുദ്ധി വരുത്തിയതുകൊണ്ട് പാപപരിഹാരത്തിനുള്ള താൽക്കാലിക നിയമങ്ങളായ യാഗത്തിന്റെ ആവശ്യം ഇല്ലാതെ വന്നു. യാഗം എന്ന കർമ്മം എല്ലാ ജനതകളിലും നിന്നുപോകുകയും അതിന്റെ സ്ഥാനത്ത് പൂജയും, വഴിപാടും, ആരാധനയും വിവിധ മതങ്ങളിൽ സ്ഥാനം പിടിച്ചു. ഇപ്പോൾ ഏതു സമയത്തും നമുക്ക് കൃപാസനത്തോട് അടുക്കാം. നാം പുരോഹിതവർഗ്ഗമാണ്. നമ്മുടെ ഇടയിൽ പു

രോഹിതന്മാരും പാസ്റ്റർമാരും ബിഷപ്പുമാരും കുറച്ചുകൂടി ഉന്നത വിളിയാൽ നിയുക്തരായി, വേർപ്പെട്ട് ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യുന്നവരാണ്.

അതുപോലെ തന്നെ സാന്മാർഗ്ഗിക നിയമങ്ങളും വിശുദ്ധി പ്രാപിക്കേണ്ടതിന് വേണ്ടിയായിരുന്നു. ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നു പറഞ്ഞിട്ട് അതിന് താഴെ രേഖപ്പെടുത്തിയിരിക്കുന്നത് വിശുദ്ധരാകാനുള്ള സാന്മാർഗ്ഗിക നിയമങ്ങളാണ്. *''നിങ്ങളുടെ വയലിലെ വിളവ് എടുക്കുമ്പോൾ വയലിന്റെ അരികു ചേർത്ത് കൊയ്യരുത് ; അത് പരദേശിക്കും അനാഥനും വേണ്ടി വിടുക''* (ലേവ്യ 19: 2, 9 - 37 ) ദൈവത്തിന്റെ നിയമങ്ങളെല്ലാം ദൈവസ്നേഹവും അഥവാ മനുഷ്യസ്നേഹവും തുളുമ്പുന്നവയാണ്. അതുകൂടാതെ, കുറ്റം ചെയ്യുന്നവർ ശിക്ഷ അനുഭവിക്കണമെന്നുള്ളത് ദൈവനീതിയായതുകൊണ്ടാണ് ശിക്ഷ കല്പിച്ചിരിക്കുന്നത് അത് ദൈവത്തിന്റെ വിശുദ്ധിക്കു തക്കവണ്ണമാണ്. ദൈവത്തിന്; അനീതിയില്ല.

പുതിയനിയമ യിസ്രായേലാകുന്ന സഭയെയും ഭൂമിയിൽ ആക്കിവെച്ചിരിക്കുന്നത് പുറത്തുള്ള മറ്റു മതക്കാർക്ക്, ജാതികൾക്ക്, പ്രകാശമായിരിക്കാനാണ്. ദൈവത്തിന്റെ അംബാസഡർമാരായിട്ടാണ് (Ambassders) - ദൈവത്തിന്റെ സ്വഭാവവിശേഷങ്ങളെ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കാൻ വേണ്ടിയാണ്. എന്നാൽ നമ്മിൽ പലരുടേയും ചിന്ത പഴയനിയമ യിസ്രായേലിനെപ്പോലെ നമ്മുടെ മേന്മ കാരണമാണ് നമ്മെ തിരഞ്ഞെടുത്തത് എന്നാണ്. എന്നാൽ നമ്മെ തിരഞ്ഞെടുത്തത്; ഇവിടെ ആക്കിയിരിക്കുന്നത്, ജാതികളെ അഥവ മറ്റു മതക്കാരെപ്പറ്റി ദൈവത്തിനുള്ള കരുതൽ കാരണമാണ്; അവരെ നാം ദൈവത്തിലേക്ക് ആകർഷിക്കാനാണ്. ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തത് ഒരു അനുഗ്രഹമായിരിക്കാനാണ്. അബ്രഹാമിൽക്കൂടി മറ്റുള്ളവരെ അനുഗ്രഹിക്കാനാണ്. നമ്മെ കാണുന്നവർ, നമ്മിൽ യേശുവിനെ കാണണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത് വാക്കും ഭാഷണവുമില്ലാതെ, നാംദൈവത്തിന്റെ സ്വഭാവവിശേഷങ്ങൾ മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുന്നവരായിരിക്കണം. *''നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ*

*ഘോഷിക്കുവാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു''* (1 പത്രോസ് 2:9). ദൈവത്തിന്റെ സ്വഭാവവിശേഷങ്ങളെ വാക്കും ഭാഷണവും കൂടാതെ മറ്റുള്ളവരിലേക്കു പ്രതിഫലിപ്പിക്കുവാൻ, ചുറ്റുമുള്ളവർക്ക് പ്രകാശമായിരിപ്പാനാണ് സഭയെ ഇവിടെ ആക്കിവെച്ചിരിക്കുന്നത്. ക്രിസ്തു കൊടുത്ത നിയമങ്ങളെല്ലാം അതിനുവേണ്ടിയായിരുന്നു. നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും. പഴയനിയമ യിസ്രായേലിനും ന്യായപ്രമാണം കൊടുത്തത് ദൈവത്തിന്റെ സ്വഭാവത്തെ ചുറ്റുമുള്ള ജാതികളിലേക്ക് പ്രതിഫലിപ്പിക്കുവാനും അവരെ ദൈവത്തിലേക്ക് ആകർഷിക്കുവാനുമായിരുന്നു.

ഈ ന്യായപ്രമാണങ്ങൾ ലേവ്യപുസ്തകത്തിൽ ക്രമീകരിച്ചിരിക്കുന്നത് ആചാരങ്ങളായ യാഗവും പെരുന്നാളുകളും പുസ്തകത്തിന്റെ ആദ്യവും അവസാനവും, അതിനുള്ളിലായി രണ്ടുവശത്തും പുരോഹിത ശുശ്രൂഷയ്ക്കുള്ള നിയമങ്ങളും, അതിനുള്ളിലായി രണ്ടുവശത്തും സാന്മാർഗ്ഗിക നിയമങ്ങളും നടുക്കായി മഹാപാപപരിഹാരത്തിന്റെ നിയമങ്ങളുമായാണ്.

എന്നാൽ ഈ ന്യായപ്രമാണ നിയമങ്ങളെല്ലാം ക്രിസ്തുവിൽ നിറവേറിയതുകൊണ്ട് പാപപരിഹാരത്തിനായി യാഗത്തിന്റെ ആവശ്യം ഇല്ലാതെ വന്നു. കൂടാതെ നാമെല്ലാവരും പുരോഹിതവർഗ്ഗവുമാണ്. എല്ലാ മതവിഭാഗങ്ങളിലും ജനവിഭാഗങ്ങളിലും യാഗം അഥവാ മൃഗബലി ക്രമേണ നിന്നുപോയി. (പുറപ്പാട് 19:56, യെശയ്യാവ് 61:6, 1 പത്രോസ് 2:9, റോമർ 12:12, എബ്രായർ 13:15 എന്നിവ കാണുക.)

*''പുരോഹിതന്മാരുമാക്കിതീർത്തവനുമായവന്''* എന്നത് വിശദീകരിക്കാനാണ് ഇത്രയും കുറിച്ചത്. നമുക്ക് വിഷയത്തിലേക്കു മടങ്ങി വരാം.

***വാക്യം 7*** *''ഇതാ അവൻ മേഘലരൂഢനായി വരുന്നു; ഏതു കണ്ണും അവനെ കുത്തിതുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെചൊല്ലി വിലപിക്കും ഉവ്വ് ആമേൻ.''*

കർത്താവിന്റെ വരവ് മദ്ധ്യാകാശത്ത് മേഘലങ്ങളിൽ ആയിരിക്കുമല്ലോ ? സഭ അന്ന് മേഘലങ്ങളിൽ എടുക്കപ്പെടും. 'വീണ്ടും അവന്റെ കാൽ ഒലിവുമലയിൽ നിൽക്കും.' 'അവർ കുത്തിയവങ്കലേക്കു നോക്കും' എന്നീ പ്രവചനങ്ങളുമുണ്ട്. കർത്താവിന്റെ രണ്ടാമത്തെ വരവ് എന്ന ഒരു പ്രയോഗം ബൈബിളിൽ ഇല്ലാത്തതിനാലും പ്രത്യക്ഷതയുടെ വിഷയം ഒന്നിൽകൂടുതൽ പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നതിനാലും (സെഖര്യാവ് 12 :9-14, 1 തെസ്സ. 4:15-18, വെളി. 21:1 - 3) ഈ പ്രവചനത്തിന് ഒന്നിൽ കൂടുതൽ നിവൃത്തിയുണ്ടായിരിക്കും എന്നനുമാനിക്കാം. (മത്തായി 24:30, 26:64, മർക്കോസ് 13:26, 14:62, 1 തെസ്സ. 4:17, ദാനിയേൽ 7:13 ശ്രദ്ധിക്കുക)

കർത്താവിന്റെ ശത്രുക്കളായവർ ഈ അവസരത്തിൽ തങ്ങളുടെ ന്യായവിധി അടുത്തു എന്നതിനാൽ വിലപിക്കും. യഹൂദന്മാർ തങ്ങൾ യേശുവിനെ ക്രൂശിച്ചതോർത്ത് വിലപിക്കും. ഉവ്വ് ആമേൻ അത് അങ്ങിനെതന്നെയായിരിക്കും എന്നുറപ്പിക്കുകയാണ് ഇവിടെ.

ഞാൻ *അൽഫയും ഒമേഗയും* ആകുന്നു- ഗ്രീക്കു ഭാഷയുടെ ലിപികളിലെ ആദ്യത്തേയും അവസാനത്തേയും അക്ഷരങ്ങൾ ആണ് അൽഫയും ഒമേഗയും. ദൈവത്തിന്റെ അനാദിയായ നിത്യമായ സ്വഭാവത്തേയാണ് ഇത് കാണിക്കുന്നത്.

***വാക്യം 8*** *"ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും...."* ഇവിടെ ദൈവത്തിന്റെ ഈ സ്വഭാവവിശേഷങ്ങൾ പുത്രനായ ക്രിസ്തുവിനു (കർത്താവ്) വേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. വചനമായ ക്രിസ്തു പിതാവുമായി സാരാംശത്തിൽ ഒന്നു തന്നെയാണ്. യേശു പറയുന്നു ഞാനും പിതാവും ഒന്നാണ്.

***വാക്യം 9*** *"ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിൽ ആയിരുന്നു."*

ഡൊമിഷ്യൻ ചക്രവർത്തിയുടെ പീഡനകാലത്താണ് യോഹന്നാൻ അപ്പോസ്തോലനെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തിയത്. മറ്റൊരു രാജാവിനെപ്പറ്റി പ്രസംഗിക്കുന്നത്, റോമൻ സാമ്രാജ്യത്തിന് ഒരു ഭീഷണി ആയിട്ടാണ് ഭരണകൂടം കണ്ടത്. പത്മോസ് എന്ന ദ്വീപ് ഡൊഡേകൊസ് (Dodecause) ദ്വീപസമൂഹത്തിൽപ്പെട്ട ഈജിയൻ കടലിൽ മെഡിറ്ററേനിയൻ സമുദ്രത്തിന് വടക്കായി

ഇന്നത്തെ ടർക്കിയുടെ പടിഞ്ഞാറേ തീരത്തുനിന്നും മുപ്പതു മൈൽ അകലെയുള്ളതും പാറക്കെട്ടുകൾ നിറഞ്ഞതുമായ ഒരു ദ്വീപാണ്. ആദ്യകാലത്ത് അവിടെ അധിവാസം ഉറപ്പിച്ചത് ഗ്രീക്കുവംശജരായ ഡോറിയൻസ് ആണ്. ഡൊഡേകൊസ് എന്നത് ഡോഡനിം (ഉല്പ. 10:4) എന്ന ഈ ദ്വീപസമൂഹത്തിലെ ഏറ്റവും വലിയ ദ്വീപിന്റെ പേരിൽ നിന്നുമാണ്. ഇന്ന് ഭൂപടത്തിൽ അതിനെ റോഡസ് ( Rhodes) എന്ന പേരിലാണ് അറിയപ്പെടുന്നത്.

*വാക്യം 10. ''കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി''* – കർത്തൃദിവസത്തിൽ എന്നത് ഞായറാഴ്ച എന്ന് പലരും ചിന്തിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഞായറാഴ്ചയ്ക്ക് കർതൃദിവസം എന്ന് ബൈബിളിൽ പേരിട്ടിട്ടില്ലാത്തതിനാൽ കർത്താവിന്റെ ദിവസത്തിൽ വരുവാനിരിക്കുന്ന സംഭവങ്ങളുടെ ദർശനം അതായത് പ്രത്യാഗമനം, മഹാപീഡനം, സഹസ്രാബ്ദം എന്നീ കാലയളവുകളെ ദർശിച്ച വിഷയമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആത്മവിവശനായി എന്നത് പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതുമായ വിഷയങ്ങൾ നഗ്നനേത്രങ്ങൾക്കോ കാതുകൾക്കോ മറ്റു ഇന്ദ്രിയങ്ങൾക്കോ അനുഭവവേദ്യമല്ലാത്തതാണ് എന്നു ഗ്രഹിക്കാം.

***വാക്യം 11*** *''നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസോസ്, സ്മുർന്ന, പെർഗ്ഗമോസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫിയ, ലവൊദിക്യ എന്നീ സഭകൾക്ക് അയയ്ക്കുക.''* ഈ ഏഴു സഭകളെ എടുത്തു പറഞ്ഞിരിക്കുന്നതുകൊണ്ട് അവിടെ മറ്റു സഭകൾ ഇല്ലായിരുന്നു എന്നർത്ഥമില്ല. ഏഴ് ആത്മീയമായി പൂർണ്ണതയുടെ സംഖ്യ ആയതിനാൽ ഭൂമിയിൽ ഇന്നും എന്നും എല്ലാക്കാലത്തുമുള്ള, ഉണ്ടായിരുന്ന സഭകളുടെ പ്രതിനിധിയായി എടുത്തതായി കരുതിയാൽ മതി.

*''പൊൻനിലവിളക്കുകളേയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു.. മനുഷ്യപുത്രനോടു സദൃശ്യനായവനെയും കണ്ടു.''* ഈ ഭാഗം വളരെയധികം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാകയാൽ മനുഷ്യപുത്രൻ എന്നതുമാത്രം വിശദീകരിച്ചിട്ടു മറഞ്ഞിരിക്കുന്ന മറ്റു പ്രതീകങ്ങളിലേക്ക് കടക്കാൻ ആഗഹിക്കുന്നു.

യേശു ജനിച്ചപ്പോൾ മനുഷ്യനും പൂർണ്ണദൈവവുമായിരുന്നു. മ ഹത്വീകരിക്കപ്പെട്ട യേശുവിനെയാണ് യോഹന്നാൻ ദർശനത്തിൽ കണ്ടത്. യേശു പ്രവാചകനും പുരോഹിതനും രാജാവുമാണ് കൂ ടാതെ താൻ ന്യായാധിപനായിരിക്കുന്ന അവസ്ഥയുമുണ്ട്; തന്റെ അനാദിയായ നിത്യസ്വഭാവം, അനന്തജ്ഞാനം, ബുദ്ധിവൈഭവം മാറ്റമില്ലാത്തതുമായ സ്വഭാവം ഇവയ്ക്കു പ്രതീകമായിരിക്കുന്ന അംഗവർണ്ണനയാണ് നാം ഇവിടെ കാണുന്നത്.

***വാക്യം 17.*** *''അവൻ വലം കൈ എന്റെ മേൽ വെച്ചു ഭയപ്പെടേണ്ട ... ''* യോഹന്നാൻ അപ്പോസ്തോലന് ലഭിച്ച ദർശനം അദ്ദേഹ ത്തിന് വേണ്ടി മാത്രമല്ലായിരുന്നു. അത് എല്ലാക്കാലത്തുമുള്ള ഭക്തന്മാർക്കുവേണ്ടിയുമാണ്. വലതുകൈ എന്നതുകൊണ്ട് യേ ശുവിന്റെ കരുതലും സ്നേഹവുമാണ് കാണിക്കുന്നത്. വിശ്വാ സത്തിനുവേണ്ടി ത്യാഗം സഹിക്കുന്ന എല്ലാവർക്കുമുള്ള സന്ദേ ശമാണിത്. പ്രത്യേകിച്ച് വരും കാലങ്ങളിൽ പീഡനം അത്യന്തം വർദ്ധിക്കുകയും വിശ്വാസം തന്നെ കണ്ടെത്തപ്പെടുമോ എന്ന് സംശയിക്കുന്ന ഒരു സാഹചര്യത്തിലേക്ക് ലോകം നീങ്ങുകയും ചെയ്യുമ്പോൾ ഭക്തന്മാർക്ക് ഈ സന്ദേശം ആശ്വാസം പകരു ന്നതായിരിക്കും. ഞാൻ ആദ്യനും അന്ത്യനും ജീവനുമായവനു മാകുന്നു (യോഹ. 6 : 35) തന്റെ ദൈവത്വത്തെയാണ് ഇവിടെ വെളിപ്പെടുത്തുന്നത് – അൽഫയും ഒമേഗയും – എന്നപോലെ. ഞാൻ മരിച്ചവനായിരുന്നു എന്നാൽ ഇതാ എന്നേക്കും ജീവി ച്ചിരിക്കുന്നു. തന്റെ ക്രൂശീകരണവും ഉയിർത്തെഴുന്നേല്പും വിശ്വസ്തനായി നിലകൊണ്ടതും ഇവിടെ സൂചിപ്പിക്കുന്നു. വി ശ്വാസികളിൽ പലർക്കും ഇതേ അനുഭവം തന്നെയാണ് ദൈവം ഒരുക്കിയിരിക്കുന്നത്.

മരണത്തിന്റെയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവ ശമുണ്ട്. – താക്കോൽ അധികാരത്തെ സൂചിപ്പിക്കുന്നു. മരണത്തെ ജയിച്ച യേശുവിന് മരണത്തിന്റെ മേൽ അധികാരം ഉള്ളതുകൊ ണ്ട് വിശ്വാസികൾക്ക് മരണത്തെ ഭയപ്പെടേണ്ടതില്ല. റോമാ ചക്ര വർത്തിക്കോ അമേരിക്കൻ പ്രസിഡന്റിനോ ഈ അധികാരമില്ല. പാതാളം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മരിച്ചവർ പോകുന്ന സ്ഥലമെന്നാണ്. യഹൂദന്മാർ വിശ്വസിച്ചിരുന്ന Sheol ന് സമാന്ത

രമായി ഈ അവസ്ഥയെ സൂചിപ്പിക്കുന്നു.

***വാക്യം 1:19***. *"നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എന്റെ വലംകൈയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു: ഏഴു നിലവിളക്ക് എഴു സഭകൾ ആകുന്നു എന്ന് കല്പിച്ചു"* യോഹന്നാൻ അപ്പോസ്തോലൻ നിലവിളക്കുകളുടെ നടുവിൽ നിൽക്കുന്ന യേശുവിനെ കണ്ടതും, ഇപ്പോൾ ഉള്ളത് അതായത് ഏഴുസഭകൾക്കുള്ള ദൂതും അവയുടെ അവസ്ഥയെപ്പറ്റിയുള്ള നിർണ്ണയവും ഇനിയും യുഗാന്ത്യത്തിൽ കർത്താവിന്റെ വരവിനുമുമ്പും വരവിനുശേഷവും നടക്കാനിരിക്കുന്ന സംഭവങ്ങളും പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. ഏഴു സഭകൾക്കുള്ള ദൂതുകൾ സഭയുടെ ഏഴു കാലയളവുകളായി ചിലർ വ്യാഖ്യാനിക്കാറുണ്ട്. ചരിത്രത്തിൽ ഈ തരം തിരിവ് വ്യക്തമായി കാണാനില്ല എങ്കിലും, അവസാന കാലഘട്ടത്തിൽ വിശ്വാസഭ്രംശം സംഭവിക്കും എന്നതിൽ തർക്കമില്ല.

"എഴു നക്ഷത്രം എഴു സഭകളുടെ ദൂതന്മാരാകുന്നു. ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു എന്നു കല്പിച്ചു." സഭയെ ഇവിടെ ലോകത്തിന്റെ വെളിച്ചമായാണ് ആക്കിവെച്ചിരിക്കുന്നത്. ഭൂമിയിൽ സംഭവിക്കുന്ന വിഷയങ്ങൾക്ക് സ്വർഗ്ഗത്തിലും അതിന്റെ പ്രതീകമായ സംഭവങ്ങൾ ഉണ്ട് എന്നു ഗ്രഹിക്കാം. ഓരോ സഭകളേയും പ്രതിനിധാനം ചെയ്യുന്ന ദൂതന്മാരും ഓരോ രാജ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ദൂതന്മാരും (ദാനിയേൽ 10:13, 12:1) ഓരോ വ്യക്തികൾക്കുള്ള ദൂതന്മാരുമുണ്ട് (മത്തായി 18:1) എന്ന് ചിന്തിക്കാം. യേശു ശിഷ്യന്മാരോടു പറഞ്ഞത് നിങ്ങൾ ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും എന്നത് ഇതിനോടു ചേർത്തു വായിക്കണം.

ഭൂമിയിൽ ഉള്ളതായ സംഭവങ്ങൾക്കോ സംഘടനകൾക്കോ വ്യക്തികൾക്കോ പ്രതീകമായ ദൂതന്മാർ സ്വർഗ്ഗത്തിലും ഉണ്ട് അവരിൽക്കൂടി സഭയ്ക്ക് ഉത്തരവാദിത്തം വഹിക്കുന്നവർക്ക് ഉള്ളതാണ് സന്ദേശം.

# അനുബന്ധം

**വിവിധ മതങ്ങളും രക്ഷയും**

ഈ പുസ്തകം എഴുതിയതിനുശേഷം, പ്രസിദ്ധീകരിക്കുന്നതിനുമുമ്പ്, അഭിപ്രായം രേഖപ്പെടുത്താൻ സമൂഹത്തിലെ അറിയപ്പെടുന്ന ചില വ്യക്തികളെ സമീപിച്ചു. അവരിൽ രണ്ടുപേർ പുസ്തകത്തിലെ വിഷയം ഉൾക്കൊള്ളുന്നതിന് പ്രയാസമായതുകാരണം അഭിപ്രായം എഴുതാതെ മടക്കി അയച്ചു. എന്നാൽ മറ്റൊരു വ്യക്തി മനോഹരമായ ഒരു അഭിപ്രായം എഴുതിത്തരികയും ഇതുപോലെയുള്ള പുസ്തകങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അഭിപ്രായം എഴുതിയ മറ്റു ചിലരും വിവിധ മതങ്ങളെപ്പറ്റി പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്നതിനോട് യോജിക്കാൻ പ്രയാസമുണ്ട് എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അതുകൊണ്ട് വായനക്കാർക്കും ഇതേ പ്രയാസം നേരിടുമെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് ''വിവിധ മതങ്ങളും രക്ഷയും'' എന്ന വിഷയം അനുബന്ധമായി പുസ്തകത്തിൽ ചേർക്കാൻ ഇടയായത്.

നമുക്കെല്ലാം വിവിധ വിഷയങ്ങളെപ്പറ്റി വിവിധങ്ങളായ ധാരണകളുണ്ട്. ഈ ധാരണകൾ എല്ലാം ശരിയായിരിക്കണമെന്നില്ല. നമ്മുടെ ധാരണകൾ രൂപപ്പെടുത്തുന്നത് നമ്മുടെ അറിവും അനുഭവവുമാണ്. നമ്മുടെ അറിവിന് പരിമിതികളുണ്ട്. അതുപോലെ തന്നെ നമ്മുടെ അനുഭവങ്ങൾ വ്യത്യസ്തമായിരിക്കുന്നു. ബൈബിൾ എഴുതിയ പ്രവാചകന്മാരുടെ അനുഭവല്ല നമ്മിൽ പലരുടേയും അനുഭവങ്ങൾ. അപ്പോസ്തലനായ പത്രോസിന് ജാതികളുടെ രക്ഷയോടുള്ള ബന്ധത്തിൽ ആകാശത്തുനിന്ന് ഇറങ്ങി വന്ന തുപ്പട്ടിപോലുള്ള പാത്രത്തിന്റെ അനുഭവം (അപ്പൊ. പ്ര. 10:9-23) മറ്റു ശിഷ്യന്മാർക്ക് ഉണ്ടായില്ല എന്നോർക്കണം.

നാമെല്ലാവരും ഒന്നുമറിയാതെ ഈ ഭൂമിയിൽ ജനിച്ചു വീണു. അതിനുശേഷം ചില കാര്യങ്ങൾ മാതാപിതാക്കളിൽ നിന്നോ,

സമൂഹത്തിൽ നിന്നോ പുസ്തകങ്ങളിൽ നിന്നോ ഗ്രഹിക്കുന്നു. ഈ അറിവിന് പരിമിതികളുണ്ട്. ഇന്നേവരെ വിവിധ വിഷയങ്ങളെപ്പറ്റി ലോകചരിത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ ഒരു ശതമാനത്തിന്റെ ചെറിയ ഒരംശം പോലും നാമാരും വായിച്ചിട്ടില്ല. എങ്കിലും നമ്മിൽ പലരുടേയും ഭാവം നാം വിശ്വസിക്കുന്നതാണ് ഏറ്റവും ശരിയായിട്ടുള്ളതെന്നാണ്.

ഇന്ന് നാം ലോകത്തിൽ വിവിധ മതങ്ങൾ കാണുന്നു. പുരാതന ജനങ്ങൾ വിശ്വസിച്ചിരുന്ന മതങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. ഒരു മതം മറ്റൊരു മതത്തിനുവേണ്ടി വഴി മാറിക്കൊടുക്കുന്ന പ്രതിഭാസം നാം ചരിത്രത്തിൽ കാണുന്നുണ്ട്. ഓരോ മതത്തിനും സ്വന്തമായ പുസ്തകങ്ങളും മതസംഹിതകളുമുണ്ട്. അവരവരുടെ മതമാണ് ഏറ്റവും ശരിയായിട്ടുള്ളതെന്ന് സ്ഥാപിക്കാനുള്ള തെളിവുകൾ അതതു പുസ്തകത്തിലുണ്ട്. അവരവരുടെ പുസ്തകങ്ങൾ മാത്രം വായിക്കുന്നവർ മൂഢലോകത്തിലാണ് ജീവിക്കുന്നത് എന്നു വരാം. അപ്പൊസ്തലനായ പൗലോസ് ഗ്രീക്കുകാരുടെ പുസ്തകങ്ങൾ വായിച്ച് നല്ല അറിവുള്ള വ്യക്തിയായിരുന്നു. ഒരു പ്രത്യേക മതത്തിന്റെ ചട്ടക്കൂട്ടിൽ അഥവാ തത്വസംഹിതയിൽ നിന്നുമാത്രം ചിന്തിക്കുന്നവർക്ക് പലതും ഉൾക്കൊള്ളാൻ പ്രയാസമായിരിക്കും. അതുകൊണ്ട് നമുക്കെല്ലാം വിവിധ വിഷയങ്ങളോടുള്ള ബന്ധത്തിൽ വിവിധ ധാരണകളുണ്ടാകാമെങ്കിലും ഈ ധാരണകളെല്ലാം ശരിയായിരിക്കണമെന്നില്ല.

അബ്രഹാം പിതാവിനോടുള്ള ബന്ധത്തിൽ യഹൂദ തൽമൂദുകളിൽ ഉള്ളതായ ഒരു കഥ കേട്ടിട്ടുണ്ട്. വലിയ സൽക്കാര പ്രിയനായ അബ്രഹാം ഒരിക്കൽ ഒരു വഴിപോക്കന് വീട്ടിൽ അന്തിയുറങ്ങാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. സന്ധ്യാപ്രാർത്ഥനയുടെ സമയത്ത് അബ്രഹാം ഏകദൈവമായ യഹോവയെ നമസ്ക്കരിച്ചപ്പോൾ അതിഥിയും തന്റെ കീശയിലുണ്ടായിരുന്ന വിഗ്രഹമെടുത്ത് പൂജ ചെയ്യാൻ ആരംഭിച്ചു. ഏകദൈവവിശ്വാസിയായ അബ്രഹാമിന് ഇത് സഹിച്ചില്ല. അദ്ദേഹം അതിഥിയെ വീട്ടിൽ നിന്നും ഇറക്കി വിട്ടു. അന്നു രാത്രി തന്നെ ദൈവം അബ്രഹാമിന് പ്രത്യക്ഷപ്പെട്ടു ‘‘എനിക്ക് ഈ വ്യക്തിയെ ഇത്രയും കാ

ലം സഹിക്കാമെങ്കിൽ നിനക്ക് അവനെ ഒരു ദിവസം സഹിച്ചു കൂടെ'' എന്നായിരുന്നു അബ്രഹാമിനോടുള്ള ദൈവത്തിന്റെ ചോദ്യം! അപ്പോസ്തല പ്രവൃത്തികൾ 10:28 ഇതിനോടു ചേർത്തു വായിക്കണം. അന്യജാതിക്കാരന്റെ അടുക്കൽ ചെല്ലുന്നതും അവനുമായി പെരുമാറ്റം ചെയ്യുന്നതും യഹൂദന് നിഷിദ്ധം എന്ന് നിങ്ങൾ അറിയുന്നുവല്ലോ. എങ്കിലും ഒരു മനുഷ്യനേയും മലിനനോ അശുദ്ധനോ എന്നു പറയരുതെന്നു ദൈവം എനിക്കു കാണിച്ചു തന്നിരിക്കുന്നു.

എബ്രായർക്കുള്ള ലേഖനം 1:1 ''ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരും പിതാക്കന്മാരോട് അരുളിചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം നമ്മോട് അരുളിചെയ്തിരിക്കുന്നു'' എന്നതാണ് ഈ എഴുത്തുകാരന്റെ കൃതിയായ ''ഉപാസന – ദൈവം പ്രസാദിക്കുവാൻ'' എന്നതിലെ ഒരു പ്രതിപാദ്യവിഷയം. ഈ വിഷയം ആ പുസ്തകത്തിൽ വിശദമായി ചർച്ച ചെയ്തിരിക്കുന്നത് വായിക്കുന്നത് സഹായകരമായിരിക്കും. ഇവിടെ പിതാക്കന്മാർ എന്നതുകൊണ്ട് പലരും ധരിച്ചിരിക്കുന്നത് അബ്രാഹം, യിസ്ഹാക്ക്, യാക്കോബ് എന്നീ പഴയനിയമ പിതാക്കന്മാർ എന്നാണ്. എന്നാൽ ഈ പിതാക്കന്മാരോട് പ്രവാചകന്മാർ മുഖാന്തിരമായി ദൈവം അരുളിചെയ്തിട്ടില്ല. ഇവിടെ പിതാക്കന്മാർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എല്ലാ ജാതികളിലുമുള്ള അവരവരുടെ പിതാക്കന്മാരെയാണ്. ദൈവം എല്ലാ ജാതികൾക്കും പ്രവാചകന്മാരെ അയച്ച വിഷയമാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് എബ്രായലേഖനം ദൈവത്തെ പ്രസാദിപ്പിക്കുവാൻ യാഗം അനുഷ്ഠിച്ചിരുന്ന എല്ലാ ജാതികൾക്കും വേണ്ടിയുള്ളതാണ്.

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് പഴയനിയമകാലത്ത് ദൈവത്തെ അറിയുന്നതിന് വ്യത്യസ്തങ്ങളായ വഴികൾ ദൈവം വെച്ചിരുന്നു എന്നതാണ്. വിവിധ വഴികളായ വ്യത്യസ്തങ്ങളായ മതങ്ങളെല്ലാം ഒരേ കേന്ദ്രത്തിലേക്കായിരുന്നു നയിച്ചിരുന്നത്– എന്നാൽ വഴികൾ വ്യത്യങ്ങളായിരുന്നു. ഇതോടു ചേർത്തു വായിക്കേണ്ട ഒരു വാക്യമാണ് ആവർത്തനപുസ്തകം

4:19 ''നീ ആകാശ സൈന്യമായ ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കിക്കാണുമ്പോൾ അവയെ നമസ്ക്കരിക്കുവാനും സേവിപ്പാനും വശീകരിക്കപ്പെടരുത്. അവയെ നിന്റെ ദൈവമായ യഹോവ ആകാശത്തിൻ കീഴെങ്ങുമുള്ള സർവ്വജാതികൾക്കും പങ്കിട്ടു കൊടുത്തിരിക്കുന്നു'' ഇതിൽ നിന്നും വ്യത്യങ്ങളായ വഴികൾ ദൈവം അനുവദിച്ചിരുന്നു എന്നു കാണാം.

മിദ്യാന്യരുടെ ഇടയിൽ ദൈവം അയച്ചിരുന്ന പ്രവാചകനായിരുന്നു ബിലെയാം. യിസ്രായേലിന് യാഗനിയമങ്ങൾ കൊടുക്കുന്നതിന് മുമ്പുതന്നെ അത് മിദ്യാനർക്കു ദൈവം കൊടുത്തിരുന്നു. അതനുസരിച്ച് ബിലെയാം യാഗം കഴിക്കുകയും യഹോവ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

ദൈവം യിസ്രായേലിനെ സ്വന്തജനമായി എടുത്തത് ജാതികൾക്ക് പ്രകാശമായിരിക്കാൻ വേണ്ടിയാണ്. ജാതികളെപ്പറ്റിയുള്ള ദൈവത്തിന്റെ കരുതലിനാണ് ഇവിടെ പ്രാധാന്യം. യിസ്രായേലിൽക്കൂടി ജാതികൾ ദൈവത്തിലേക്ക് ആകർഷിക്കപ്പെടണമെന്നാണ് ദൈവം ആഗ്രഹിച്ചത്. അതിന് ആവശ്യമായ ദൈവസ്നേഹം തുളുമ്പുന്ന പ്രത്യേക നിയമങ്ങളും അവർക്കു കൊടുത്തു. എന്നാൽ യിസ്രായേൽ ധരിച്ചത് അവരുടെ ഏതോ മഹത്വം കൊണ്ടാണ് ദൈവം അവരെ തിരഞ്ഞെടുത്തത് എന്നായിരുന്നു.

പുതിയനിയമസഭയേയും ദൈവം തിരഞ്ഞെടുത്തിരിക്കുന്നത് ജാതികൾക്ക് പ്രകാശമായിരിക്കുവാൻ വേണ്ടിയാണ്. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെക്കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'' (മത്തായി 5:16). ഇതേ വിഷയം തന്നെയാണ് അപ്പോസ്തലനായ പത്രോസും പറയുന്നത് (1 പത്രോസ് 2:9). ദൈവത്തിന്റേതായ സ്വഭാവവിശേഷങ്ങളെ ജാതികളിലേക്ക് പ്രതിഫലിപ്പിക്കുവാൻ ദൈവത്തിന്റെ സ്ഥാനപതിയായിട്ടാണ് നമ്മെ ഇവിടെ ആക്കിവെച്ചിരിക്കുന്നത്. എന്നാൽ നാം എല്ലാ മഹത്വവും സ്വയം എടുത്തിട്ട് വേർപാടിന്റെ വികലമായ വ്യാഖ്യാനം കൊണ്ട് ജാതികൾക്കും നമുക്കുമിടയിൽ മതിൽ തീർത്തിരിക്കുകയാണ്. ജാതികളെപ്പറ്റിയുള്ള ദൈവത്തി

ന്റെ കരുതൽ കാരണമാണ് നമ്മെ തിരഞ്ഞെടുത്തിരിക്കുന്നത്. ദൈവത്തിന് മുഖപക്ഷമില്ലല്ലോ? നമ്മുടെ പ്രവർത്തനം ജാതികളുടെ ഇടയിൽ ആയിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം നിനവേയിലേക്ക് യോനാ പ്രവാചകനെ അയയ്ക്കുന്നത് ജാതികളെപ്പറ്റിയുള്ള കരുതലിൽ നിന്നാണ്.

മറ്റു മതങ്ങളിലുള്ളവരുടെ രക്ഷയോടുള്ള ബന്ധത്തിൽ കൂട്ടി വായിക്കേണ്ട മറ്റൊരു വാക്യം അപ്പൊ. പ്ര. 17:30 ‘‘എന്നാൽ അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരു മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു’’. നമ്മുടെ അറിവ് അല്ലെങ്കിൽ അറിവിൽ നിന്ന് ഉടലെടുക്കുന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ല ദൈവം നമ്മെ ന്യായം വിധിക്കുന്നത്. അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കുന്നില്ല. ദൈവം രാജാവായ കോരെശിനോട് നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു (യെശയ്യാവ് 45:1-8). വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള മറ്റൊരു വാക്യവും ഇവിടെ കൂട്ടി വായിക്കണം. ‘‘ഇതിനായിട്ടല്ലോ മരിച്ചവരോടും സുവിശേഷം അറിയിച്ചത് അവർ ജഡസംബന്ധമായി മനുഷ്യരെപ്പോലെ വിധിക്കപ്പെടുകയും ആത്മവ് സംബന്ധമായി ദൈവത്തിനൊത്തവണ്ണം ജീവിക്കയും ചെയ്യേണ്ടതിനു തന്നെ’’ (1പത്രോസ് 4:6). അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് എന്നത് പലരും രക്ഷയുമായി കൂട്ടിക്കുഴക്കുന്നതാണ് തെറ്റിദ്ധാരണയുടെ മറ്റൊരു കാരണം.

മുകളിൽ ഉദ്ധരിച്ച വാക്യത്തിൽ നിന്നും മരണശേഷം ആത്മാക്കൾ ആയിരിക്കുന്ന സ്ഥലത്ത് ദൈവം അവരിൽ ചിലരോട് ഇടപെടുമെന്നാണ് ചിന്തിക്കേണ്ടത്. ആത്മാക്കൾ വിശ്രമിക്കുന്ന പാതാളത്തിന് പല തട്ടുകൾ ഉണ്ടെന്ന് കരുതുന്നു. അതിൽ ഒരു തട്ടുമാത്രമാണ് ധനവാന്റേയും ലാസറിന്റേയും കഥയിലുള്ള യാതനാ സ്ഥലം. മറഞ്ഞിരിക്കുന്ന വിഷയങ്ങളെപ്പറ്റി നാം തർക്കിക്കുന്നതിൽ അർത്ഥമില്ല. അത് ദൈവത്തിന്റെ പരമാധികാരത്തിന് വിടുക. യേശു ശിഷ്യന്മാരോട് ‘‘ഈ തൊഴുത്തിൽ ഉൾപ്പെടാത്ത

വേറെ ആടുകൾ എനിക്ക് ഉണ്ട്; അവയേയും ഞാൻ നടത്തേണ്ടതാകുന്നു;അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും'' (യോഹന്നാൻ 10:16).

ദൈവം അബ്രഹാമിനോട് യിശ്മായേലിനെപ്പറ്റി ''ദാസിയുടെ മകനേയും ഞാൻ ഒരു ജാതിയാക്കും; അവൻ നിന്റെ സന്തതിയല്ലോ'' എന്നാണ് അരുളിചെയ്തത് (ഉല്പ. 21:13). വിവിധ ജാതികളായ അറബികളും പേർഷ്യാക്കാരും ഹിന്ദുക്കളും ബുദ്ധമതക്കാരും ആയിരിക്കുന്നത് ദൈവത്തിന്റെ പദ്ധതിയനുസരിച്ചാകാം. നമ്മെ അവരുടെ ഇടയിൽ ആക്കിയിരിക്കുന്നത് അവരോട് സുവിശേഷം അറിയിക്കാനാണ്. അതിനുപരിയായി അവർക്കുള്ള വിധി പ്രസ്താവിക്കാൻ നമുക്കനുവാദമില്ല - അത് ദൈവത്തിന് വിടുക.

വെളിപ്പാട് പുസ്തകം ഏഴാം അദ്ധ്യായത്തിൽ യോഹന്നാൻ ദർശനം കാണുന്നത്, ''ഇതിന്റെ ശേഷം സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്ന് ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കൈയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്റേയും കുഞ്ഞാടിന്റേയും മുമ്പാകെ നിൽക്കുന്നത് ഞാൻ കണ്ടു. രക്ഷ എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു'' (വെളി. 7:9-10). വെളിപ്പാട് 14:6 ഇവിടെ കൂട്ടിവായിക്കണം. ദൈവത്തിനു മഹത്വം കൊടുക്കാനാണ് ദൂതൻ പറയുന്നത്.

ഈ കണ്ട എണ്ണിക്കൂടാത്ത മഹാപുരുഷാരത്തിൽ മറ്റു മതങ്ങളിൽ ജീവിക്കുന്നവരും ജീവിച്ചു മൺമറഞ്ഞവരും ഇല്ല എന്ന് ആർക്കെങ്കിലും ഉറപ്പായി പറയാൻ കഴിയുമോ? അവർ ആർത്തുകൊണ്ടിരുന്നത് രക്ഷ ദൈവത്തിന്റെ ദാനമാണ് എന്നാണ്. രക്ഷയും വിശ്വാസവും പ്രതിഫലവും സ്വയനീതിയിൽ കൂട്ടിക്കുഴക്കാതിരുന്നാൽ വായനക്കാർക്ക് വിഷയം വ്യക്തമാകും. അതുകൊണ്ട് നാം നമ്മെ ഏൽപ്പിച്ച ജോലി (സുവിശേഷം) അറിയിക്കുക. വിധി പ്രസ്താവിക്കുന്നത് ദൈവത്തിന് വിടുക. സ്വാഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നമ്മെയും ആദരിക്കാതെ

പോയേക്കാം. അതുകൊണ്ട് നാം ഞെളിയാതെ ഭയപ്പെടണം.

അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്ന് ചിന്തിച്ചിരുന്ന യഹൂദന്മാരോട് യേശുവിന്റെ മറുപടി ''അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്ന് ഉള്ളം കൊണ്ടു പറവാൻ തുനിയരുത്, ഈ കല്ലുകളിൽ നിന്ന് അബ്രഹാമിനു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (മത്തായി 3:9)

മലയാളഭാഷയിൽ ഒരു പ്രയോഗമുണ്ട് ''ഞാനറിയാതെ എന്റെ വായിൽ പഴം പോവുക'' എന്നു പറയുമ്പോൾ നർമ്മരസം തുളുമ്പുന്നതാണ്, കാരണം സാധാരണഗതിയിൽ ഇത് അസാദ്ധ്യമാണ്. നമ്മെപ്പറ്റി നമ്മളറിയാത്ത കാര്യങ്ങൾ പറയുമ്പോഴാണ് ഇത് ഉപയോഗിക്കാറുള്ളത്. എന്നാൽ പലപ്പോഴും നമ്മുടെ പ്രതികരണങ്ങൾ ഇതുപോലെയാണ്. നാമറിയാതെ തന്നെയാണ് നമ്മിൽ നിന്നും പ്രതികരണങ്ങൾ, ചിന്തകൾ പുറപ്പെടുന്നത്. നമ്മുടെ ഉപബോധമനസ്സാണ് (Subconscious mind) ചിന്തകളും പ്രതികരണങ്ങളും പുറപ്പെടുവിക്കുന്നത്. നാം ചിന്തിക്കാതെ തന്നെ, നാമറിയാതെതന്നെ, പ്രോഗ്രാം ചെയ്തതുപോലെ സ്വയമേവ നമ്മിൽ നിന്നും ചിന്തകളും പ്രതികരണങ്ങളും പുറപ്പെടുന്നു.

നമ്മുടെ ഉള്ളിലുള്ള ഭയത്തിനും, വ്യാകുലതയ്ക്കും ഇതിൽ ഒരു പ്രധാന സ്വാധീനമുണ്ട്. മനുഷ്യന്റെ ഭയം അല്ലെങ്കിൽ വ്യാകുലതയുടെ ഒരു പ്രധാന ശ്രോതസ്സ് വരുമാനം അഥവാ ജോലിയെ സംബന്ധിച്ചുള്ളതാണ്. വരുമാനം നിന്നുപോയാൽ, ജോലി പോയാലുള്ള അവസ്ഥയെപ്പറ്റി പലരും വ്യാകുലരാണ്. മതനേതൃത്വവും ഇതിനതീതരല്ല. മറ്റു മതങ്ങളിൽ, മതവിഭാഗങ്ങളിൽ, സമുദായങ്ങളിലേക്ക് ജനം ആകൃഷ്ടരാകുന്നു എന്നത് മതനേതൃത്വത്തിന് എന്നും വ്യാകുലത ഉളവാക്കുന്നതാണ്; കാരണം അത് സുരക്ഷിതത്വത്തെ ബാധിക്കുന്ന വിഷയമാണ്. അത് ദൈവത്തിലുള്ള വിശ്വാസക്കുറവുകൊണ്ടാണ്; ദൈവം എന്റെ കാര്യം നോക്കാൻ വിശ്വസ്തനാണ് എന്ന വിശ്വാസം. അതുകൊണ്ടാണ് പല നേതാക്കന്മാരും അവരറിയാതെ തന്നെ മറ്റു മതങ്ങളെ കുറ്റം പറയുകയോ, മറ്റു മതങ്ങളിലുള്ളവരെ അംഗീകരിക്കാൻ കൂട്ടാ

ക്കാതിരിക്കുകയും ചെയ്യുന്നത്. അവർ കണ്ണടച്ച് ഇരുട്ടാക്കുന്നു. എന്നാൽ ദൈവത്തിന് മുഖപക്ഷമില്ലല്ലോ; അതുകൊണ്ട് നാം നമ്മുടെ ഉപബോധമനസ്സിനെ, നാമറിയാതെ നമ്മെ നിയന്ത്രിക്കുന്ന ഉപബോധമനസ്സിനെ നിയന്ത്രിക്കാൻ ബോധപൂർവ്വമായ ശ്രമം നടത്തേണ്ടതുണ്ട്. അതല്ല എങ്കിൽ നാം കൂപമണ്ഡൂകങ്ങളെപ്പോ ലെയാകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് നാം മറ്റുള്ളവരെക്കൂടി അവരുടെ ചിന്താഗതികളെക്കൂടി ഉൾക്കൊള്ളാൻ തയ്യാറാവണം. മനുഷ്യർ തമ്മിലുള്ള സ്നേഹത്തിനും ഐക്യത്തിനും ഇതാ വശ്യമാണ്; മറ്റുള്ളവരെ ക്രിസ്തുവിനുവേണ്ടി നേടുന്നതിനും ഇതാവശ്യമാണ്.

മലയാളത്തിലൊരു ചൊല്ലുള്ളത് ''പൂച്ച എങ്ങനെ വീണാലും നാലുകാലിലേ വീഴുള്ളൂ'' അതുപോലെ മനുഷ്യർ പൊതുവെ ചിന്തിക്കുന്നത് സ്വന്ത താല്പര്യത്തിലാണ്. അപ്പൊസ്തലനായ പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നത് സ്വന്ത താല്പര്യം മാത്രമല്ല മറ്റുള്ളവരുടെ താല്പര്യം കൂടി കരുതണം എന്നതാണ്. എന്നാൽ നാം പലപ്പോഴും ചിന്തിക്കുന്നത് സ്വാർത്ഥ താൽപര്യ ത്തിലാണ്. ഇതിന് മതപുരോഹിതന്മാരും അതീതരല്ല. ചർച്ചി ലെ പുൾപിറ്റിൽ നിന്നും കേൾക്കുന്ന പ്രസംഗങ്ങൾ മിക്കവാറും ബൈബിളിലെ അഞ്ചുശതമാനത്തിൽ താഴെ വാക്യങ്ങളെ ആധാ രമാക്കിയാണ്. പലപ്പോഴും ചർച്ച് ഭംഗിയായി നടത്തിക്കൊണ്ടു പോകുന്നതിനുള്ള പ്രസംഗങ്ങളാണ് നാം കേൾക്കാറുള്ളത്. ദൈവഹിതം അറിയാൻ ചർച്ചിൽ നിന്നും കേൾക്കുന്ന പ്രസം ഗങ്ങളെ മാത്രം ആശ്രയിക്കുന്നവർ അന്ധന്മാർ ആനയെ തപ്പി നോക്കി മനസ്സിലാക്കിയതുപോലെയായിരിക്കും. അതുകൊണ്ട് ശരിയായ രീതിയിൽ നാം ദൈവവചനം മനസ്സിലാക്കുന്നതിന് ദിവസവും വേദപുസ്തകം ക്രമമായി വായിക്കുന്നവരായിരിക്ക ണം. കർത്താവിന്റെ വരവ് വളരെ സമീപമായിരിക്കുന്നു അത് ഈ തലമുറയിൽ തന്നെ നടക്കും എന്നതാണ് ലോകസംഭവങ്ങൾ വിളിച്ചറിയിക്കുന്നത്. നമുക്ക് നമ്മെത്തന്നെ കർത്താവിന്റെ വര വിനായി ഒരുക്കി കാത്തിരിക്കാം. അതോടുകൂടി കർത്താവിന്റെ വരവിനായി വഴി ഒരുക്കുന്നവരുമായിരിക്കാം.

## എഴുത്തുകാരനെ പരിചയപ്പെടുക

നൈനാൻ മാത്തുള്ള 1956 ഫെബ്രുവരി 15-ാം തീയതി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ ജനനം. 1977 മെയ് മാസത്തിൽ എസ്. ബി. കോളേജ് ചങ്ങനാശ്ശേരിയിൽ നിന്നും ബി. എസ്സ്. സി. ബിരുദം, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ (CUSAT) നിന്നും 1980-ൽ ഇൻഡസ്ട്രിയൽ ഫിഷറീസിൽ എം. എസ്സ്. സി. ബിരുദം. 1985-ൽ അമേരിക്കയിലേക്ക് കുടിയേറുന്നു. ഹൂസ്റ്റണിൽവെച്ച് 1986-ൽ വിവാഹിതനാകുന്നു. ഭാര്യ മേഴ്സി. യൂണിവേഴ്സിറ്റി ഓഫ് ടെക്സാസിൽ നിന്ന് 1990-ൽ ബിരുദം. മൈക്രോബയോളജിസ്റ്റായി പൊതുജനാരോഗ്യവകുപ്പിൽ ഔദ്യോഗിക സേവനം 2018 വരെ. ദൈവകൃപയാൽ അഞ്ചു പുസ്തകങ്ങൾ മുമ്പ് പ്രസിദ്ധം ചെയ്തു. മെറ്റാമോർഫോസിസ് ഓഫ് ആൻ എതീസ്റ്റ്, ബൈബിളിന്റെ ദൈവികത, വിമർശനങ്ങൾക്കുള്ള മറുപടി, ഒരു നിരീശ്വരവാദിയുടെ രൂപാന്തരം, ഏക് നാസ്തിക് കാ രൂപാന്തരൺ, ഉപാസന - ദൈവം പ്രസാദിക്കുവാൻ എന്നിവയാണ് കൃതികൾ. ഈ പുസ്തകങ്ങൾ O.M. ബുക്സിൽ ലഭ്യമാണ്. ഹൂസ്റ്റണിലുള്ള സൗത്ത് ഹൂസ്റ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 2019-ൽ ബൈബിൾ പഠനം പൂർത്തിയാക്കി. ജോലിയിൽ നിന്നും വിരമിച്ചശേഷം കൂടുതൽ സമയവും തന്റെ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കുന്നു. മക്കൾ: ജെറി, ജോയൽ.

# Bibliography

Achtemeier, Paul J. *Harper's Bible Dictionary*. NewDelhi, India, Theological Publications in India, 1985.

al-Tabari. *The History of Al-Tabari vol III*. Albany, NY, State University of New York Press, 1991.

Aprem, Dr. Mar. *Paurasthiya Sabhacharithrapravesika*. Tiruvalla, Kerala, The Theological Literature Council, 1976.

Archer, Gleason. *Encyclopedia of Bible Difficulties*. Grand Rapids, Michigan,Zondervan, 1982.

Armstrong, Herbert W.*The United States and British Commonwealth in Prophecy*. Pasadena, CA,Ambassador College Press, 1967.

Asimov, Isaac. *Asimov's Guide to the Bible*. New York, NY, Wings Books, 1968.

Ausubel, Nathan. *Pictorial History of Jewish People*. New York, NY, Crown Publishers,1953.

Axworthy, Michael . *A History of Iran*. New York, NY, Basic Books, 2008.

Baker, Simon. *Ancient Rome*. London, UK, BBC Books, 2007.

Balakrishnan, PK. *Jathi vyavasthayum Kerala Charithravum*. Kottayam, Kerala, National Book Stall, 1983.

Bamford, James. *Body of Secrets*. New York, NY, Doubleday, 2001.

Bennett, Linda A. *Encyclopedia of World Cultures vol 4*. Europe. New York, NY, G.K Hall & Co, 1992.

Bentley, Jerry H. *Traditions and Encounters*. New York, NY, McGraw Hill,2008.

Bradford, Ernle. *Thermopylae*. Cambridge, MA, Da Capo Press, 1980.

Bunce, William K. *Religions in Japan*. Rutland, Vermont, Charles E. Tuttle Co., 1955.

Capt, E Raymond . *Missing Links Discovered - in Assyrian*

BIBLEVERSE COMMUNICATIONS BVP

*Tablets*. Muskogee,Okhlahoma, Artisan Publishers,2004.

Caroe, Olaf. *The Pathans*. New York, NY, St Martin's Press, 1958.

Carpenter, Frances. *Caribbean Lands*. New York, NY, American Book Company,1950.

Casson, Lionel . *Mysteries of the Past*. New York, NY, American Heritage Publishing Co.Inc.

Chadwick, Nora . *The Celts* . London, UK, Penguin Press, 1991.

Cheeran, Fr. Dr. Joseph. *Indian Orthodox sabha charithra vijanakosam (Malayalam)*. Kottayam, Kerala, Kottackal Publishers,2007.

Chevalier, Jean. *Dictionary of Symbols*. New York, NY, Penguin Books, 1996.

Cleary, Thomas. *Code of the Samurai*. Rutland, Vermont, Tuttle Publishing, 1999.

Collins, Larry. *O Jerusalem*. New York, NY, Simon & Schuster, 1988.

Comrie , Bernard. *The Atlas of Languages*. London, England, Quarto Inc., 2003.

Cox, Wade. *Table of Nations- Sons of Shem, Ham Japheth*. www.ccg.org, Australia, Christian Churches of God, 2008.

Cox, Wade. *The Genetic Origin of Nations*. Woden Act, Australia,Christian Churches of God, 2007.

Cunliffe, Barry . *The Ancient Celts*. New York, NY,Oxford University Press, London 1997.

Current, Richard N. *American History*. New York, NY, Alfred A Knoppe, 1979.

Dalal, Roshen. *The Vedas*. Gurgaon, Haryana, India, Penguin Books, 2014.

Darms, Anton. *The Delusion of British Israelism*. New York, NY, The Bible Truth Press.

Davidson, James West. *American Nation*. New Jersey, NJ,

BIBLEVERSE COMMUNICATIONS BVP

Pearson Prentice Hall, 2003.

Davidson, James Dale. *The Age of Deception*. Delray Beach, FL, Delray Beach Publishing, 2015.

Deutscher, Guy. *The Unfolding of Language.* New York, NY, Henry Holt and Co.,2005.

Dimashqi, Al-Hafiz Ibn Katheer . *Book of the End*. Houston, USA, Darussalam, 2006.

Dothan, Trude. *People oof the Sea*. New York, NY, Macmillan Publishing Company, 1992.

Durant, Will. *Our Oriental Heritage*. New York, NY, Simon & Schuster, 1954.

Ellis, Peter Beresford . *The Celts- a History.* Philadelphia, PA, Running Press, 2004.

Endo, Shusaku. *The Samurai*. New York, NY, New Directions Publishing, 1923.

Eusebius. *Eusebius The Eclessiastical HistoryI & II*. London, UK, William Heinemann Ltd.

Famighetti, Robert (editor). *World Almanac 2000*. Mahwah, NJ, World Almanac Books, 2000.

Flanders, Henry Jackson. *People of the Covenant- An Introduction to OT*. London,UK, Oxford University Press, London, 1996.

Friedrich, Johannes. *Extinct Languages*. New York, NY, Dorset Press, 1989.

Fromkin, David. *Kosovo Crossing*. New York, NY,The Free Press, 1999.

Fry, Plantagenet Somerset. *Kings and Queens of England and Scotland*. New York, NY, DK Publishing, Inc.,1999.

Gat, Azar . *Nations- Roots.* New York, NY, Cambridge University Press, 2012.

Gellner, Ernest. *Nations and Nationalism*. Ithaca, NY, Cornell University Press, 1983.

Gobineau, J.-A. de .*The World of the Persians*. Barcelona,

Spain, Minerva, 1971.

Graves, Robert & Raphel Patai. *Hebrew Myths- The Book of Genesis*. Random House Value Publishing,1986.

Hagee, John. *Final Dawn over Jerusalem*. Secunderabad, India, Ben Publishing, 1998.

Hansen, Vaughn E . *Israel's Lost Ten Tribes*. Springville, UT, Cedar Fort Inc., 1993.

Herbermann, Charles(editor). *The Catholic Encyclopedia*. New York, NY, The Encyclopedia Press,1913.

Herodotus. *Herodotus Histories*. New York, NY, Penguin Books, 2003.

Hirsh, Jr, E.D .*The Dictionary of Cultural Literacy*. Boston, USA, Houghton Mifflin Co, 1988.

History Research Projects, *The Origin of Nations- in search of.* LaVergne, TN, 1st Book Library, 2003.

Hitti, Philip. *The Near East in History.* Princeton, NJ, D. Van Nostrand Company, Inc., 1961.

Hitti, Philip K *History of the Arabs.* London, UK. Macmilla & Co. 1953.

Howard, Michael . *Secret Societies*. Rochester, Vermont, Destiny Books,1989.

Howard Jr, David M. *Introduction to the OT Historical Books*. Chicago, USA, Moody Press, 1992.

Jerome , St.. *The New Jerome Bible Commentary*. Bangaloore, India, Theological Publications in India, 2007.

Jerome , St.. *The Jerome Bible Commentary*. Englewood liffs, NJ, Prentice Hall Inc., 1968.

John, K C . *Bible Oru Charithrapadanam*. Kottayam, Kerala, Good News Publications, 1987.

Johnson, Ken. *Ancient Post Flood history*. Create Space Publishing, 2010.

Josephus trans by William Whiston. *Josephus*. Peabody, MA, Hendrickson Publishers,1987.

Joudallh, Fatima. *Syria Source of Civilization*. Damascus, Syria, Dar al-Hassad, 2004.

Kaplan , Robert D . *Balkan Ghosts*. New York, NY, Vintage Books, 1994.

Kapuscinski, Ryszard . *Travels with Herodotus*. New York, NY, Vintage International, 2008.

Kelly, Christopher. *The End of Empire*. W W Norton & Company, 2009.

Kephart, Calvin. *Races of Mankind- their origin and migration*. New York , NY, Philosophical Library, Inc., 1960.

Khorenatsi, Moses . *History of Armenians*. Cambridge, MA, Harward University Press, 1978.

Korda, Michael. *Lawrence of Arabia*. New York, NY, Harper Perennial, 2010.

Kurlansky, Mark . *Basque History of the World*. New York, NY, Penguin Press, 2001.

LaRouche, edited by Helga Zepp-.*The Hitler Book*. New York, NY, New Benjamin Franklin House, New York,1984.

Levinson, David . *Ethnic Groups Worldwide*. Phoenix, AZ, Oryx Press, 1998.

Lewis, John . *Religions of the World Made Simple*. Garden City, NY, Doubleday & Co, 1968.

Man, John . *Genghis Khan*. New York, NY, Thomas Dunne Books, 2004.

Marozzi, Justin. *Tamerlane*. Cambridge, MA, DA Capo Press, 2006.

Mathews, Warren. *World Religions*. Belmont, CA, Thomson Wadswort h,2004.

Mathulla, Ninan. *Upasana*. Stafford, Texas, BV Publishing, 2015.

Mazour, Anatole. *Men and Nations*. New York, NY, Harcourt Brace Jovanovich, Inc., 1971.

McWhorter, John H . *The Power of Babel*. New York, NY, Perennial, 2003.

Munir, M. *The Age of Deception*. San Bernardino, CA, Munir M, 2015.

Myers, Bernard S. *Art and Civilization*. New York, NY, McGraw Hill, 1967.

Newton, Sir Isaac . *Newton's Revised History of ancient Kingdoms.* Green Forest, AR, Master Books, 2009.

Newton, Isaac. *Observation Upon the Prophecies of Daniel and the Apocalypse of St. John*. Lexington, KY. Renaissance Classics, 2014.

Noblecourt, Christiane Desroches-. *Tutankhamen*. New York, NY, New York Graphic Society,1963.

Olson, Steve. *Mapping Human History*. Boston, NY, A Mariner Book, 2003.

Oster, Nicholas. *Empires of the World -a language history*. New York, NY, Harper Perennial, 2005.

Pareti, Luigi. *History of Mankind Vol II* . London, UK,Geor ge Allenand Unwin Ltd, 1965.

Parrinder, Geoffrey. *Encountering World Religions*. New York, NY, The Crossroad Publishing Co, 1987.

Pawson, David. *Come With Me Through Revelation*. Travelers Rest, SC. True Potential Publishing, 2008.

Payaslian, Simon. *The History of Armenia*. New York, NY, palgrave macmillan, 2007.

Philips , Graham and Martin Keatman. *King Arthur the True Story*. London, UK, Random House, 1992.

Pike, Albert . *Morals and Dogma of the Scottish Rite of Freemasonry*. Mansfield Centre, CT, Martino Publishing, 2011.

Pike, Albert . *The Book of Words*. Lexington, KY, Bravo Ebooks, 2017.

Plutarch. *On Sparta*. New York, NY, Penguin Books, 1988.

Raj, M.A. *Islam's Conflict with the West*. Winona Lake, Indiana , Baker Trittin Press, 2005.

Read, Piers Paul . *The Templars*. Cambridge, MA, Da Capo

BP BLUEROSE COMMUNICATIONS

Press, 2001.

Reader's Digest. *The World's Last Mysteries*. New York, NY, The Reader's Digest Association, Inc., 1978.

Roman, James (editor). *The Landmark Arrian- The Campaign of Alexander*. New York, NY, Anchor Books, 2010.

Room, Adrian. *Place Names of the World*. Jefferson, NC, McFarland & Company,Inc,1996.

Russel, Omana. *Charithravum Kaanapuranghalum* (Malayalam). Kalady, Kerala, Cochin Books,2009.

Rybakov, Boris. *Kievian Rus*. Moscow, Russia, Progress Publishers,1989.

Shelburne, G.B. *Revelation-Study Notes*. South Houston, USA, South Houston Bible Institute, Houston.

Singh, Khushwant. *The Sikhs*. London, UK, George Allen &Unwin Ltd, 1953.

Smith, Anthony D. *National Identity*. Reno, Nevada, University of Nevada Press, 1993.

Smith, Anthony D . *The Ethnic Origins of Nations*. Cambridge, MA, Blackwell, 1987.

Smith, Huston . *The World Religions*. New York, NY, Harper one,1991.

Smith, Anthony D. *The Nation in History*. Hanover, NH, University Press of New England, 2000.

Sora, Steven . *Secret Societies of America's Elite*. Rochester, Vermont, Destiny Books, 2003.

Sousah, Dr. Ahmad. *Arabs and Jews in History*. Damaaascus, Syria, Al-Arabi Publisher.

Sreedharamenon, A. *Kerala Charithram*. Kottayam, India, DC Books, 2007.

Sreedharamenon, A. *India Charithram*. Kottayam, India, DC Books, 2008.

Steinberg, Jeffrey(editor). *The True Story Behind the Fall of House of Windsor*. Washington, DC, EIR News Service, 1997.

Tanner, Marcus. *Croatia- a nation forced in war*. Yale, USA, Yale Nota Bene, 2001.

Toynbee, Nevill Forbes, Arnold J. *The Balkans*. London, England, Oxford University Press, London, 1915.

Unger, Merril F. *The New Ungher's Bible Dictionary*. Chicago, IL, Moody Press, 1966.

Usher, James. *Annals of the World*. Green Forest , AZ, Master Books, 2005.

Waddell, L.A. *Makers of Civilization in Race and History*. Hollywood, CA, Angriff Press, 1929.

Waite, A E. *The Holy Kabbalah*. Secaucus,NJ, Citadel Press.

Walvood, John F. *The Nations in Prophecy*. Grand Rapids, Michigan, Zondervan, 1967.

Wasserman, James . *The Templars and Assassins*. Rochester, Vermont, Inner Traditions, 2001.

Watson, Jane Werner. *Iliad and the Odyssey*. New York, NY, Simon and Schuster.

Webster, Nesta H . *Secret Societies*. Buffalo, NY, Eworld Inc, 1998.

Wernick, Robert . *The Monument Builders*. Alexandria, Virginia, Time-Life Books, 1973.

Wikipedia. *World Map of Y-Chromosome haplogroups*. online, Wikipedia.

Wilson , Andrew. *Ukranians*. New Haven, USA, Yale University Press, 2002.

Yamani, Mai. *Cradle of Islam*. New York, NY, I.B. Tauris, 2004.

*Library of Congress Country Studies*. Washington, USA, Library of Congress, 1989.

*Cimmerian*. Online, USA, Wikepedia.

*Thompson Chain Ref Bible*. Bangaloore, India, The Bible Society of India, 1988.

*Orthodox Study Bible*. Thomas Nelson, 2008.

## ഗ്രന്ഥകാരന്റെ മറ്റു പുസ്തകങ്ങൾ

- Metamorphosis of an Atheist:
  A Life Journey to the Truth
- ഒരു നിരീശ്വരവാദിയുടെരൂപാന്തരം
  സത്യാന്വേഷണ പരീക്ഷണങ്ങൾ
- एक नास्तिक का रूपान्तरण
  सत्य की ओर एक जीवन यात्रा
- ബൈബിളിന്റെ ദൈവീകത
- ഉപാസന

### പുസ്തകങ്ങൾ ആവശ്യപ്പെടേണ്ട വിലാസം

**Mr. K.N. Russel, Christhavachintha**
Mesh Computers, Chelamattom
Okkal P.O, Ernakulam Dt.,Kerala 683550
Phone: 944 657 1642

www.bvpublishing.org
email:bibleversecoms@aol.com
Phone: (281) 499-8470

OM Books
www.christianstore.in

BIBLE VERSE COMMUNICATIONS
BVP

## സമീപഭാവികാല സംഭവങ്ങൾ

മനുഷ്യചരിത്രത്തിന്റെയും ഭാവികാല പ്രവചനങ്ങളുടെയും ഏറ്റവും പുരാതന രേഖയാണ് ബൈബിൾ. ശാസ്ത്രം അവകാശപ്പെടുന്നതുപോലെ മനുഷ്യൻ പരിണാമം മൂലം ഉടലെടുത്ത ഒരു ജീവിയല്ല. ജീവന് അനുകൂലമായ സാഹചര്യം ഭൂമിയിലെല്ലായിടത്തും നിലവിലിരുന്നതുകാരണം പരിണാമമായിരുന്നെങ്കിൽ മനുഷ്യനോടു സാമ്യമുള്ള ജീവികൾ ഭൂമിയിൽ പലസ്ഥലത്തും ഒരേസമയത്ത് പ്രത്യക്ഷപ്പെടണമായിരുന്നു. ഇന്നുള്ള മനുഷ്യരെല്ലാം ബൈബിൾ പറയുന്നതുപോലെ ഒരേ മാതാപിതാക്കളിൽ നിന്ന് ജന്മമെടുത്തിട്ടുള്ളവരാണെന്ന് ശാസ്ത്രം സമ്മതിക്കുന്നു.

മനുഷ്യചരിത്രം ചിലർ തങ്ങളുടെ പേര് വലുതാക്കാൻ തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി കെട്ടിപ്പടുത്ത സാമ്രാജ്യങ്ങളുടെ ചരിത്രമല്ല. മനുഷ്യചരിത്രം ബൈബിളിലെ പ്രവചനങ്ങൾ അനുസരിച്ച് സംഭവിച്ചിട്ടുള്ളതാണ്, കാരണം ദൈവത്തിന്റെ വിരലുകളാണ് ചരിത്രം എഴുതുന്നത്. ഭൂതകാലസംഭവങ്ങൾ പ്രവചനമനുസരിച്ചായിരുന്നെങ്കിൽ ഭാവികാലസംഭവങ്ങളും അതേ പ്രവചനം പോലെ തന്നെ സംഭവിക്കും... എന്നാൽ പ്രവചനങ്ങൾ രേഖപ്പെടുത്തുമ്പോൾ, ഭാവികാല സംഭവങ്ങൾ രേഖപ്പെടുത്താൻ ഭാഷയിൽ വാക്കുകൾ ലഭ്യമല്ലാത്തതിനാൽ പ്രവാചകന്മാർ ഭാവികാല സംഭവങ്ങൾ പ്രതീകാത്മകമായി രേഖപ്പെടുത്തിയിരിക്കുന്നു ബൈബിളിൽ. ആ പ്രതീകങ്ങളുടെ, രഹസ്യങ്ങളുടെ ചുരുളഴിയുകയാണ് ഇവിടെ. അതിലേക്ക് ഒരു എത്തിനോട്ടമാണ് ഈ പുസ്തകം.

ഇതുവരെ അനുവാചകർക്ക് പരിചയമില്ലാത്ത പലതും ഈ വ്യാഖ്യാന പുസ്തകത്തിൽ കണ്ടുവെന്നു വരാം. അവ ചിലരെ, ആശങ്കയുടെ മുൾമുനയിൽ നിർത്താം; മറ്റു ചിലരെ ജിജ്ഞാസയുടെ കൊടുമുടിയിൽ കയറ്റാം; വേറെ ചിലരെ സംശയങ്ങളുടെ ആഴക്കയത്തിലേക്ക് മുക്കിത്താഴ്ത്താം... ചില വിഷയങ്ങൾ ശ്വാസം അടക്കിപ്പിടിച്ചിരുന്ന് വായിക്കാനേ കഴിയൂ.

ഡോ. മാർസലിൻ ജെ. മൊറയ്സ്

BIBLE VERSE COMMUNICATIONS
BVP
www.bvpublishing.org